സംസ്കൃത പാരായണവും ഭാഗവതാദ്ധ്യായങ്ങളും

പി. ആർ. അയ്യർ

Samskruta Paaraayanavum Bhaagavataadhyaayangalum
(Malayalam)

by **P. R. Iyer**
iyerpr49@gmail.com
9892534602

First Impression : February 2016

copy right to author

All rights reserved

No part of this publication may be reproduced, transmitted or stored in a retrieval system, in any form or by any means, electronic, mechanical, photocopying, recording or otherwise, without the prior permission of the publisher.

The moral right of the author has been asserted.

This book is sold subject to the condition that it shall not, by way of trade or otherwise, be lent, resold, hired out, or otherwise circulated, without the publisher's prior consent, in any form of binding of cover other than that in which is published.

MRP ₹ 200/-

Index

1. ലക്ഷ്യം
2. സംസ്കൃത പദ്യങ്ങളുടെ പാരായണവിധികൾ
3. ഭാഗവതത്തിന്റെ ശൈലിയും ശാസ്ത്രീയതയും
4. ഭാഗവതത്തിലെ ബ്രാഹ്മണ മേധാവിത്വം
5. ഭാഗവതത്തിലെ വൃത്തങ്ങളും അലങ്കാരങ്ങളും
6. ഭാഗവതത്തിലെ അദ്ധ്യായങ്ങൾ

എസ്. ബി. = ശ്രീമത് ഭാഗവതം
എസ്. എം. എസ്. = സ്വായംഭുവ മനുവും ശതരൂപയും

Dedicated

to

Bhagavatam Students & Devotees

1. ലക്ഷ്യം

പൊതുവായി സംസ്കൃത പാരായണത്തെ സഹായിക്കുകയും ഭാഗവത മൂലത്തിലെ അദ്ധ്യായങ്ങളെ സംക്ഷിപ്തമായി അറിയിക്കുകയുമാണ് ഈ അവതരണത്തിന്റെ ലക്ഷ്യം.

★★★

2. സംസ്കൃത പദ്യങ്ങളുടെ പാരായണവിധികം

2 എ: സംസ്കൃതപദ്യങ്ങൾ ഏതായാലും പാരായണ വിധിയിൽ സാരൂപ്യമുണ്ട്. വിഷ്ണുസഹസ്രനാമമായാലും ലളിതാസഹസ്ര നാമമായാലും സൗന്ദര്യലഹരിയായാലും നാരായണീയമായാലും ഭാഗവതമായാലും പാരായണവിധിയിൽ മാറ്റമില്ല. സംസ്കൃതപ ദ്യങ്ങൾ അടിയുറപ്പുള്ള വൃത്തലക്ഷണപ്രകാരം രചിച്ചിട്ടുള്ളതാ ണ്. ലഘുവും ഗുരുവുമായ അക്ഷരങ്ങളുടെ ചട്ടപ്രകാരമുള്ള കൂട്ടായ്മയാണ് വൃത്തങ്ങൾ. സന്ധികളെ പിരിച്ച് പാരായണം ചെയ്യുമ്പോളും ലഘുക്കളെ ഗുരുവായും ഗുരുക്കളെ ലഘുവായും പാരായണം ചെയ്യുമ്പോളും വൃത്തഭംഗം സംഭവിക്കുന്നു. കൂട്ട ത്തിൽ അനാദരവും. അതിനാൽ സമ്യക്പാരായണത്തിന് അവ ശ്യമായവയെ താഴെ ശ്രദ്ധിക്കാം.

2ബി: വൃത്തഭംഗരഹിത പാരായണം

2സി: 'ഹ' എന്ന അക്ഷരത്തിന്റെ ഉച്ചാരണം നാഭിയുടെ ചലനത്തോടെ കണ്ഠത്തിൽ നിന്നും നിർഗ്ഗമിക്കണം. പൂർണ്ണവിസർഗ്ഗത്തിന്റെ ഉച്ചാരണമായ 'ഹ' 'ഹി' 'ഹു' എന്നിവ നാഭി ചലിക്കാതെ ഒതുങ്ങിയ കണ്ഠത്തിൽ നിന്നും നിർഗ്ഗമിക്കണം.

അർദ്ധവിസർഗ്ഗങ്ങളുടെ സ്ഥാനാധിഷ്ഠിതമായ ഉച്ചാരണം. അതിനുള്ള ചട്ടങ്ങൾ താഴെ.

2സി1: വിസർഗ്ഗത്തിനുശേഷം ക്, ഖ്, പ്, ഫ് ഇവ വന്നാൽ വിസ ർഗ്ഗത്തിന്റെ ഉച്ചാരണം 'ഹ്'

2സി2: വിസർഗ്ഗത്തിനുശേഷം ച്, ഛ് ഇവ വന്നാൽ വിസർഗ്ഗ ത്തിന്റെ ഉച്ചാരണം 'ശ്'

2സി3: വിസർഗ്ഗത്തിനുശേഷം ട്, ഠ് വന്നാൽ വിസർഗ്ഗത്തിന്റെ ഉച്ചാരണം 'ഷ്'

2സി4: വിസർഗ്ഗത്തിനുശേഷം ത്, ഥ് ഇവ വന്നാൽ വിസർഗ്ഗത്തിന്റെ ഉച്ചാരണം 'സ്'

2സി5: വിസർഗ്ഗത്തിനുശേഷം ശ്, ഷ്, സ് ഇവ വന്നാൽ വിസർഗ്ഗത്തിന്റെ ഉച്ചാരണം ശ്, ഷ്, സ്

2ഡി: സംസ്കൃതത്തിൽ 'അനചിച' എന്ന സൂത്രപ്രകാരം സ്വരത്തിൽ നിന്നും പരമായ സംയോഗത്തിനൊക്കെയും ദ്വിത്വം വരും.

സൂര്യപ്രകാശം എന്ന വാക്ക് ഉച്ചരിക്കുമ്പോൾ സൂര്യ എന്നതിനും പ്രകാശം എന്നതിനും ഇടയ്ക്ക് കേറിവരുന്ന പ് എന്നത് മേൽസൂത്രത്തിനുദാഹരണമാണ്.

2ഇ: സംസ്കൃതത്തിൽ അന്ത്യവ്യഞ്ജനം പരപദാദിയിൽ ചേർന്നിട്ടേ ശ്രവിക്കുകയുള്ളൂ. അവസാനത്തിലായാൽ തെളിയാതെ തന്നെ നിൽക്കും.

2എഫ്: സംസ്കൃത സന്ധി പ്രകാരം ചെറിയ വട്ടമെഴുതി സൂചിപ്പിക്കുന്ന അനുസ്വാരം അതുകഴിഞ്ഞു വരുന്ന വർഗ്ഗത്തിന്റെ അനുനാസികമായി മാറുന്നു.

2ജി: The symbols ∫ appearing in Sanskrit lines are called PRASLESHA. This comes due to the Sanskrit Sandhi rules. Example. Ramo∫ham is Rama : + aham. So Ramo∫ham is either Ramaha aham OR Ramoham. But never Ramo Aham.

രാധാസഹായമതിസുന്ദരമന്ദഹാസം എന്ന പതിനാല് അക്ഷരത്തിന്റെ പാദം 'തഭജജഗംഗ' എന്ന ലക്ഷണപ്രകാരമുള്ള വസന്തതിലകം വൃത്തത്തിലാണ് രചിച്ചിട്ടുള്ളത്. അതിനെ രാധാസഹായം അതിസുന്ദര മന്ദഹാസം എന്ന് പാരായണം ചെയ്യുമ്പോൾ വൃത്തവും ശ്രവണസുഖവും നഷ്ടപ്പെട്ട ഒരു വരിയായി മാറുന്നു. പ്രചാരത്തിലുള്ള ഒരേ ഒരു പ്രസിദ്ധീകരണത്തിൽ ഈ ദോഷം അച്ചടിച്ച് കാണുന്നുമുണ്ട്.

പ്രാഥമിക തലത്തിൽ പാരായണം ചെയ്യാൻ പ്രയോജനപ്പെടുന്ന അസംസ്കൃത ശൈലിയിൽ നിന്നും നാരായണീയ, ഭാഗവത പാരായണം സംസ്കൃതശൈലിയിലേക്ക് ഉയരണം. അതാണ് നാം വരുംതലമുറയ്ക്ക് കൈമാറേണ്ടത്. അതിനുവേണ്ട ഉപാധികളാണ് 2എ മുതൽ 2ജി വരെ.

★★★

3. ഭാഗവതത്തിന്റെ ശൈലിയും ശാസ്ത്രീയതയും

പടിപടിയായി കഥാപാത്രങ്ങളെ പരിചയപ്പെടുത്തി അവരുടെ കഥകൾ പറഞ്ഞ് മുന്നോട്ടുപോകുന്ന ഒരു അച്ചടക്കശൈലി ഭാഗവതത്തിലില്ല. മഹാഭാരതം എന്ന കൃതി പഠിച്ച് അതിലെ കഥാപാത്രങ്ങളെ പരിചയമുള്ളവരാണ് ഭാഗവതം പഠിക്കുന്നത് എന്ന ഒരു നിഗമനത്തോടെയാണ് ഭാഗവതം അവതരിപ്പിച്ചിരിക്കുന്നത്. അതിനാൽ അത്തരം വ്യക്തികളെ ആദ്യം പരിചയപ്പെടാം.

ഭാഗവതം രചിച്ചത് വ്യാസൻ. വ്യാസന്റെ പുത്രന്മാരാണ് പാണ്ഡുവും ധൃതരാഷ്ട്രനും. പാണ്ഡുവിന്റെ പുത്രന്മാരാണ് യുധിഷ്ഠിരൻ, ഭീമൻ, അർജ്ജുനൻ, നകുലൻ, സഹദേവൻ എന്നിവർ. പാണ്ഡവരും ധാർത്തരാഷ്ട്രന്മാരുമായി രാജ്യാവകാശ തർക്കം മൂലം നടന്ന ഭീകരയുദ്ധമാണ് മഹാഭാരതയുദ്ധം. അർജ്ജുനന്റെ അളിയനാണ് കൃഷ്ണൻ. അർജ്ജുനന്റെ മകനാണ് അഭിമന്യു. അഭിമന്യുവിന്റെ ഭാര്യ ഉത്തര. ഉത്തരയുടെ മകൻ പരീക്ഷിത്ത്. ചുരുക്കത്തിൽ വ്യാസന്റെ കുടുംബാംഗങ്ങളാണ് മേൽവ്യക്തികളെല്ലാവരും.

സൂതൻ എന്നാൽ കഥാപ്രാസംഗികൻ എന്നാണർത്ഥം. ഭാഗവതത്തിലെ സൂതന്റെ പേര് ഉഗ്രശ്രവസ് എന്നാണ് എന്നത് 10.78.37ലാണ് കാണുന്നത്. എന്നാൽ തുടക്കം മുതൽതന്നെ സൂത ഉവാചഉണ്ടുതാനും.

തുടക്കത്തിൽതന്നെ കാണുന്ന ശൗനകൻ സദസ്സിലെ ഒരു വ്യക്തിയാണ്. ഇദ്ദേഹം ആരാണെന്ന് കാണാൻ 9.17.3 നോക്കണം.

വ്യാസന്റെ ശൈലിയിൽ കുറച്ച് എന്നതിന് 100, കുറെ അധികം എന്നതിന് 10000, അനേകം എന്നതിന് ലക്ഷങ്ങൾ എന്നൊക്കെ കാണും. ഇതെല്ലാം കവിസ്വാതന്ത്ര്യത്തിന്റെ ഭാഗമാണ്.

അടുക്കും ചിട്ടയുമില്ലാതെ നീട്ടിവലിച്ച് എഴുതുന്നതാണ് ഭാഗവതത്തിന്റെ ശൈലി. ഒന്നാം സ്കന്ധത്തിൽ കഥാപാത്രങ്ങളെ പാഠകന് പരിചയപ്പെടുത്താതെ അവരെപ്പറ്റി ഒന്നിനൊന്ന് സംബന്ധമില്ലാത്ത കുറെ ഒറ്റപ്പെട്ട സംഭവങ്ങൾ നിരത്തിയിട്ടുണ്ട്.

ഒരു സ്കന്ധത്തിൽ പറഞ്ഞ വിഷയത്തെ മറ്റ് സ്കന്ധങ്ങളിൽ ആവർത്തിക്കുക, ഒരുകൂട്ടം ആളുകളുടെ പേരുകൾ ആവർത്തിക്കുമ്പോൾ വ്യത്യാസം വരുത്തുക തുടങ്ങിയവ ഭാഗവതശൈലിയാണ്.

ദേവന്മാർ എന്ന പദം ഉപയോഗിച്ചിരിക്കുന്നത് ആരെ ഉദ്ദേശിച്ചാണ്, അവർക്ക് ദൈവീകഗുണങ്ങൾ എന്തുകൊണ്ടു കാണുന്നില്ല, ആരാണ് അസുരന്മാർ, സൽഗുണസമ്പന്നരായ അസുരന്മാർ എന്തിന് ശിക്ഷിക്കപ്പെടുന്നു, നല്ലവരെ കൊല്ലുന്നവർ ഭഗവാന്റെ അവതാരമാണെന്ന് എന്തിന് ഭാഗവതത്തിൽ കാണിക്കുന്നു, നീചനും ക്രൂരനുമായ ഇന്ദ്രനെ ഭഗവാന്മാർ എന്തുകൊണ്ട് ശിക്ഷിക്കുന്നില്ല, ഭഗവാന്റെ അവതാരങ്ങൾ എന്ന് ഭാഗവതത്തിൽ വിശേഷിപ്പിക്കുന്ന വ്യക്തികൾ എന്ത് സൽപ്രവൃത്തിയാണ് ചെയ്തത് എന്നു തുടങ്ങിയ ചോദ്യാവലിക്ക് ഭാഗവതത്തിൽ പ്രത്യക്ഷമായ ഉത്തരങ്ങളില്ല. **5000 വർഷം മുമ്പുണ്ടായിരുന്ന ചാതുർവർണ്ണ വ്യവസ്ഥിതിയിൽ അധിഷ്ഠിതമാണ് മേൽ സംഭവങ്ങൾ**.

അതിഭീകരമായ കുരുക്ഷേത്ര യുദ്ധത്തിൽ കൃഷ്ണനുള്ള പങ്ക് ഭാഗവതത്തിൽ കാണുന്നില്ല. ഭഗവത്ഗീതയുടെ വക്താവ് കൃഷ്ണനാണെന്ന് ഭാഗവതത്തിൽ കൊടുത്തിട്ടില്ല. എന്നാൽ മഹാഭാരതം എന്ന പുരാണത്തിലെ അനേകം സംഭവങ്ങൾ ഭാഗവതത്തിലുണ്ടുതാനും.

രാധ എന്ന സ്ത്രീയെപ്പറ്റി ഭാഗവതത്തിൽ യാതൊരു പരാമർശവുമില്ല. വളരെ പ്രശസ്തമായ രാധാകൃഷ്ണ സംഗമം ഭാഗവതത്തിന്റെ ഭാഗമല്ല. **അയ്യപ്പനെ പറ്റി ഭാഗവതത്തിൽ ഒരു പരാമർശവുമില്ല.**

കുന്തിയുടെ യോനി ദുഷിപ്പിക്കാതെ ആദിത്യഗ്രൂപ്പിലെ ഒരാൾ കുന്തിയുമായി മൈഥുനം നടത്തിയെന്നും അതിനാൽ അവൾ

സൂര്യപ്രഭയുള്ള ഒരു കുട്ടിയെ പ്രസവിച്ചു എന്നുമെല്ലാം 9.24ലെ 34, 35 എന്നീശ്ലോകങ്ങളിൽ കാണുന്ന കുട്ടിയാണ് കർണ്ണൻ. അതേ പോലെ 9.24.55ൽ വസുദേവന്റെ എട്ടാമത്തെ പുത്രന്റെ പേര് കൃഷ്ണൻ എന്നാണ്.

ഭാഗവതത്തിലെ ഒരു പ്രധാന കഥാപാത്രമായ ഉദ്ധവൻ കൃഷ്ണന്റെ കസിനും മൈത്രേയൻ എന്നയാൾ യജുർവ്വേദ ആചാര്യനായ യാജ്ഞവൽക്യനാണെന്നും മനസ്സിലാകുന്നു.

5000 വർഷങ്ങൾക്കു മുമ്പുതന്നെ നമ്മുടെ പൂർവ്വികർക്ക് ജ്യോതിശാത്രം (Astronomy) **ഭൂതത്വശാസ്ത്രം** (Geology), **ഭൂമിശാസ്ത്രം** (Geography), **ബീജസങ്കലന രീതികൾ** (Insemination Methods), **ഗർഭാവസ്ഥ** (Pregnancy) **ഇവയിൽ നൈപുണ്യമുണ്ടായിരുന്നു എന്ന് ഭാഗവതത്തിൽ നിന്നും മനസ്സിലാകുന്നു.**

ദിതി, അദിതി എന്നീരണ്ടു സഹോദരിമാരിൽ കശ്യപൻ എന്ന ഒരേ ഭർത്താവ് ജനിപ്പിച്ച സന്തതികളുടെ ഇടയിലുണ്ടായ സ്പർദ്ധയാണ് ഭാഗവതത്തിലെ കഥാതന്തു. അദിതി വംശജരാണ് വ്യാസനും കൃഷ്ണനും. വ്യാസൻ എഴുതിയ ഒരു മഹാപുരാണമാണ് ഭാഗവതപുരാണം.

★★★

4. ഭാഗവതത്തിലെ ബ്രാഹ്മണ മേധാവിത്ത്വം

5000 വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന സാമൂഹ്യ വ്യവസ്ഥയ്ക്കനുസരിച്ച് വ്യാസൻ എന്ന ബ്രാഹ്മണശ്രേഷ്ഠൻ, ബ്രാഹ്മണർക്കു മാത്രം പ്രാധാന്യം നൽകി, ബ്രാഹ്മണസഹായികളായവർക്ക് സ്ഥാനവും ബഹുമാനവും നൽകി, ബ്രാഹ്മണവിരോധികൾ കൊല്ലപ്പെട്ട കഥകൾ വിസ്തരിച്ച്, സമ്പന്ന വ്യക്തികൾക്ക് ബഹുമാനം നൽകി രചിച്ചിട്ടുള്ള ഗ്രന്ഥമാണ് ഭാഗവതം. ബ്രാഹ്മണ രക്ഷകന്മാരായ അനേകം വ്യക്തികളെ ഭഗവാൻ എന്ന് അഭിസംബോധന ചെയ്തിരിക്കുന്നതും ഭാഗവതത്തിൽ കാണുന്നു. ബ്രാഹ്മണ പ്രാധാന്യമറിഞ്ഞ് പഠിച്ചാലേ ഭാഗവതം മനസ്സിലാകുകയുള്ളൂ.

★★★

5. ഭാഗവതത്തിലെ വൃത്തങ്ങളും അലങ്കാരങ്ങളും

ഭാഗവതത്തിലെ മിക്കവാറും ശ്ലോകങ്ങളും അനുഷ്ടുഭം അല്ലെങ്കിൽ അനുഷ്ടുപ്പ് എന്ന വൃത്തത്തിലാണ് രചിച്ചിരിക്കുന്നത്. പ്രചാരത്തിലുള്ള മറ്റു വൃത്തങ്ങളും വ്യാസൻ ഭാഗവതരചനയിൽ ഉപയോഗിച്ചിട്ടുണ്ട്. പതിനെണ്ണായിരത്തിലധികം ശ്ലോകങ്ങൾ വൃത്തം തെറ്റാതെ രചിച്ച വ്യാസൻ ഈശ്വരനാൽ അനുഗ്രഹിക്കപ്പെട്ടവനാണ്. അത് പാരായണം ചെയ്യുന്ന മനുഷ്യരും അനുഗ്രഹീതരാണ്.

ഭാഗവതം കാവ്യാത്മകമാണ്. അതിശയോക്തി, സാമ്യോക്തി, ശ്ലേഷോക്തി എന്നീ അലങ്കാരങ്ങളും വ്യംഗ്യവും ഭാഗവതത്തിൽ നിറഞ്ഞു നിൽകുന്നു. ഭാഗവതപുരാണം എന്ന പേരിൽ തന്നെ അലങ്കാര ഭംഗിയുണ്ട്.

മനുഷ്യസ്ത്രീകൾ, പക്ഷിമൃഗാദികളെ പ്രസവിച്ചു. സൂര്യന് പുത്രൻ ജനിച്ചു (സൂര്യൻ = ആദിത്യൻ = അദിതിയുടെ പുത്രൻ), കാളിയന്റെ പത്തികളെ കൃഷ്ണൻ ചവിട്ടിത്താഴ്ത്തി, നിർജ്ജീവ വസ്തുക്കൾ സംസാരിച്ചു, കൃഷ്ണൻ ഉത്തരയുടെ ഗർഭത്തിന്റെ അകത്ത് കയറി എന്നെല്ലാം ഭാഗവതത്തിൽ കാണുന്നത് ആലങ്കാരികമാണ്. വൃത്തഭംഗിയും അലങ്കാരഭംഗിയും നിറഞ്ഞു നിൽകുന്ന ഭാഗവത പുരാണം സാഹിത്യലോകത്തിനു കിട്ടിയ നിധിയാണ്.

★★★

6. ഭാഗവതത്തിലെ അദ്ധ്യായങ്ങൾ

(Sloka numbers may vary in different publications)

ഇനി ഭാഗവതത്തിലെ അദ്ധ്യായങ്ങളെ ശ്രദ്ധിക്കാം.

എസ്ബി 1.1

ഉഗ്രശ്രവസ് എന്ന സൂതൻ നടത്തുന്ന കഥാപ്രസംഗം കേൾക്കാൻ ശൗനകൻ തുടങ്ങിയവർ സദസ്സിൽ ഇരിക്കുന്നു.

എസ്ബി 1.2

സർവേശ്വരനായ ഈശ്വരന് വാസുദേവൻ എന്ന പേര് നൽകി വർണ്ണിക്കുന്നതാണ് 1.2ലെ വിഷയം.

എസ്ബി 1.3

ഇവിടെ ബ്രാഹ്മണരും ബ്രാഹ്മണസഹായികളായ കുറെ പേരും ഭഗവാനാൽ പ്രത്യേകം പറഞ്ഞയയ്ക്കപ്പെട്ടവരാണെന്ന് സൂതൻ പറയുന്നു.

എസ്ബി 1.4

17 പുരാണങ്ങൾ രചിച്ചിട്ടും വ്യാസന് മന:ശാന്തി കിട്ടിയില്ല എന്ന് വെളിവാക്കുന്നതാണ് 1.4ലെ വിഷയം

എസ്ബി 1.5

ഇവിടെ നാരദൻ എന്ന ഒരു വ്യക്തിയെപ്പറ്റിയാണ് കഥാപ്രസംഗം. ഈശ്വരന്റെ മാനസപുത്രനാണ് ബ്രഹ്മാവ്. ബ്രഹ്മാവിന്റെ മാനസപുത്രനാണ് നാരദൻ എന്നത് 3.12.22ലാണ് വരാൻ പോകുന്നത്. പക്ഷെ നാരദന്റെ കഥ 1.5ൽ പറയുന്നു. പൂർവ്വജന്മത്തിൽ

ദാസീപുത്രനായിരുന്ന നാരദൻ ബ്രാഹ്മണർക്കു വേണ്ടി ദാസ്യ വൃത്തി ചെയ്തതുകൊണ്ട് ഈ ജന്മത്തിൽ അനേകം കഴിവുകളുള്ള ബ്രാഹ്മണനായി ജനിച്ചു. ഇതാണ് കഥ. ബ്രാഹ്മണസേവ ചെയ്ത് ജീവിക്കണം എന്ന ഉപദേശം നൽകാനാണ് ഈ കഥ.

എസ്ബി 1.6

1.5ലെ നാരദക്കഥയുടെ തുടർച്ചയാണ് 1.6. കൂടാതെ 1.4ൽ അസ്വസ്ഥനായിക്കണ്ട വ്യാസനോട് നാരദൻ സംസാരിക്കുന്ന ഭാഗവുമുണ്ട്. ഭഗവാനെപ്പറ്റി ഒരു കാവ്യം രചിച്ചാൽ വ്യാസന് മനശ്ശാന്തി കിട്ടുമെന്ന് നാരദൻ പറഞ്ഞു. അങ്ങനെ വ്യാസൻ അനേകം പേരെ ഭഗവാൻ എന്ന് സംബോധന ചെയ്ത് ഭാഗവതപുരാണം രചിക്കാൻ തീരുമാനിച്ചു.

എസ്ബി 1.7

നാരദൻ ഉപദേശിച്ചപ്രകാരം ബ്രാഹ്മണഭക്തന്മാരിൽ വച്ച് ഒന്നാമനായി വ്യാസൻ കണ്ടത് അതിസമ്പന്നനും ബ്രാഹ്മണർക്ക് ധനം വാരിക്കോരി കൊടുക്കുന്നവനുമായ ഭഗവാൻ കൃഷ്ണനെയാണ്. മാത്രമല്ല, കൃഷ്ണൻ, വ്യാസന്റെ കൊച്ചുമോനായ അർജ്ജുനന്റെ അളിയനുമാണ്. വ്യാസന്റെ ആത്മകഥയായ മഹാഭാരതത്തിൽ കൃഷ്ണൻ ഒരു പ്രധാന കഥാപാത്രം അല്ലായിരുന്നു. നാരദൻ പറഞ്ഞതിനാൽ വ്യാസൻ കൃഷ്ണനെപ്പറ്റി എഴുതാൻ തീരുമാനിച്ചു. എന്നിട്ട് കൃഷ്ണൻ അശ്വത്ഥാമാ എന്ന ബ്രാഹ്മണനെ അർജ്ജുനനിൽ നിന്നും രക്ഷിച്ച കഥ പറഞ്ഞു. അശ്വത്ഥാമാ കൃഷ്ണൻ ഇവരൊക്കെ ആരാണ് എന്നൊന്നും പറയാതെതന്നെ അവരെപ്പറ്റിയുള്ള കഥ 1.7ൽ കാണുന്നു. ഭാഗവതം ഇങ്ങനെയൊക്കെയാണ്.

എസ്ബി 1.8

കൃഷ്ണന്റെ അനുജത്തിയുടെ മരുമകളാണ് ഉത്തര. കൃഷ്ണൻ ഗർഭിണിയായിരുന്ന ഉത്തരയെ അശ്വധാമാവിൽ നിന്നും രക്ഷിച്ച

കഥയാണ് 1.8ൽ. ഭാഗവതത്തിന്റെ അവസാന ഭാഗങ്ങളിൽ പറയേണ്ട കഥകളാണ് ഇതെല്ലാം. ഭാഗവതം അങ്ങനെയാണ്.

എസ്ബി 1.9

മഹാഭാരതം എന്ന പുരാണത്തിന്റെ അവസാനഭാഗത്താണ് വ്യാസന്റെ കൊച്ചുമക്കൾ തമ്മിൽ നടന്ന യുദ്ധം. ഹരിയാനയിൽ നടന്ന ആ യുദ്ധത്തിൽ കൃഷ്ണനും പങ്കാളിയായിരുന്നു.

ആ യുദ്ധസന്ദർഭത്തിൽ കൃഷ്ണൻ പോയി ഭീഷ്മരെ കാണുന്നതാണ് 1.9ലെ വിഷയം. ഭീഷ്മർ ആരാണ് എന്നത് അറിയാൻ ഒൻപതാം സ്കന്ധം വായിക്കണം. അല്ലെങ്കിൽ മഹാഭാരതം വായിക്കണം. ഏതു വായിച്ചാലും വളരെ ശ്രദ്ധിച്ചാലേ സംഗതി പിടികിട്ടുകയുള്ളൂ. ശന്തനുവിന്റെയും ഗംഗയുടെയും മകനാണ് ഭീഷ്മൻ. ഭീഷ്മന്റെ പ്രസവത്തോടെ ഗംഗ മരിച്ചുപോയി. മറ്റൊരിടത്ത് പരാശരന്റെയും സത്യവതിയുടെയും അവിഹിത സന്തതിയായി വ്യാസൻ ജനിച്ചു. ഭാര്യ മരിച്ചുപോയ ശന്തനുവും പരാശരനുപേക്ഷിച്ച സത്യവതിയും വിവാഹം കഴിച്ചു. അങ്ങനെ ഭീഷ്മനും വ്യാസനും step brothers ആണ്.

എസ്ബി 1.10

ഹരിയാനയിലെ കുരുക്ഷേത്രയുദ്ധം കഴിഞ്ഞ് കൃഷ്ണൻ ഗുജറാത്തിലെ ദ്വാരകയിലേക്ക് യാത്ര ചെയ്യുന്നതാണ് 1.10ലെ വിഷയം.

എസ്ബി 1.11

ഗുജറാത്തിലെത്തിയ കൃഷ്ണനെ ദ്വാരകാവാസികൾ സ്വീകരിക്കുന്നതാണ് 1.11ലെ വിഷയം.

എസ്ബി 1:12

1.8ൽ ഗർഭിണിയായിരുന്ന ഉത്തര ഒരാൺകുട്ടിയെ പ്രസവിച്ചു.

അതായത് കൃഷ്ണന്റെ അനിയത്തിക്ക് കൊച്ചുമോൻ ജനിച്ചു. (Parikshit) ഇതാണ് 1.12ലെ വിഷയം.

എസ്ബി 1.13

വ്യാസന്റെ കൊച്ചുമക്കൾ തമ്മിൽ നടന്ന യുദ്ധം കഴിഞ്ഞ് കുറെപ്പേർ കാട്ടിലേക്കു പോയി.

എസ്ബി 1.14

1.12ൽ ദ്വാരകയിലേക്ക് പോയ കൃഷ്ണന്റെ കൂടെ അളിയൻ അർജ്ജുനനും പോയിരുന്നു. 7 മാസം കഴിഞ്ഞ് അർജ്ജുനൻ ദൽഹിയിൽ തിരിച്ചെത്തി.

എസ്ബി 1.15

പരീക്ഷിത്തിനെ രാജാവാക്കി വാഴിച്ചിട്ട് വ്യാസന്റെ കൊച്ചുമക്കൾ കാട്ടിൽ പോയി മരിച്ചു.

എസ്ബി 1.16

പരീക്ഷിത്ത് ദൽഹി ഭരിക്കുന്ന കാലത്ത് കൃഷ്ണൻ മരിച്ചു. പരീക്ഷിത്തിന്റെ രാജ്യത്ത് അബ്രാഹ്മണരുടെ ശല്യം വർദ്ധിച്ചു. ഇതാണ് 1.16ലെ വിഷയം.

എസ്ബി 1.17

പരീക്ഷിത്തിന്റെ ഭരണകാലത്ത് പന്തയം, മദ്യപാനം, സ്ത്രീസേവ, പ്രാണിഹിംസ ഇവ വർദ്ധിച്ചു. സ്ത്രീകൾക്ക് സ്വർണത്തിനോടുള്ള ആസക്തിയും വർദ്ധിച്ചു. പരീക്ഷിത്ത് മേൽപ്രവൃത്തികളിൽ നിയന്ത്രണം ഏർപ്പെടുത്തി. ഇതാണ് 1.17ലെ വിഷയം. ഈ കഥയ്ക്ക് ഭാഗവതത്തിലെന്ത് പ്രസക്തി എന്നതിനുത്തരം ഇതൊക്കെത്തന്നെയാണ് ഭാഗവതപുരാണം എന്നാണ്.

എസ്ബി 1.18

1.18.34ൽ ''ബ്രാഹ്മണൈ ക്ഷത്ര ബന്ധുർഹി'' എന്നു തുടങ്ങുന്ന ശ്ലോകത്തിന്റെ അർത്ഥം ശ്രദ്ധേയമാണ്. ''രാജാവിന്റെ ജോലി, വീടു കാക്കുന്ന പട്ടിയെപ്പോലെ ബ്രാഹ്മണരെ രക്ഷിക്കലാണ്'' എന്നാണ് ആ ശ്ലോകത്തിന്റെ അർത്ഥം. അതു ചെയ്യാതെ പരീക്ഷിത്ത് ശമീകൻ എന്ന ഒരു ബ്രാഹ്മണന്റെ കഴുത്തിൽ ഒരു ചത്ത പാമ്പിനെ എടുത്തിട്ടു. ശമീകന്റെ മകൻ ശൃംഗി പരീക്ഷിത്ത് ഏഴാം ദിവസം പാമ്പുകടിയേറ്റ് മരിക്കും എന്ന് ശപിച്ചു. ഏഴാംദിവസം പാമ്പുകടിയേറ്റ് പരീക്ഷിത്ത് മരിച്ചു എന്നത് 12.6ൽ ഉണ്ട്.

എസ്ബി 1.19

ശാപം കിട്ടിയ പരീക്ഷിത്ത് പട്ടിണി കിടന്ന് മരിക്കാൻ തീരുമാനിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ അടുത്ത് വ്യാസൻ തന്റെ സ്വന്തം ഭാര്യയിൽ ജനിപ്പിച്ച ശ്രീശുകൻ ചെന്നു. ഇതാണ് 1.19ലെ വിഷയം. 1.19ഓടു കൂടി സ്കന്ധം ഒന്ന് കഴിഞ്ഞു.

എസ്ബി 2.1

പരീക്ഷിത്തിന്റെ പിതാവ് അഭിമന്യു. അഭിമന്യുവിന്റെ പിതാവ് അർജ്ജുനൻ. അർജ്ജുനന്റെ പിതാവ് പാണ്ഡു. പാണ്ഡുവിന്റെ പിതാവ് വ്യാസൻ. വ്യാസന്റെതന്നെ മകനാണ് ശ്രീശുകനും. ചുരുക്കത്തിൽ ഇവരെല്ലാവരും വ്യാസന്റെ കുടുംബക്കാർതന്നെയാണ്. ഭൂതകാലത്തിൽ ഉണ്ടായിരുന്നതും ഇന്നു കാണുന്നതും ഇനി കാണാൻ പോകുന്നതുമായ പ്രപഞ്ചംതന്നെയാണ് സർവ്വേശ്വരൻ എന്ന് 2.1ൽക്കാണുന്നു.

എസ്ബി 2.2

സർവ്വേശ്വരനിൽ ഭക്തി ഉണ്ടാകണമെന്ന് ശ്രീശുകൻ പരീക്ഷിത്തിനോട് പറയുന്നു.

എസ്ബി 2.3

ഓരോരോ ഇച്ഛാപൂർത്തിക്കായി ആരെയൊക്കെയാണ് പൂജി ക്കേണ്ടത് എന്നത് ശ്രീശുകൻ പരീക്ഷിത്തിനോട് പറയുന്നു.

എസ്ബി 2.4

നിരാഹാരവ്രതമനുഷ്ഠിക്കുന്ന പരീക്ഷിത്തിനെ മുത്തച്ഛൻ ശ്രീശുകൻ പ്രശംസിക്കുന്നതാണ് 2.4ലെ വിഷയം.

എസ്ബി 2.5

പ്രപഞ്ചസൃഷ്ടി എങ്ങനെ നടന്നു എന്നത് ബ്രഹ്മാവ് തന്റെ മകൻ നാരദനോടും നാരദൻ വ്യാസനോടും വ്യാസൻ മകനായ ശ്രീശുകനോടും പറഞ്ഞു. ശ്രീശുകൻ അത് പരീക്ഷിത്തിനെ പറ ഞ്ഞുകേൾപ്പിക്കുന്നതാണ് 2ൽ 5.

എസ്ബി 2.6

സർവ്വേശ്വരനെ പ്രപഞ്ചത്തോട് ഉപമിച്ച് പ്രപഞ്ചത്തിന്റെ ഭാഗ ങ്ങൾ ഈശ്വരന്റെ അംഗങ്ങളാണെന്ന് ശ്രീശുകൻ പരീക്ഷിത്തി നോട് പറയുന്നതാണ 2.6ലെ വിഷയം.

എസ്ബി 2.7

2.3ൽക്കണ്ട കുറെ പേരുകൾ ആവർത്തിക്കുന്നതാണ് 2.7ൽ.

എസ്ബി 2.8

പട്ടിണി കിടക്കുന്ന പരീക്ഷിത് മുത്തച്ഛൻ ശ്രീശുകനോട് കുറെ ചോദ്യങ്ങൾ ചോദിക്കുന്നു.

എസ്ബി 2.9

പ്രപഞ്ചസൃഷ്ടി കുറച്ചുകൂടി വിസ്തരിക്കുകയാണ് 2.9ൽ.

എസ്ബി 2.10

ഭാഗവതം ഒരു പുരാണമാണെന്നും അതിൽ സർഗ്ഗം, വിസർഗ്ഗം, സ്ഥാനം, പോഷണം, ഊതിമന്വന്തരങ്ങൾ, ഈശാനുകഥ, നിരോധം, മുക്തി, ആശ്രയം എന്നീപത്ത് വിഷയങ്ങൾ എല്ലാ അദ്ധ്യായങ്ങളിലുമായി ചിന്നിച്ചിതറി കിടപ്പുണ്ട് എന്നും ശ്രീശുകൻ പരീക്ഷിത്തിനോട് പറയുന്നു. സർവ്വേശ്വരനെ സ്തുതിക്കുന്ന ഒരു ഗ്രന്ഥം മാത്രമല്ല ഭാഗവതപുരാണം എന്ന് ഭാഗവതം വായിക്കുന്നവർക്കും ഇതിനാൽ മനസ്സിലാകുന്നു. 2ൽ 10ഓടെ സ്കന്ധം രണ്ടു കഴിഞ്ഞു.

എസ്ബി 3.1

വ്യാസൻ ഒരു ദാസിയിൽ ജനിപ്പിച്ച മകനാണ് വിദുരൻ. കൃഷ്ണന്റെ കൊച്ചച്ഛന്റെ മകനാണ് ഉദ്ധവൻ. കൃഷ്ണന്റെ മരണശേഷം ഇവർ ഒരു ദിവസം കണ്ടുമുട്ടി. ഇതാണ് 3.1ലെ വിഷയം.

എസ്ബി 3.2

മരിച്ചുപോയ കൃഷ്ണനെപ്പറ്റി ഉദ്ധവൻ വിദുരനോട് സംസാരിക്കുന്നതാണ് 3.2ലെ വിഷയം.

എസ്ബി 3.3

3.2ലെ വിഷയത്തിന്റെ തുടർച്ചയാണ് 3.3ൽ.

എസ്ബി 3.4

കണക്കില്ലാത്ത ധനം ശേഖരിച്ച കൃഷ്ണന്റെ കോടിക്കണക്കിലുള്ള പുത്രപൗത്രാദികൾ മദ്യം കഴിച്ച് ബോധമില്ലാതെ തമ്മിൽത്തല്ലി മരിച്ചതെല്ലാം ഉദ്ധവൻ വിദുരനോടു പറയുന്നതാണ് 3.4ലെ വിഷയം. 3.4ലെ 1, 2 എന്നീശ്ലോകങ്ങളിൽ ഈ വിഷയം വിസ്തരിച്ചിട്ടുണ്ട്. പ്രപഞ്ചസൃഷ്ടി നടത്തിയത് ഈശ്വരനും പ്രജാസൃഷ്ടി നടത്തിയത് ബ്രഹ്മാവുമാണെന്ന് കൃഷ്ണൻ പറഞ്ഞത് ഉദ്ധവൻ ഓർക്കുന്നു.

എസ്ബി 3.5

3.5ൽ മൈത്രേയൻ എന്ന ഒരു വ്യക്തിയുടെ പേര് കാണുന്നു. ഇദ്ദേഹം ആരാണ് എന്ന് വംശവിസ്താരത്തിൽ എഴുതിയിട്ടില്ല. ഇദ്ദേഹം വ്യാസന്റെ മിത്രവും, വ്യാസന്റെ പിതാവ് പരാശരന്റെ കീഴിൽ വ്യാസനോടൊപ്പം വേദാധ്യയനം പഠിച്ചയാളുമാണ്. 3.5ൽ മൈത്രേയൻ സർവ്വേശ്വരൻ എങ്ങനെ പ്രപഞ്ചസൃഷ്ടി നടത്തി എന്ന് വിദുരനോട് പറയുന്നു. 2.5ലെ വിഷയത്തിന്റെ ആവർത്തന മാണ് 3.5ൽ.

എസ്ബി 3.6

ഭാഗവതതത്ത്വമാണ് 3.6ലെ വിഷയം.

എസ്ബി 3.7

3.5ലും 3.6ലും മൈത്രേയൻ പറഞ്ഞതെല്ലാം കേട്ടുകഴിഞ്ഞ പ്പോൾ വ്യാസപുത്രനായ വിദുരൻ മൈത്രേയനോട് കുറെ ചോദ്യ ങ്ങൾ ചോദിക്കുന്നതാണ് 3.7ലെ വിഷയം.

എസ്ബി 3.8

ഈ അദ്ധ്യായത്തിൽ ആദിശേഷൻ, സനത്കുമാർ, സാംഖ്യായ നൻ, പരാശരൻ, ബൃഹസ്പതി എന്നീപേരുകൾ കാണുന്നു. ആദി ശേഷൻ ഭഗവാനായ വിഷ്ണുവിന്റെ സുഹൃത്ത് എന്നാണ് പൊതു വായ വിശ്വാസം. സനത്കുമാരൻ ബ്രഹ്മാവിന്റെ പുത്രനാണ് എന്നത് 3.12.4ൽ വരും. 4.1.41ൽ കാണുന്ന ശക്തിയുടെ മകനാണ് പരാശരൻ. ബ്രഹ്മാവിന്റെ കൊച്ചുമോനാണ് ബൃഹസ്പതി എന്നത് 4.1.35ൽ വരും. സാംഖ്യായനൻ എന്നത് കപിലവാസുദേവന്റെ മറ്റൊരു പേരാണ്. കപിലവാസുദേവനെ 3.24.31ൽ കാണും. ആദി ശേഷൻ സനത് കുമാരനും സനത് കുമാരൻ സാംഖ്യായനനും സാംഖ്യായനൻ പരാശരനും പരാശരൻ ബൃഹസ്പതിക്കും മൈത്രേയനും പ്രപഞ്ചസൃഷ്ടി എങ്ങനെ നടന്നു എന്ന് രഹസ്യ മായി ഉപദേശിച്ചു. ഈ രഹസ്യമാണ് ഭാഗവതം. അതിനോടു കൂടി മറ്റു പലതും ചേർത്ത് വ്യാസൻ എഴുതിയ പുസ്തകമാണ് ഭാഗവത പുരാണം.

എസ്ബി 3.9

പ്രപഞ്ചം സൃഷ്ടിച്ച സർവ്വേശ്വരൻ ബ്രഹ്മാവിനെയും സൃഷ്ടിച്ചു. എന്നിട്ട് പ്രജാസൃഷ്ടി നടത്താൻ ആജ്ഞാപിച്ചു. ബ്രഹ്മാവ് ഭഗവാനെ സ്തുതിക്കുന്നു. ഇതെല്ലാമാണ് 3.9ൽ.

എസ്ബി 3.10

പുരാണഭാഗങ്ങൾ ചേർക്കാത്ത ശുദ്ധഭാഗവതമാണ് 3.10ലെ വിഷയം.

എസ്ബി 3.11

കാലനിർണ്ണയത്തിന് ഉപയോഗിച്ചിരുന്ന ഗണിതമാണ് 3.11ന്റെ വിഷയം.

എസ്ബി 3.12

ഭഗവാൻ സൃഷ്ടിച്ച പ്രപഞ്ചത്തിൽ ജീവജാലസൃഷ്ടിക്ക് തുടക്ക മിടുന്നത് ബ്രഹ്മാവാണ്. ബ്രഹ്മാവിന്റെ മാനസപുത്രന്മാരായി ആദ്യം സനകൻ, സനന്ദൻ, സനാതനൻ, സനത് കുമാരൻ എന്നീനാലുപേർ ജനിച്ചു. പിന്നെ മരീചി, അത്രി, അംഗിരസ്, പുല സ്ത്യൻ, പുലഹൻ, ക്രതു, ഭൃഗു, വസിഷ്ഠൻ, ദക്ഷൻ, നാരദൻ, രുദ്രൻ എന്നിവർ ജനിച്ചു. ബ്രഹ്മാവിന്റെ മാനസപുത്രന്മാരെയാണ് പ്രജാപതിമാർ എന്നു പറയുന്നത്. സനകാദികളുടെ പേരുകൾ 3.12.4ലും മറ്റു പ്രജാപതികളുടെ പേരുകൾ 3.12ൽ 10 മുതൽ 27 വരെ യുള്ള ശ്ലോകങ്ങളിലും കാണുന്നു.

അടുത്തതായി ബ്രഹ്മാ, മനു എന്ന പുരുഷനെയും ശതരൂപാ എന്ന സ്ത്രീയെയും സൃഷ്ടിച്ചു എന്നത് 3.12.53ൽ കാണുന്നു. മൈഥുന വൃത്തിയിലൂടെ സന്താനങ്ങളെ ഉൽപാദിപ്പിച്ച ആദ്യത്തെ പുരുഷനും സ്ത്രീയുമാണ് മനുവും ശതരൂപയും. ഇവർക്ക് ഉത്താനപാദൻ, പ്രിയവ്രതൻ എന്ന രണ്ടു പുത്രന്മാരും ദേവഹൂതി, ആകൂതി, പ്രസൂതി എന്ന മൂന്ന് പുത്രിമാരും ജനിച്ചു എന്നത് 3.12.55ൽക്കാണുന്നു. ഭാഗവതത്തിൽ വരാൻ പോകുന്ന എല്ലാ കഥാപാത്രങ്ങളും ഇവരുടെ പിൻഗാമികളാണ്. ഉത്താനപാദരുടെ വംശത്തിൽ ജനിച്ച പ്രചേതസന്മാരുടെ പുത്രനായ ദക്ഷൻ രണ്ടാ

മനെ 6.4.17ൽ കാണാം. ദക്ഷൻ രണ്ടാമന്റെ പരമ്പരയിലാണ് കൃഷ്ണൻ ജനിക്കുന്നത്. 3.12.56ൽ ദക്ഷപ്രജാപതിക്കും മനുപുത്രിപ്രസൂതിക്കുമായി ജനിച്ച പുത്രപൗത്രാദികളാൽ ഈ ലോകം നിറഞ്ഞു എന്നു കാണുന്നു. മൈത്രേയൻ തന്നെ 4.30.49ൽ ദക്ഷൻ രണ്ടാമന്റെ ജനനത്തെ കാണിച്ചിട്ടുണ്ട്. 4.30.12ൽ ദക്ഷൻ രണ്ടാമനാണ് ബ്രഹ്മാവിനു തുല്യൻ എന്നും അദ്ദേഹത്തിന്റെ വംശപരമ്പരയിലാണ് ലോകം നിറഞ്ഞത് എന്നും പറഞ്ഞിട്ടുണ്ട്. ദക്ഷൻ ഒന്നാമനെപ്പറ്റി 3.12.56ൽ പറഞ്ഞതിനെ മൈത്രേയൻതന്നെ തിരുത്തിയതാണ് 4.30.12 എന്ന ശ്ലോകം.

എസ്ബി 3.13

3.13 മുതൽ 3.19 വരെയുള്ള ഏഴ് അദ്ധ്യായങ്ങളിൽ ഹിരണ്യാക്ഷൻ എന്ന ഒരു വ്യക്തിയുടെ കഥയാണ്. ദക്ഷൻ രണ്ടാമന്റെ കൊച്ചുമോനാണ് ഹിരണ്യാക്ഷൻ. 6.18.11ലാണ് ഹിര്യാണക്ഷന്റെ ജനനം കാണിച്ചിരിക്കുന്നത്. അതുകഴിഞ്ഞ് പറയേണ്ടിയിരുന്ന കഥയാണ് 3.13 മുതൽ 3.19 വരെ.

എസ്ബി 3.14

ദക്ഷൻ രണ്ടാമന്റെ മകളായ ദിതിയെ 6.6.25ൽക്കാണുന്നു. ദിതിയും ഭർത്താവ് കശ്യപനും സന്ധ്യാസമയത്ത് മൈഥുനം നടത്തിയതാണ് 3.14ലെ വിഷയം.

എസ്ബി 3.15 മുതൽ 3.19 വരെ

ഒരു ശുഭ്രനും ഭാര്യ വികുണയ്ക്കും കൂടി ജനിച്ച മകനാണ് വൈകുണ്ഠൻ. അദ്ദേഹം വടക്കേ ഇൻഡ്യയിൽ എവിടെയോ പണിയിച്ച മനോഹരമായ ഒരു വീടിന്റെ പേരാണ് വൈകുണ്ഠം എന്ന് 8.5.5 ൽ ക്കാണുന്നു. അവിടത്തെ കാവൽക്കാർ ആയിരുന്ന ജയ് വിജയ് എന്നിവരുടെ പുനർജ്ജന്മമാണ് ഹിരണ്യാക്ഷനും ഹിരണ്യകശിപുവും എന്നതാണ് 3.14ലെ കഥ. ഇവരെ പ്രസവിച്ചത് 3.14ൽ ഗർഭിണിയായ ദിതി. ഹിരണ്യാക്ഷനെ ഒരു പന്നിമുഖൻ കൊന്നു.

എസ്ബി 3.20

ബ്രഹ്മാവ് (ഗന്ധർവന്മാർ, അപ്സരസുകൾ, സിദ്ധന്മാർ, വിദ്യാധരന്മാർ, കിന്നരന്മാർ, കിംപുരുഷന്മാർ, നാഗന്മാർ) ഇവരെ സൃഷ്ടിച്ചു. ഇതാണ് 3.20ലെ വിഷയം.

എസ്ബി 3.21

3.13 മുതൽ 3.19 വരെ മൈത്രേയൻ പറഞ്ഞ കഥ അസ്ഥാനത്താണെന്ന് മനസ്സിലായ വിദുരൻ മൈത്രേയനോട് മനുവിന്റെ കഥ പറയാൻ ആവശ്യപ്പെട്ടു.

എസ്ബി 3.22

ബ്രഹ്മാവിന്റെ മാനസപുത്രനായ കർദ്ദമനാണ് 3.22ലെ വിഷയം.

എസ്ബി 3.23

കർദ്ദമനും മനുപുത്രിയായ ദേവഹൂതിയും വിവാഹം കഴിച്ചു.

എസ്ബി 3.24

കർദ്ദമനും ദേവഹൂതിക്കുമായി 9 പുത്രിമാരും കപിലൻ എന്ന ഒരു പുത്രനും ജനിച്ചു. പുത്രിമാരെ ബ്രഹ്മാവിന്റെ മാനസപുത്രന്മാർ വിവാഹം കഴിച്ചു.

എസ്ബി 3.25 മുതൽ 3.33 വരെ

കപിലനും ദേവഹൂതിയും കൂടി സംസാരിക്കുന്നതാണ് 3.25 മുതൽ 3.33 വരെ. സ്കന്ധം മൂന്ന് തീർന്നു.

എസ്ബി 4.1

ദേവഹൂതിയുടെ പുത്രിമാരുടെ വിവാഹമാണ് 4.1ലെ ഒരു വിഷയം. മനുവിന്റെ പുത്രിയായ ആകുതിയെ രുചി എന്ന പ്രജാപതി വിവാഹം കഴിച്ചു. പ്രസൂതി എന്ന മനുപുത്രിയെ ദക്ഷൻ എന്ന പ്രജാപതി വിവാഹം

കഴിച്ചു. അവർക്ക് 16 പുത്രിമാർ ജനിച്ചു. അവരുടെ വിവാഹങ്ങളും പുത്രന്മാരും 4.1ൽതന്നെയുണ്ട്. ദക്ഷന്റെ സതി എന്ന മകളെ വിവാഹം കഴിച്ചത് ശിവൻ എന്ന പ്രജാപതിയായിരുന്നു.

എസ്ബി 4.2 മുതൽ 4.7 വരെ

സതി ശിവനെ വിവാഹം കഴിച്ചത് ദക്ഷന് ഇഷ്ടപ്പെട്ടില്ല. ദക്ഷനും ശിവനും തമ്മിലുണ്ടായ വഴക്കാണ് 4.2 മുതൽ 4.7 വരെ.

എസ്ബി 4.8 മുതൽ 4.12

മനുപുത്രനായ ഉത്താനപാദരുടെ മകനാണ് ധ്രുവൻ. ഈ ധ്രുവന്റെ കഥയാണ് 4.8 മുതൽ 4.12 വരെ.

എസ്ബി 4.13 മുതൽ 4.14 വരെ

ധ്രുവന്റെ പരമ്പര വേനൻ വരെ വിസ്തരിക്കുകയാണ് 4ൽ 13ലും 14ലും.

എസ്ബി 4.15

വേനനിൽനിന്നും പൃഥു ജനിക്കുന്നു.

എസ്ബി 4.16 മുതൽ 4.22 വരെ

4.16 മുതൽ 4.22 വരെ പൃഥുവിനെ പുകഴ്ത്തുന്നതാണ് വിഷയം.

എസ്ബി 4.23 മുതൽ 4.24 വരെ

പൃഥു ശിവനെ സ്തുതിക്കുന്നു. കൂടാതെ പൃഥുവംശം പ്രചേതസന്മാർ വരെ.

എസ്ബി 4.25 മുതൽ 4.29 വരെ

പുരഞ്ജനന്റെ ഉപകഥ. അലങ്കാരം സാമ്യോക്തി.

എസ്ബി 4.30 മുതൽ 4.31 വരെ

പ്രചേതസന്മാരുടെ കഥ. ഇതോടെ സ്കന്ധം 4 അവസാനിച്ചു. മൈത്രേയൻ വിദുരന് കഥ കേൾപ്പിക്കുന്നതും തീർന്നു. പ്രചേതസന്മാരുടെ മകനായി ദക്ഷൻ രണ്ടാമൻ ജനിക്കുന്നതു മുതലുള്ള കഥാഭാഗം 6.4ൽ ആണ് തുടരുന്നത്. മനുപുത്രനായ പ്രിയവ്രതന്റെ വംശവിസ്താരമാണ് അഞ്ചാം സ്കന്ധത്തിലെ വിഷയം.

എസ്ബി 5.1

മനുപുത്രനായ പ്രിയവൃതന്റെ പത്ത് പുത്രന്മാരെ 5.1.25ൽ കാണാം. പ്രിയവൃതന്റെ പുത്രിയാണ് ഊർജ്ജ്വസ്വതി. ഇവരെ വിവാഹം കഴിച്ചത് ശുക്രാചാര്യനാണ്. ഊർജ്ജ്വസ്വതിയുടെയും ശുക്രാചാര്യന്റെയും മകളാണ് ദേവയാനി. ദേവയാനിയുടെ വംശത്തിലാണ് കൃഷ്ണന്റെ ജനനം.

പ്രിയവൃതൻ ഉണ്ടാക്കിയ ഏഴു ദ്വീപുകളുടെ പേരുകൾ 5.1.32ൽക്കാണുന്നു. ഏഴു സമുദ്രങ്ങളുടെ പേരുകൾ 5.1.33ൽ കാണുന്നു.

എസ്ബി 5.2

പ്രിയവൃതപുത്രനായ ആഗ്നീധ്രന് 9 പുത്രന്മാർ. നാഭി, കിംപുരുഷൻ, ഹരിവർഷൻ, ഇളാവൃതൻ, രമ്യകൻ, ഹരിൺമയൻ, കുരു, ഭദ്രാശ്വൻ, കേതുമാലൻ. ഇവരെ 5.2.19ൽക്കാണാം. ആഗ്നീധ്രൻ തനിക്ക് ലഭിച്ച ജംബൂദ്വീപിനെ അതായത് ഏഷ്യാഭൂഖണ്ഡത്തെ 9 ആയി വിഭജിച്ച് തന്റെ 9 മക്കൾക്ക് ഭരിക്കാൻ കൊടുത്തു.

എസ്ബി 5.3 മുതൽ 5.4 വരെ

ആഗ്നീധ്രന്റെ മകൻ നാഭി. നാഭിയുടെ മകൻ ഋഷഭൻ (5.4.2). ഋഷഭന് 100 പുത്രന്മാർ. ഒന്നാമൻ ഭരത് (5.4.9). ഈ ഭരതന്റെ പേരിൽ നിന്നാണ് നമ്മുടെ രാജ്യത്തിന് ഭാരതം എന്ന പേര് കിട്ടിയത്. 9 പേർ ഭാരതത്തിൽ വിവിധ സ്ഥലങ്ങളിൽ രാജാക്കന്മാരായി (5.4.10). 9 പേർ യോഗികളായി (5.411). ഇവരാണ് 11-ാം സ്കന്ധത്തിൽക്കാണുന്ന നവയോഗികൾ. കവി, ഹരി, അന്തരീക്ഷൻ,

പ്രബുദ്ധൻ, പിപ്പലായൻ, ആവിർഹോത്രൻ, ദ്രുമിളൻ, ചമസൻ, കരഭാജനൻ എന്നാണ് അവരുടെ പേരുകൾ. ബാക്കി 81 പേർ ബ്രാഹ്മണവൃത്തികളിൽ ഏർപ്പെട്ടു.

എസ്ബി 5.5

ഋഷഭൻ പുത്രന്മാരോട് സംസാരിക്കുന്നതാണ് 5.5ലെ വിഷയം.

എസ്ബി 5.6

ഋഷഭന്റെ മരണമാണ് 5.6ലെ വിഷയം.

എസ്ബി 5.7 മുതൽ 5.14 വരെ

ഭരതന്റെ കുറെ വിശേഷങ്ങളാണ് 5.7 മുതൽ 5.14 വരെ.

എസ്ബി 5.15

ഭരതന്റെ മകൻ സുമതി. സുമതിയുടെ വംശവിസ്താരമാണ് 5.15ലെ വിഷയം.

എസ്ബി 5.16 മുതൽ 5.20 വരെ

പ്രിയവ്രതന്റെ പുത്രപൗത്രാദികൾ ഭരിച്ചിരുന്ന രാജ്യങ്ങളുടെ ഭൂമിശാസ്ത്രം.

എസ്ബി 5.21 മുതൽ 5.23 വരെ

ജ്യോതിശാസ്ത്രമാണ് 5.21 മുതൽ 5.23 വരെ.

എസ്ബി 5.24

സൂര്യനെപ്പറ്റി വിസ്തരിക്കുകയാണ് 5.24ൽ.

എസ്ബി 5.25

ഭാരതത്തെ നിരകളായി തിരിച്ച് വിസ്തരിക്കുന്നതാണ് 5.25ലെ വിഷയം.

എസ്ബി 5.26

മൃഗങ്ങളുമായി ഭോഗം നടത്തുവൻ വജ്രകണ്ടകശാൽമലി എന്ന നരകത്തിൽ എത്തുന്നു (5.26.21). ഭാര്യയെ രേതസ്സ് കുടിപ്പിക്കുന്നവൻ ലാലാഭക്ഷം എന്ന നരകത്തിലെത്തുന്നു. ഇത്തരം 28 നരകങ്ങളാണ് 5.26 ലെ വിഷയം 5.26 ഓടെ സ്കന്ധം 5 കഴിഞ്ഞു.

എസ്ബി 6.1 മുതൽ 6.3 വരെ

വടക്കേ ഇൻഡ്യയിൽ പൊതുവായിക്കാണുന്ന ഒരു ബ്രാഹ്മണ ശാഖയാണ് കന്യാകുബ്ജ ബ്രാഹ്മണർ. അജാമിളൻ എന്ന ഒരു കന്യാകുബ്ജ ബ്രാഹ്മണൻ ഉണ്ടായിരുന്നു. അജാമിളന്റെ പേർ വംശവിസ്താരത്തിലില്ല. കൊള്ളയടിക്കൽ, മോഷണം തുടങ്ങിയവ യായിരുന്നു നിത്യവൃത്തികൾ. അദ്ദേഹം ഒരു ദാസിയിൽ പത്തു മക്കളെ സൃഷ്ടിച്ചു. 88-ാം വയസ്സിൽ മരിക്കാറായപ്പോൾ നാരായ ണൻ എന്ന മകനെ വിളിച്ചു. നാരായണനാമം ഉച്ചരിച്ചതിനാൽ മരി ച്ചില്ല. ബ്രാഹ്മണമാഹാത്മ്യമാണ് ഈ കഥയിലെ സാരം. അജാമി ളന്റെ കഥ നീട്ടി എഴുതിയിരിക്കുന്നതാണ് 6.1 മുതൽ 6.3 വരെ.

എസ്ബി 6.4 മുതൽ 6.6 വരെ

4.24.13ൽക്കണ്ട പത്ത് പ്രചേതസന്മാരുടെ കഥ തുടരുന്നത് 6.4ലാണ്. പ്രചേതസന്മാരുടെ ഭാര്യ മാരിഷ (4.30.48 മുതൽ 51 വരെ). അവരുടെ ഒരേയൊരു പുത്രൻ ദക്ഷൻ രണ്ടാമൻ. ഇദ്ദേഹ ത്തിന്റെ ഭാര്യ അസിക്നി (6.4.51). ദക്ഷൻ രണ്ടാമന് 60 പുത്രിമാർ ജനിച്ചു. അവരിൽ ദനുവിന്റെ പുത്രന്മാരെ 6.6.30 മുതൽ 6.6.37 വരെ കാണാം. ദക്ഷൻ രണ്ടാമന്റെ പുത്രിയായ അദിതിയുടെ പുത്രന്മാരെ 6.6.39ൽ കാണാം. അദിതിയുടെ പുത്രന്മാരായതിനാൽ ഇവരെ ആദിത്യന്മാർ എന്നു വിളിക്കുന്നു. ഭാഗവതത്തിൽ സൂര്യപുത്രൻ സൂര്യപുത്രി എന്നെല്ലാം വിളിക്കുന്നത് ഈ ആദിത്യന്മാരുടെ സന്താനങ്ങളെയാണ്. ദക്ഷൻ രണ്ടാമന്റെ മറ്റൊരു മകൾ ദിതി യുടെ പുത്രന്മാരാണ് ഹിരണ്യാക്ഷനും ഹിരണ്യകശിപുവും. ഇവരെ 6.18.11ൽ കാണാം. ഈ ഹിരണ്യാക്ഷന്റെ കഥയാണ് 3.13 മുതൽ 3.19 വരെ അസ്ഥാനത്ത് കാണുന്നത്.

അദിതിയുടെ പുത്രനായ വിവസ്വാന്റെ പുത്രൻ ശ്രാദ്ധദേവനെ (വൈവസ്വതനെ) 6.6.40ൽ കാണുന്നു. ഈ ശ്രാദ്ധദേവന്റെ വംശപരമ്പരയാണ് ഭാഗവതത്തിൽ ബാക്കിയുള്ള കഥാഭാഗം. ആ വംശത്തിൽതന്നെയാണ് കൃഷ്ണനും ജനിച്ചത്. വൈവസ്വതന്റെ പരമ്പര 9.1ൽ തുടരും. 6.6.44ൽ അദിതിയുടെ പുത്രനായ ത്വഷ്ടാവിന്റെ മകൻ വിശ്വരൂപനെക്കാണുന്നു. വിശ്വരൂപന്റെ കാലത്ത് ഇന്ദ്രപദവി നൽകപ്പെട്ടത് അദിതിയുടെ പുത്രനായ ശക്രന് ആയിരുന്നു.

ബ്രാഹ്മണകുടുംബത്തിൽ ജനിച്ചതിനാലും പദവിയുടെ പ്രാധാന്യം മൂലവും ഇന്ദ്രസ്ഥാനി ശിക്ഷാർഹനല്ലായിരുന്നു.

എസ്ബി 6.7 മുതൽ 6.8

ഇന്ദ്രന്റെ ഭയം മാറാൻ ഇന്ദ്രനുവേണ്ടി പൂജ നടത്തിയത് വിശ്വരൂപനാണ്. അംഗന്യാസകരന്യാസസഹിതം ഇന്ദ്രന് നാരായണകവചം പറഞ്ഞുകൊടുത്തത് വിശ്വരൂപനാണ്. നാരായണകവചമാണ് 6.8ലെ വിഷയം. വിശ്വരൂപനെ ഇന്ദ്രൻ കൊന്നു എന്നത് 6.9ൽക്കാണാം.

എസ്ബി 6.9

പൂജാക്രമത്തിൽ അസന്തുഷ്ടനായ ഇന്ദ്രൻ വിശ്വരൂപനെ കൊന്നുകളഞ്ഞു. ആ പാപം തീർക്കാൻ ഇന്ദ്രൻ തന്റെ പാപം സ്ത്രീവർഗ്ഗത്തിലേക്ക് മാറ്റി. എന്നിട്ട് ഗർഭിണിയായാലും ലൈംഗികവേഴ്ചതുടരാം എന്ന അനുഗ്രഹവും കൊടുത്തു. പാപം സ്വീകരിച്ചതിനാലാണ് സ്ത്രീകൾക്ക് ആർത്തവമുണ്ടാകുന്നത് എന്നതെല്ലാം 6.9ലെ 9, 10 എന്നീശ്ലോകങ്ങളിൽ കാണുന്നു.

നാരായണ കവചത്തിന്റെ ഫലമായി നാരായണകവചം പറഞ്ഞുകൊടുത്തയാൾക്ക് മരണവും സ്ത്രീകൾക്ക് ആർത്തവം എന്ന ഒരു അസൗകര്യവും കിട്ടി.

എസ്ബി 6.10 മുതൽ 6.17 വരെ

വിശ്വരൂപനെ ഇന്ദ്രൻ വധിച്ചതിനാൽ വിശ്വരൂപന്റെ അനിയൻ

വൃത്രൻ ഇന്ദ്രനെ നേരിട്ടു. ഇന്ദ്രൻ നാരായണകവചം രചിച്ച ദധ്യ ങ്ങിനെക്കൊന്ന് നട്ടെല്ലൂരി വജ്രായുധം ഉണ്ടാക്കി അതുകൊണ്ട് വൃത്രനെയും കൊന്നു. ഈ കഥയാണ് 6.10 മുതൽ 6.17 വരെ. വിശ്വരൂപൻ, വൃത്രൻ, ദധ്യങ്ങ് എന്നിവരുടെ മരണത്തിനു കാര ണവും സ്ത്രീകളെ പാപികളാക്കിയതും വിശ്വരൂപൻ ഇന്ദ്രന് ഉപദേശിച്ച നാരായണകവചമാണ്.

എസ്ബി 6.18

അദിതിയുടെ പുത്രന്മാരുടെ വംശവിസ്താരം 6.6നു ശേഷം 6.18ൽ തീരുന്നു. അതിൽ വരുണന്റെ മകനാണ് വാത്മീകി (6.18.5). മിത്ര ന്റെയും വരുണന്റെയും പുത്രന്മാരാണ് രാമായണത്തിൽ കുംഭോൽഭ വൻമാർ എന്നു പറയുന്ന അഗസ്ത്യനും വസിഷ്ഠനും.

ദക്ഷൻ രണ്ടാമന്റെ മകളും അദിതിയുടെ സഹോദരിയുമായ ദിതിയുടെ മകനുമായ ഹിരണ്യകശിപുവിന്റെ പുത്രപൗത്രാദിക ളുടെ പേരുകളും 6.18.12 മുതൽ കാണാം. ഹിരണ്യകശിപുവിന്റെ മകൻ പ്രഹ്ലാദൻ (6.8.13). പ്രഹ്ലാദന്റെ മകൻ വിരോചനൻ (6.18.16). വിരോചനന്റെ പുത്രൻ മഹാബലി (6.18.16). മഹാബലി യുടെ പുത്രൻ ബാണൻ (6.18.17).

ദിതി എന്ന ചിറ്റമ്മയുടെ ഗർഭം നശിപ്പിക്കാൻ ശ്രമിച്ച ഇന്ദ്രശ്രമം പരാജയപ്പെട്ടതിനാൽ 49 മരുത്ത്വക്കൾ ജനിച്ചതും ഈ അദ്ധ്യായ ത്തിൽ കാണാം.

എസ്ബി 6.19

മരുത്തുകളെ ഗർഭം ധരിക്കുന്നതിനു മുമ്പ് ദിതി അനുഷ്ഠിച്ച പുംസവനം എന്ന വ്രതത്തിന്റെ വിവരണങ്ങളാണ് 6.19ൽ. ഇതോടെ സ്കന്ധം ആറ് തീർന്നു.

എസ്ബി 7.1

വ്യാസന്റെ മകനായ പാണ്ഡുവിന്റെ മകനാണ് യുധിഷ്ഠിരൻ എന്നത് 9.22.27ൽ വരും. ബ്രഹ്മാവിന്റെ മാനസപുത്രൻ നാരദനും

മേൽ യുധിഷ്ഠിരനും തമ്മിൽ നടന്ന സംഭാഷണമായിട്ടാണ് ഏഴാം സ്കന്ധത്തിന്റെ അവതരണം.

ദക്ഷൻ രണ്ടാമന്റെ മകളായ ദിതിക്ക് ഹിരണ്യാക്ഷൻ, ഹിരണ്യ കശിപു എന്ന് രണ്ടു പുത്രന്മാർ എന്നത് 6.18.11ൽ കണ്ടു. അതു തന്നെ കുറച്ചുകൂടി ഭംഗിയായി 7.1.39ൽ കാണുന്നു. ഇനിയാണ് ഹിരണ്യാക്ഷന്റെയും ഹിരണ്യകശിപുവിന്റെയും കഥ പറയേണ്ടി യിരുന്നത് പക്ഷെ ബ്രഹ്മാവിന്റെ മാനസപുത്രനായ ദക്ഷൻ ഒന്നാ മന്റെ അതായത് ദക്ഷപ്രജാപതിയുടെ പേരിനോടനുബന്ധിച്ച് ഹിരണ്യാക്ഷന്റെ കഥ 3.13 മുതൽ 3.19 വരെ പറഞ്ഞത് അസ്ഥാന ത്താണ്. അതിന്റെ സംക്ഷിപ്തം താഴെ എഴുതുന്നു.

ഹിരണ്യാക്ഷൻ ചെയ്ത കുറ്റം ഭൂമിയെ വെള്ളത്തിലാക്കിയതാ ണ്. (ഇത് അലങ്കാര ഭാഷ) അതായത് ബ്രാഹ്മണർക്കു പ്രത്യേക പ്രാധാന്യം നൽകിയില്ല എന്നർത്ഥം. അതിനാൽ ഇന്ദ്രൻ ഏർപ്പാ ടാക്കിയ ഒരു വരാഹ മൂർത്തി ഹിരണ്യാക്ഷനെ കൊന്നു. കാവ്യാ ത്മകശൈലിയിൽ പറഞ്ഞാൽ വരാഹാവതാരം ഭൂമിയെ രക്ഷിച്ചു.

എസ്ബി 7.2

ഹിരണ്യാക്ഷൻ വധിക്കപ്പെട്ടപ്പോൾ ജ്യേഷ്ഠനായ ഹിരണ്യക ശിപു ഭൂമിയെ വെള്ളത്തിലാക്കി എന്നത് 7.2.12ൽ കാണാം. അതാ യത് എവിടെയൊക്കെ ദ്വിജന്മാരും ഗോക്കളും വേദങ്ങളും വർ ണ്ണാശ്രമക്രിയകളും ഉണ്ടോ അവിടെയൊക്കെ ചെന്ന് അവയെല്ലാം നശിപ്പിക്കുക എന്ന് ഹിരണ്യകശിപു അദ്ദേഹത്തിന്റെ അനുയായി കളോട് പറഞ്ഞു. ഇതാണ് ഇന്ദ്രനും ബ്രാഹ്മണരും കണ്ട ഭൂമി വെള്ളത്തിലായ സംഭവം.

ഹിരണ്യാക്ഷന്റെ മരണത്തിൽ ദു:ഖിക്കുന്ന അമ്മ ദിതിയെയും ഹിരണ്യാക്ഷന്റെ വിധവയെയും ഹിരണ്യകശിപു സമാധാനിപ്പി ക്കുന്നതാണ് 7.2ലെ വിഷയം.

എസ്ബി 7.3

ഹിരണ്യകശിപു ബ്രഹ്മാവിനെ തപസ്സു ചെയ്ത് സാധാരണ

യായി സംഭവിക്കാവുന്ന മരണം തനിക്കുണ്ടാവാതിരിക്കാനുള്ള വരം നേടി. ഇതാണ് 7.3ന്റെ ചുരുക്കം.

എസ്ബി 7.4

വരം ലഭിച്ച് ശക്തിമാനായ ഹിരണ്യകശിപു ഇന്ദ്രപദവിയും ഇന്ദ്രരാജ്യവും കൈക്കലാക്കി ഭരണം നടത്തി. 7.4ൽ 9 മുതൽ 11 വരെയുള്ള ശ്ലോകങ്ങളിൽ ഈ വിഷയം കാണുന്നു.

എസ്ബി 7.5 മുതൽ 7.7 വരെ

അദിതിയുടെ മകനായ ഇന്ദ്രനും ദിതിയുടെ മകനായ ഹിരണ്യ കശിപുവും കശ്യപൻ എന്ന ഒരേ അച്ഛനു പിറന്ന മക്കളാണ്. അച്ഛൻ വഴി സഹോദരരും അമ്മവഴി കസിൻസുമാണ് അവർ.

ഹിരണ്യകശിപുവിന്റെ മകൻ പ്രഹ്ലാദന്റെ വിദ്യാഭ്യാസമാണ് 7.5 മുതൽ 7.7 വരെ.

എസ്ബി 7.8

നമ്മുടെ ഇന്നത്തെ ഉത്തരാഖണ്ഡിൽ, ദഹരാദൂൻ ജില്ലയിൽ ഹിമാലയപർവതത്തിന്റെ അടിവാരത്തിൽ ഇന്നും നിലകൊള്ളുന്ന സ്ഥലമാണ് ഹൃഷികേശ്. ഇന്ദ്രനും കൂട്ടരും ഹൃഷികേശത്തു ചെന്ന് ഹിരണ്യകശിപുവിനെ കൊല്ലാൻ ഒരു ഹൃഷികേശവാസിയെ ഏർപ്പാടാക്കി എന്നത് 7.4.23ൽ ഉണ്ട്. ആ ഹൃഷികേശൻ ചെന്ന് ഹിരണ്യകശിപുവിനെ കൊന്നു. ഇന്ദ്രനും ബ്രാഹ്മണർക്കും ഭരണം തിരിച്ചുകിട്ടി. ബ്രാഹ്മണസമൂഹം അദ്ദേഹത്തെ ഭഗവാൻ ഹൃഷികേശൻ എന്ന് വിളിച്ച് സ്തുതിച്ചു. അഞ്ചു വയസ്സുകാരൻ പ്രഹ്ലാദന് അച്ഛൻ നഷ്ടപ്പെട്ടു. ഈ കഥയാണ് നരസിംഹാവതാരം. വിഷ്ണുവിന്റെ പരമഭക്തൻ എന്നെല്ലാം ഘോഷിക്കപ്പെടുന്ന പ്രഹ്ലാദന് ഭാരതത്തിൽ ഒരൊറ്റ അമ്പലം പോലുമില്ല എന്നത് ശ്രദ്ധേയമാണ്.

എസ്ബി 7.9

ഹിരണ്യകശിപു നെഞ്ചു പിളർന്ന് മരിച്ചുകിടക്കുന്നു. ഹിരണ്യ

കശിപുവിന്റെ കുടൽമാല കഴുത്തിലിട്ട് രക്തം ഒലിക്കുന്ന ശരീരാം ഗങ്ങളോടെ ഹൃഷികേശൻ. ഭർത്താവിന്റെ ശവശരീരം കണ്ട് കര യുന്ന കയാദു (ഹിരണ്യകശിപുവിന്റെ ഭാര്യ) പേടിച്ച് വിറച്ച് നിൽ ക്കുന്ന അഞ്ചു വയസ്സുകാരൻ പ്രഹ്ലാദൻ. ഹിരണ്യകശിപുവിന്റെ മരണം വാദ്യഘോഷങ്ങളോടെ ആഘോഷിക്കുന്ന ഇന്ദ്രനും കൂട്ട രും. ഈ രംഗമാണ് 7.9ലെ വിഷയം.

എസ്ബി 7.10

ബ്രാഹ്മണരുടെ രാജാവായി ഇന്ദ്രൻ രാജ്യഭാരം തിരിച്ചെടുത്തു. ഇന്ദ്രന്റെ ചിറ്റമ്മമാരായ ദിതിയുടെയും ദനുവിന്റെയും കുടുംബത്തി ന്റെ രാജാവാക്കി പ്രഹ്ലാദനെ വാഴിച്ചു. അദിതി, ദിതി, ദനു ഇവർ മൂന്നുപേരും ദക്ഷൻ രണ്ടാമന്റെ പുത്രിമാർ. മൂന്നുപേരുടെയും ഭർ ത്താവ് കശ്യപൻ. കശ്യപന്റെ മക്കൾ തമ്മിൽ നടത്തിയ വീട്ടുവഴ ക്കാണ് നാം ഭാഗവതപുരാണത്തിൽ കാണുന്നത്.

തന്റെ രണ്ടു പുത്രന്മാരായ ഹിരണ്യാക്ഷനും ഹിരണ്യകശി പുവും ഇന്ദ്രനാൽ കൊല്ലപ്പെട്ടതിനാൽ ദിതി ദു:ഖിതയായി. ഹിര ണ്യകശിപു കൊല്ലപ്പെട്ടത് 7.8ലാണ്. പക്ഷെ ദിതി ദു:ഖിതയാകു ന്നത് 6.18.24ൽ തന്നെ എഴുതിയിട്ടുണ്ട്. 6.18.24ന്റെ അർത്ഥം ശ്രദ്ധി ക്കാം. ''സഹോദരന്മാരെ കൊന്നവനും വിഷയലമ്പടനും ക്രൂരനും കഠിനാത്മാവും പാപിയുമായ ഇന്ദ്രനെ കൊന്നാലേ എനിക്ക് സുഖ മായി ഉറങ്ങാൻ കഴിയൂ'' എന്ന് ഇന്ദ്രനെപ്പറ്റി ദിതി പറഞ്ഞു. എന്നിട്ട് 6.18ലും 6.19ലുമായി ദിതി അനുഷ്ഠിച്ച പുംസവനം എന്ന വ്രത ത്തെയും കാണിച്ചിട്ടുണ്ട്. അതിനുശേഷം ദിതി മരുത്ത്വന്മാരെ പ്രസവിക്കുന്നത് 6.18ൽതന്നെ. പക്ഷെ ഹിരണ്യകശിപു കൊല്ല പ്പെടുന്നത് 7.8ലാണ്. ശിഥിലങ്ങളായ വിഷയാവതരണം ഭാഗവത ശൈലിയാണ്.

എസ്ബി 7.11 മുതൽ 7.15 വരെ

വിവിധ ആചാരങ്ങളുടെ വിസ്താരമാണ് 7.11 മുതൽ 7.15 വരെ. അതോടെ സ്കന്ധം 7 തീർന്നു. അടുത്തത് സ്കന്ധം 8.

എസ്ബി 8.1

സ്കന്ധം 8, ഏഴാം സ്കന്ധത്തിന്റെ തുടർച്ചയല്ല. സ്കന്ധം ഏഴിന്റെ തുടർച്ച 9.1ലാണ്. മന്വന്തര വിസ്താരമാണ് എട്ടാം സ്കന്ധത്തിന്റെ വിഷയം.

ഏതെങ്കിലും ഒരു കാലയളവിൽ താഴെ പറയുന്ന ആറ് ഘടകങ്ങൾ ഒത്തുചേർന്ന് സംഭവിക്കുകയാണെങ്കിൽ ആ കാലയളവിനെയാണ് മന്വന്തരം എന്ന് ഭാഗവതത്തിൽ പറഞ്ഞിരിക്കുന്നത്.

1) ഒരു മനു വേണം. അതായത് ഒരു തലവൻ വേണം.

2) മനുവിന് പുത്രന്മാർ ഉണ്ടായിരിക്കണം.

3) ഒരു ബ്രാഹ്മണസമൂഹം വേണം. അവരെയാണ് ദേവന്മാർ എന്നു പറയുന്നത്.

4) ആ ദേവന്മാർ ഒരാൾക്ക് ഇന്ദ്രസ്ഥാനം നൽകിയിരിക്കണം.

5) പ്രധാനപ്പെട്ട ഏഴ് ഋഷിമാർ ഉണ്ടായിരിക്കണം.

6) ബ്രാഹ്മണർ ചേർന്ന് ഭഗവാൻപദം നൽകിയ ഒരു വ്യക്തിയെ വേണം.

ഓരോ മന്വന്തരത്തിലും മേൽ ആറ് ഘടകങ്ങളെ കാണിക്കുന്നതും ആ മന്വന്തരത്തിൽ നടന്ന ചില സംഭവങ്ങളെ വിസ്തരിക്കുന്നതുമായ സ്കന്ധമാണ് സ്കന്ധം 8. ആകെ 14 മന്വന്തരങ്ങളെയാണ് എട്ടാം സ്കന്ധത്തിൽ കാണിച്ചിരിക്കുന്നത്.

1) 8.1.4ൽ സ്വയംഭുവ മന്വന്തരം

2) 8.1.9ൽ സ്വാരോചിഷ മന്വന്തരം

3) 8.1.23ൽ ഉത്തമ മന്വന്തരം

4) 8.1.27ൽ താമസ മന്വന്തരം

എസ്ബി 8.2 മുതൽ 8.4 വരെ

ഹരിമേധസ്സിനും ഭാര്യ ഹരിണിക്കുമായി ഹരി എന്ന ഒരു പുത്രൻ ജനിച്ചു. ഈ ഹരിയാണ് താമസ മന്വന്തരത്തിലെ ഭഗവാൻ. ഈ ഹരിയാണ് ആനയെ മുതലയിൽ നിന്നും രക്ഷിച്ചത്. ഗജേന്ദ്രമോക്ഷം എന്ന കഥയിലെ ഭഗവാൻ എന്നത് ഹരി എന്ന ഈ

വ്യക്തിയാണ് (8.1.30)

ഹരി എന്നയാൾ ഒരു മുതലയിൽനിന്നും ഒരു ആനത്തലയനെ രക്ഷിച്ച കഥയാണ് 8.2 മുതൽ 8.4 വരെ. മൂന്ന് അദ്ധ്യായങ്ങളിലായി എഴുതിയിരിക്കുന്ന കഥാഭാഗത്തിൽ ഹരിയാണ് ഭഗവാൻ.

എസ്ബി 8.5

അഞ്ചാമത്തെ മന്വന്തരം രൈവത മന്വന്തരമാണ് (8.5.2). ഈ മന്വന്തരത്തിൽ ഒരു ശുഭ്രനും വികുണ്ഠയ്ക്കുമായി ഒരു പുത്രൻ ജനിച്ചു. അവർ ആ പുത്രന് വൈകുണ്ഠൻ എന്ന് പേരിട്ടു. വൈകുണ്ഠൻ പണിയിച്ച മനോഹരമായ കെട്ടിടത്തിന്റെ പേരാണ് വൈകുണ്ഠം (8.5.5). യു.പിയിലെ വൃന്ദാവനത്തിലായിരുന്നു ഈ കെട്ടിടം. വൈകുണ്ഠനായിരുന്നു രേവതന്റെ കാലത്തെ ഭഗവാൻ.

എസ്ബി 8.6 മുതൽ 8.12 വരെ

ആറാമത്തെ മന്വന്തരം ചാക്ഷുഷ മന്വന്തരമായിരുന്നു. വൈരാജനും ഭാര്യ സംഭൂതയ്ക്കും കൂടി ജനിച്ച മകൻ അജിതനായിരുന്നു ചാക്ഷുഷന്റെ കാലത്തെ ഭഗവാൻ. അജിതൻ ചെയ്ത കാര്യങ്ങളെ ശ്രദ്ധിക്കാം.

1) വരാഹവതാരമായി ഹിരണ്യാക്ഷനെ കൊന്നു.

2) നരസിംഹാവതാരമായി ഹിരണ്യകശിപുവിനെ കൊന്നു.

3) കൂർമ്മാവതാരമായി കടൽ കലക്കലിൽ സഹായിച്ചു.

4) കടലിൽ നിന്നും കിട്ടിയ സ്വർണ്ണം മുഴുവനും കൈക്കലാക്കി. ആലങ്കാരികമായി പറഞ്ഞാൽ കടലിൽ നിന്നും പൊങ്ങിവന്ന 'ലക്ഷ്മി' 'ഭഗവാനെ' ആലിംഗനം ചെയ്തു. അതിന്റെ ഭാഗമാണോ തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രത്തിലുള്ളത് എന്നത് ചരിത്ര ഗവേഷകന്മാരുടെ വിഷയമാണ്.

5) സ്ത്രീവേഷമിട്ട മോഹിനി അവതാരം. ഈ മോഹിനി പ്രസവിച്ച മകനാണ് അയ്യപ്പൻ എന്ന കഥ ഭാഗവതത്തിൽ ഇല്ല.

അജിതന്റെ കൂർമ്മാവതാരം മുതൽ മോഹിനി വേഷം വരെ വിസ്തരിക്കുന്നതാണ് 8.6 മുതൽ 8.12 വരെ.

എസ്ബി 8.13 മുതൽ 8.23 വരെ

ഏഴാമത്തെ മന്വന്തരം വൈവസ്വത മന്വന്തരം. 8 മുതൽ 14 വരെയുള്ള മന്വന്തരങ്ങളുടെ പേരുകളും 8.13ലുണ്ട്.

അദിതിയുടെ മകനായി 6.6.40ൽ കണ്ട വിവസ്വാന്റെ മകനായ ശ്രാദ്ധദേവനാണ് വൈവസ്വതൻ. ശ്രാദ്ധദേവന്റെ കുടുംബകഥ 9.1ൽ തുടങ്ങും. അദിതിക്ക് വയസ്സുകാലത്ത് പയോവ്രതമെടുത്ത് ജനിച്ച മകനാണ് വാമനൻ. അക്കാലത്ത് പ്രഹ്ലാദന്റെ കൊച്ചുമോൻ മഹാബലിയായിരുന്നു രാജാവ്. അദിതിയുടെ കുടുംബക്കാർ മഹാബലിയുടെ ഭരണത്തിന്റെ കീഴിലായിരുന്നു. ഇന്ദ്രനും കൂട്ടരും വാമനനെ ബ്രാഹ്മണന്റെ വേഷം കെട്ടിച്ച് മഹാബലിയെ സ്ഥാനഭ്രഷ്ടനാക്കി. ആ സന്തോഷത്തിന്റെ പ്രതീകമായി ബ്രാഹ്മണർ വാമനനെ ഭഗവാനാക്കി എന്നത് 8.23ലെ 20, 21 എന്നീ ശ്ലോകങ്ങളിൽ കാണുന്നു.

8.21.32ൽ വാമനൻ മഹാബലി നരകത്തിലേക്ക് പോകണമെന്ന് നിർദേശിക്കുന്നു. 8.22ലെ 28 മുതൽ 31 വരെയുള്ള ശ്ലോകങ്ങളിൽ വാമനൻ സ്വയം ചതിയനാണെന്ന് സമ്മതിക്കുന്നതും മഹാബലിയെ പുകഴ്ത്തുന്നതും കാണുന്നു. കൂടാതെ പോകേണ്ടതായി ആദ്യം നരകം എന്ന് പറഞ്ഞതിനെ 8.22.32ൽ സുതലം എന്നാക്കി മാറ്റുകയും ചെയ്യുന്നു. ഈ പരിവർത്തനം എങ്ങിനെയെന്ന് അറിയില്ല.

ഏതായാലും മഹാബലിയെ വാമനൻ പുറത്താക്കിയ കഥയാണ് 8.13 മുതൽ 8.23 വരെ.

എസ്ബി 8.24

പണ്ട് വേദങ്ങൾ ശ്രുതികളായിരുന്നു. അതായത് ബ്രാഹ്മണരുടെ ഇടയിൽ മകൻ അച്ഛനിൽനിന്നും ശിഷ്യൻ ഗുരുവിൽനിന്നും ശ്രവണത്തിലൂടെയായിരുന്നു വേദങ്ങൾ പഠിച്ചിരുന്നത്. ഹയഗ്രീവൻ എന്ന ഒരു രാജാവ് വേദപ്രചരണം നിർത്തിയപ്പോൾ (ആലങ്കാരികമായി പറഞ്ഞാൽ ഹയഗ്രീവൻ വേദങ്ങളെ അപഗ്രഹിച്ചപ്പോൾ) ഒരു മത്സ്യമുഖൻ ഹയഗ്രീവനെ വധിച്ച് വേദാധ്യായനം പുനരാരംഭിച്ചു. ഇതാണ് മത്സ്യാവതാരം. 8.24ഓടെ എട്ടാം സ്കന്ധം അവസാനിച്ചു.

എസ്ബി 9.1

6.6.40ൽ കണ്ടതും അദിതിയുടെ കൊച്ചുമോനുമായ ശ്രാദ്ധദേവന്റെ അല്ലെങ്കിൽ വൈവസ്വതന്റെ വംശവിസ്താരം തുടങ്ങുകയാണ് 9.1ൽ. 9.1.12ൽ ശ്രാദ്ധദേവന്റെ 10 പുത്രന്മാരുടെ പേരുകൾ കാണുന്നു.

1) ഇക്ഷ്വാകു 2) നഭഗൻ 3) ധൃഷ്ടൻ 4) ശര്യാതി 5) നരിഷ്യൻ 6) നൃഗൻ 7) ദിഷ്ടൻ 8) കരുഷൻ 9) പൃഷധ്രൻ 10) വസുമാൻ (കവി)

8.13ലെ 2, 3 എന്നീശ്ലോകങ്ങളിലും ഒരു പട്ടികയുണ്ട്. അവിടെ നാഭാഗൻ എന്ന ഒരു പേര് കാണുന്നു. നൃഗനെ കാണുന്നില്ല. ഭാഗവതത്തിൽ ഇതെല്ലാം സാധാരണം.

ശ്രാദ്ധദേവന് ഒരു മോളുമുണ്ടായിരുന്നു. പേര് ഇള. വസിഷ്ഠൻ മന്ത്രം ജപിച്ച് ഇളയെ പുരുഷനാക്കി. സുദ്യുമ്നൻ എന്ന പേരുമിട്ടു. ശിവന്റെ ശാപം കൊണ്ട് സുദ്യുമ്നൻ സ്ത്രീയായിപ്പോയി (സുദ്യുമ്നി). സുദ്യുമ്നി വളരെ പ്രധാനപ്പെട്ട സ്ത്രീയാണ്. ഈ സ്ത്രീയുടെ വംശത്തിലാണ് കൃഷ്ണൻ ജനിക്കാൻ പോകുന്നത്. സുദ്യുമ്നിയുടെ വംശവിസ്താരം 9.14ൽ തുടങ്ങും.

എസ്ബി 9.2

ശ്രാദ്ധദേവന്റെ പത്ത് പുത്രന്മാരുടെ വംശങ്ങൾ.

1) 9.2.3ൽ പൃഷധ്രന്റെ വംശം

2) 9.2.15ൽ കവിയുടെ വംശം

3) 9.2.16ൽ കരുഷൻ

4) 9.2.17ൽ ധൃഷ്ട്രൻ

5) 9.2.17ൽ നൃഗൻ

6) 9.2.19ൽ നരിഷ്യൻ

7) 9.2.23ൽ ദിഷ്ടൻ

8) 9.3.1ൽ ശര്യാതിയുടെ വംശം

9) 9.4.1ൽ നഭഗന്റെ വംശം

10) 9.6.4ൽ ഇക്ഷ്വാകുവിന്റെ വംശം.

മേൽ ദിഷ്ടന്റെ പരമ്പരയിൽ തൃണബിന്ദുവിന്റെ മകൾ ഇഡവിഡയെ 9.2.31ൽ കാണാം. ഇഡവിഡയെ 4.1.36ൽ കാണുന്ന വിശ്രവസ് വിവാഹം കഴിച്ചു. അവരുടെ മകനാണ് കുബേരൻ. വിശ്രവസിന് വേറൊരു ഭാര്യയിൽ ജനിച്ചവരാണ് രാവണനും കുംഭകർണ്ണനും വിഭീഷണനും (4.1.37).

എസ്ബി 9.3

ശ്രാദ്ധദേവന്റെ എട്ടാമത്തെ പുത്രനായ ശര്യാതിയെ 9.3.1ൽ കാണുന്നു.

ശര്യാതിയുടെ മകൻ ആനർത്തൻ 9.3.27

ആനർത്തന്റെ മകൻ രേവതൻ 9.3.27

രേവതന്റെ മകൾ രേവതി 9.3.29

ഈ രേവതിയാണ് ബലരാമന്റെ ഭാര്യ 10.52.15

ബലരാമൻ ആരാണെന്നത് പത്താം സ്കന്ധത്തിൽ വരും.

എസ്ബി 9.4 മുതൽ 9.5 വരെ

ശ്രാദ്ധദേവന്റെ ഒമ്പതാമത്തെ പുത്രനായ നഭഗന്റെ വംശവിസ്താരമാണ് 9.4ലും 9.5ലും. നഭഗന്റെ മകനായ അംബരീഷൻ ഒരു വ്രതമനുഷ്ഠിച്ച കഥ നീട്ടി നീട്ടി എഴുതിയിരിക്കുന്നതാണ് 9.4ലെയും 9.5ലെയും വിഷയം.

എസ്ബി 9.6

ശ്രാദ്ധദേവന്റെ പത്താമത്തെ പുത്രനായ ഇക്ഷ്വാകുവിന്റെ വംശവിസ്താരമാണ് 9.6 മുതൽ 9.13 വരെ.

ഇക്ഷ്വാകുവിന്റെ മകൻ വികുക്ഷി (9.6.4)

ഇക്ഷ്വാകുവിന്റെ മകൻ നിമി (9.6.4)

9.6ൽ വികുക്ഷിയുടെ വംശം അംബരീഷൻ (രണ്ട്) വരെ എത്തുന്നു.

എസ്ബി 9.7

അംബരീഷൻ രണ്ടാമനിൽനിന്നും രോഹിതൻ വരെ എത്തുന്ന അദ്ധ്യായമാണ് 9.7

എസ്ബി 9.8

രോഹിതൻ മുതൽ അംശുമാൻ വരെ എത്തുന്ന വംശവിസ്താര മാണ് 9.8ൽ

എസ്ബി 9.9

അംശുമാൻ മുതൽ ഖട്വാംഗൻ വരെ എത്തുന്ന വംശവിസ്താര മാണ് 9.9ൽ

എസ്ബി 9.10 മുതൽ 9.12 വരെ

ഖട്വാംഗൻ മുതൽ ശ്രീരാമൻ വരെ എത്തുന്ന വംശവിസ്താര മാണ് 9.10ൽ. രാമന്റെ ജീവചരിത്രമാണ് 9.11ലും 9.12ലും. ശ്രീരാമന് ശാന്ത എന്ന ഒരു ചേച്ചി ഉണ്ടായിരുന്നു എന്നതും അവരെ വിവാഹം കഴിച്ചത് ഋഷ്യശൃംഗൻ ആയിരുന്നു എന്നതും 9.23ലെ 7, 8 എന്നീശ്ലോകങ്ങളിൽ വരും. ഈ അദ്ധ്യായത്തോടു കൂടി ഇക്ഷ്വാകു വിന്റെ മകൻ വികുക്ഷിയുടെ വംശവിസ്താരം തീർന്നു.

എസ്ബി 9.13

ഇക്ഷ്വാകുവിന്റെ മകൻ നിമിയുടെ വംശവിസ്താരമാണ് 9.13ലെ വിഷയം. ഈ വംശപരമ്പരയിലാണ് ജനകൻ, സീത എന്നിവർ വരുന്നത്. 9.13ഓടെ ഇക്ഷ്വാകുവിന്റെ വംശവിസ്താരം കഴിഞ്ഞു. അതോടെ അദിതിയുടെ എല്ലാ പുത്രന്മാരുടെയും വംശവിസ്താ രവും കഴിഞ്ഞു. അദിതിയുടെ പുത്രന്മാരുടെ വംശത്തെയാണ് ആദിത്യവംശം അല്ലെങ്കിൽ സൂര്യവംശം എന്നു പറയുന്നത്.

എസ്ബി 9.14

അദിതിയുടെ കൊച്ചുമോൻ ശ്രാദ്ധദേവന്റെ മകൾ സുദ്യു

മ്നിയെ 9.14ൽ കാണാം എന്ന് 9.1ൽ പറഞ്ഞതു നോക്കുക. 4.1.15ൽ ദേവഹൂതിയുടെ കൊച്ചുമോനായ സോമനെ കണ്ടു. സോമന്റെ മകൻ ബുധനാണ് മേൽ സുദ്യുമ്നിയെ വിവാഹം കഴിച്ചത്. അവരുടെ സന്താനമാണ് പുരൂരവസ് (9.1.35). സോമന്റെ വംശത്തെയാണ് സോമവംശം എന്നു പറയുന്നത്. പുരൂരവസും ഭാര്യ ഉർവശിയുമായി നടത്തിയ പ്രണയലീലകളാണ് 9.14ന്റെ വിഷയം.

എസ്ബി 9.15

സുദ്യുമ്നിക്ക് ആറ് പുത്രന്മാർ. 1) ആയു 2) ശ്രുതായു 3) സത്യായു 4) രയൻ 5) വിജയൻ 6) ജയൻ

9.15.2ൽ ശ്രുതായു, സത്യായു, രയൻ, ജയൻ എന്നീനാലു പേരുടെ പുത്രന്മാരെ കാണുന്നു. 9.15.3ൽ വിജയിന്റെ വംശവിസ്താരം തുടങ്ങി പരശുരാമൻ വരെ എത്തുന്നു.

എസ്ബി 9.16

പരശുരാമന്റെ പിതാവ് ജമദഗ്നി. ജമദഗ്നിയുടെ അമ്മ സത്യവതിയെ 9.15.5ൽ കണ്ടു. സത്യവതിയുടെ സഹോദരൻ വിശ്വാമിത്രനെ 9.16.28ൽ കാണുന്നു. വിശ്വാമിത്രനെ പറ്റി പറയുന്ന ചില കാര്യങ്ങളാണ് 9.16ന്റെ വിഷയം.

എസ്ബി 9.17

പുരൂരവസിന്റെ ആറാമത്തെ മകൻ ആയുവിന്റെ വിസ്താരം 9.17ൽ തുടങ്ങുന്നു. 9.17ലെ 1, 2, 3 എന്നീശ്ലോകങ്ങളിലായി ആയുവിന്റെ 5 പുത്രന്മാരുടെ പേരുകൾ കാണുന്നു.

1) നഹുഷൻ 2) ക്ഷത്രവൃദ്ധൻ 3) രജി 4) രംഭൻ 5) അനേനസ്

ഇവരിൽ നഹുഷൻ ഒഴിച്ചുള്ള പുത്രന്മാരുടെ കുടുംബവിസ്താരമാണ് 9.17ൽ.

എസ്ബി 9.18 മുതൽ 9.19 വരെ

നഹുഷന്റെ കുടുംബവിസ്താരം തുടങ്ങുകയാണ് 9.18ൽ. നഹുഷന്റെ മകൻ യയാതി. യയാതിക്ക് ദേവയാനി എന്ന ഭാര്യയിൽ 2 പുത്രന്മാർ.

1) യദു - യദുവംശം 9.23.18ൽ തുടങ്ങും

2) തുർവസു - തൂർവസുവിന്റെ വംശം 9.23.16ൽ തുടങ്ങും

യയാതിക്ക് ശർമ്മിഷ്ഠ എന്ന ഭാര്യയിൽ മൂന്ന് പുത്രന്മാർ.

1) പൂരു - 9.20.2ൽ തുടങ്ങുന്നു

2) അനു - 9.23.1ൽ തുടങ്ങുന്നു

3) ദ്രുഹ്യു - 9.23.14ൽ തുടങ്ങുന്നു

യയാതിയുടെ ഇരട്ട വിവാഹമാണ് 9.18ലെയും 9.19ലെയും വിഷയം. 9.18.32ന്റെ അർത്ഥം പുത്രാഗ്രഹിയായ ശർമ്മിഷ്ഠ ഋതുകാലത്തിൽ യയാതിയുമായി മൈഥുനം നടത്തി എന്നാണ്. സംസ്കൃതത്തിൽ ഋതു എന്നതിന് ഉചിതകാലം എന്നർത്ഥവുമുണ്ട് എന്നറിഞ്ഞാൽ ആശയക്കുഴപ്പം മാറുന്നു.

എസ്ബി 9.20

9.20.2ൽ തുടങ്ങുന്ന പൂരുവംശം ദുഷ്യന്തൻ വഴി ഭരദ്വാജൻ വരെ എത്തുന്നു. ഭരദ്വാജന്റെ ജനനവിശേഷം 9.20ലെ 36 മുതൽ 39 വരെയുള്ള ശ്ലോകങ്ങളിലുണ്ട്. ബ്രഹസ്പതി തന്റെ സഹോദരനായ ഉതത്ഥ്യന്റെ ഭാര്യയെ ബലാൽസംഗം ചെയ്ത് ജനിച്ച പുത്രനാണ് ഭരദ്വാജ മഹർഷി.

എസ്ബി 9.21

ഭരദ്വാജന്റെ വംശം 9.21.34ൽ മുദ്ഗലൻ വരെ എത്തുന്നു. മുദ്ഗലന്റെ പുത്രിയാണ് രാമായണത്തിലെ അഹല്യ. അഹല്യയുടെ വംശത്തിൽ ജനിച്ചവരാണ് കൃപാചാര്യനും ദ്രോണാചാര്യന്റെ ഭാര്യയായ കൃപിയും. ഇവരുടെ ജനനത്തിന്റെ ഒരു ഉപകഥ 9.21.36ൽ കാണുന്നു. ഉർവ്വശി ദർശനം നിമിത്തം കാമപീഡിതനായി തീർന്ന ശരദ്വാന്റെ രേതസ്സ് ശരപ്പുല്ലിൽ പതിച്ചു. ആ രേതസ്സിൽ നിന്നും കൃപി എന്ന സ്ത്രീയും കൃപൻ എന്ന പുരുഷനും ജനിച്ചു.

എസ്ബി 9.22

മുദ്ഗലന്റെ പുത്രൻ ദിവോദാസൻ മുതൽ രിപുഞ്ചയൻ (പുരഞ്ജയൻ) വരെ 9.22ൽ കാണുന്നു.

9.22ൽ കാണുന്ന പ്രധാന വ്യക്തികളെ ശ്രദ്ധിക്കാം.

9.22.2ൽ ദ്രൗപദിയും ധൃഷ്ടദ്യുമ്നനും

9.22.4ൽ കുരു (കുരുവംശത്തിന്റെ തുടക്കക്കാരൻ)

9.22.8ൽ ജരാസന്ധൻ

9.22.12ൽ ശന്തനു

9.22.19ൽ ഭീഷ്മൻ

9.22.21ൽ ഭാഗവതപുരാണമെഴുതിയ വ്യാസൻ

9.22.25ൽ പാണ്ഡുവും ധൃതരാഷ്ട്രരും വിദുരരും

9.22.26ൽ ദുര്യോധനൻ

9.22.27ൽ പാണ്ഡവർ

9.22.33ൽ അഭിമന്യുവും പരീക്ഷിത്തും

9.20ൽ തുടങ്ങിയ പൂരുവംശ വിസ്താരം ഇവിടെ അവസാനിക്കുന്നു.

എസ്ബി 9.23

9.18.33ൽ കണ്ട അനു, ദ്രുഹ്യു, തുർവസു എന്നിവരുടെ വംശപരമ്പര 9.23ൽ കാണുന്നു. 9.23.8ൽ ഋഷ്യശൃംഗൻ, 9.23.24ൽ കാർത്ത്യവീരാർജുനൻ, 9.23.13ൽ അതിരഥൻ എന്നീപ്രധാന വ്യക്തികളെയും ഈ അദ്ധ്യായത്തിൽ കാണുന്നു.

9.18ൽ കണ്ട യദുവിന്റെ വംശവിസ്താരം തുടങ്ങുന്നത് 9.23.18ലാണ്. ആ വംശം വിദർഭൻ വരെ എത്തുന്നു.

എസ്ബി 9.24

വിദർഭനു ശേഷം വരുന്ന പ്രധാന വ്യക്തികളെ ശ്രദ്ധിക്കാം.

ചൈദ്യൻ 9.24.2

വൃഷ്ണി ഒന്ന് 9.24.6

സത്രാജിത്, പ്രസേനൻ 9.24.13

വൃഷ്ണി രണ്ട് 9.24.14

ശ്വപൽക്കൻ 9.24.15

അക്രൂരൻ 9.24.15

ആഹുകൻ 9.24.21

ദേവകൻ, ഉഗ്രസേനൻ 9.24.21

ദേവകിയും 6 സഹോദരിമാരും 9.24ൽ 22, 23

കംസൻ 9.24.24

ഉഗ്രസേനന്റെ പുത്രിമാർ 9.24.25

ശൂരൻ 9.24.27

വസുദേവൻ 9.24.28

കുന്തിയും 4 സഹോദരിമാരും 9.24ൽ 30, 31

ദന്തവക്ത്രൻ 9.24.37

ശിശുപാലൻ 9.24.40

ബലരാമൻ, ശ്രീകൃഷ്ണൻ, സുഭദ്ര 9.24ൽ 54, 55

അങ്ങനെ യദുവംശവിസ്താരവും ഒൻപതാം സ്കന്ധവും തീരുന്നു.

എസ്ബി 10.1

9.24.28ലെ വസുദേവന് 13 ഭാര്യമാരുണ്ടായിരുന്നു. അതിൽ ഒരു ഭാര്യയായിരുന്നു ദേവകി. ദേവകിയുടെ പിതാവായ ദേവകൻ വസുദേവന് സ്ത്രീധനമായി 4000 ആനകൾ, 15000 കുതിരകൾ, 1800 തേരുകൾ നൽകി എന്നത് 10.1.31ൽ കാണുന്നു. ദേവകിയുടെ വിവാഹ സമയത്ത് ദേവകിയുടെ എട്ടാമത്തെ പുത്രൻ കംസനെ കൊല്ലുമെന്ന ആകാശവാണി ഉണ്ടായി. 9.24.21ൽ ദേവകനും ഉഗ്രസേനനും സഹോദരന്മാരായിരുന്നു എന്നതു കാണുന്നു. ഉഗ്രസേനന്റെ മകനാണ് കംസൻ. അങ്ങനെ ദേവകിയുടെ കസിൻ ആണ് കംസൻ.

ആകാശവാണി ശ്രവിച്ച കംസൻ ദേവകിയെയും വസുദേവരെയും തടവിലാക്കി. ദേവകി വർഷാവർഷം പ്രസവിക്കാൻ തുടങ്ങി. 6 കുട്ടികളെ കംസൻ കൊന്നു. ഇതാണ് 10.1ന്റെ വിഷയം.

എസ്ബി 10.2

10.2.5ൽ ദേവകി ഏഴാമതും ഗർഭിണിയായി എന്നതു കാണുന്നു. 9.24.45ൽ വസുദേവന്റെ ഭാര്യ രോഹിണിയുടെ പേരുണ്ട്. ദേവകിയുടെ ഗർഭത്തിലെ ശിശുവിനെ രോഹിണിയുടെ ഗർഭത്തിലേക്ക് മാറ്റി എന്ന് 10.2.15ൽ കാണുന്നു. ഏഴു വർഷമായി ഭർത്താവ് ജയിലിൽ ആയിരുന്ന രോഹിണിയുടെ ഗർഭത്തെ സമൂഹം എങ്ങനെ അംഗീകരിച്ചു എന്നത് ഭാഗവതത്തിൽ ഇല്ല. ഒന്നുകിൽ വസുദേവൻ പരോളിൽ പുറത്തു വന്നിരിക്കും. അല്ലെങ്കിൽ രോഹിണി വസുദേവനെ കാണാൻ ജയിലിൽ പോയിരിക്കും. ഇങ്ങനെ എന്തോ ഒരു സംഭവം നാട്ടുകാർക്ക് അറിയാമായിരിക്കും. ദേവകിയുടെ ഗർഭത്തിൽ അവതരിച്ച് രോഹിണി പ്രസവിച്ച കുട്ടിയാണ് ബലരാമൻ. ജയിലിലെ ദേവകി എട്ടാമതും ഗർഭിണിയായി. ഇതാണ് 10.2ലെ വിഷയം.

എസ്ബി 10.3

ദേവകി എട്ടാമതും ഒരാൺകുട്ടിയെ പ്രസവിച്ചു. ദേവകി താമസിച്ചിരുന്ന ജയിൽ യു.പിയിലെ മഥുരയിലെ യമുനാനദിയുടെ തീരത്തായിരുന്നു. യമുനയുടെ അക്കരെ നന്ദഗോപർക്കും യശോദയ്ക്കുമായി ഒരു പെൺകുട്ടി ജനിച്ചിരുന്നു. ദേവകിയുടെ മകൻ കൃഷ്ണനെ വസുദേവൻ അക്കരയ്ക്ക് കൊണ്ടുപോയി യശോദയുടെ അടുത്തു കിടത്തിയിട്ട് യശോദയുടെ മകളെ കൊണ്ടുവന്ന് ദേവകിയുടെ അടുത്ത് കിടത്തി. വസുദേവൻ നടത്തിയ ശിശുമോഷണ, വിനിമയമാണ് 10.3ലെ വിഷയം.

എസ്ബി 10.4

ദേവകി പ്രസവിച്ച വിവരമറിഞ്ഞ കംസൻ തടങ്കിൽ ചെന്ന്

അവിടെക്കണ്ട പെൺകുട്ടിയെ കൊല്ലാൻ ശ്രമിച്ചപ്പോൾ ആ കുട്ടി കുതറിമാറിയിട്ട് കംസനെ കൊല്ലാൻ പോകുന്ന ആൺകുട്ടി ജനിച്ചിട്ടുണ്ട് എന്നു പറഞ്ഞു. അതു കേട്ട കംസൻ പത്ത് ദിവസമാകാത്ത എല്ലാ കുഞ്ഞുങ്ങളെയും കൊല്ലാൻ തീരുമാനിച്ചു. ഇതാണ് 10.4ലെ വിഷയം.

എസ്ബി 10.5

നന്ദഗോപനും യശോദയും കൃഷ്ണനും താമസിച്ചിരുന്നത് യമുനയുടെ ഒരു ഭാഗത്ത്. ആ സ്ഥലത്തിന്റെ പേര് ഗോകുലം. യമുനയുടെ മറ്റേ കരയിലാണ് മഥുരയും വസുദേവരുടെ ജയിലും.

ഒരു ദിവസം നന്ദഗോപൻ ഒരു ബോട്ടിൽ കേറി അക്കരയിലെ മഥുരയ്ക്ക് പോയി കരമടച്ച് തിരിച്ചു ഗോകുലത്തിൽ ചെന്നു. ഇതാണ് 10.5ലെ വിഷയം.

എസ്ബി 10.6

നിരോധം എന്നത് ഒരു പുരാണലക്ഷണമാണ്. തടയൽ അല്ലെങ്കിൽ നശിപ്പിക്കൽ എന്നാണതിന്റെ അർത്ഥം. നിരോധപ്രവൃത്തികളിൽ ദേവേന്ദ്രൻ കുപ്രസിദ്ധനായിരുന്നു. കൃഷ്ണന്റെ ജനനത്തിനുശേഷം കൃഷ്ണന്റെ നിരോധപ്രവൃത്തികൾ ഭാഗവതത്തിൽ കാണുന്നു.

കൃഷ്ണൻ പൂതനയെ വധിക്കുന്നതാണ് 10.6ന്റെ വിഷയം.

എസ്ബി 10.7

കൃഷ്ണൻ ശകടനെ കൊന്നു, തൃണാവർത്തനെ കൊന്നു.

എസ്ബി 10.8

ഗർഗ്ഗൻ എന്നയാളെ 9.21.1ൽ കണ്ടു. അദ്ദേഹം ഗോകുലത്തിലെ കുട്ടികൾക്ക് പേരിട്ടു. നന്ദഗോപന്റെ കുട്ടിക്ക് കൃഷ്ണൻ എന്നും രോഹിണിയുടെ കുട്ടിക്ക് രാമനെന്നും.

എസ്ബി 10.9

കൃഷ്ണന്റെ മോഷണപ്രവൃത്തികളിലും മറ്റും പരവശയായ യശോദ കൃഷ്ണനെ ഉരലിൽ കെട്ടിയിട്ടു. ഇതാണ് 10.9ന്റെ വിഷയം.

എസ്ബി 10.10

ഉരലിൽ കെട്ടിയിടപ്പെട്ട കൃഷ്ണൻ ഉരലും വലിച്ചുകൊണ്ട് രണ്ടു മരങ്ങൾക്കിടയിലൂടെ നടന്നു എന്നും അപ്പോൾ ആ രണ്ടു മരങ്ങളും മനുഷ്യരായി എന്നുമാണ് 10.10ന്റെ വിഷയം. രണ്ടു മരമണ്ടന്മാർ മനുഷ്യരായി മാറി എന്ന് താൽപര്യം. കൃഷ്ണന് വയസ്സ് അഞ്ചിനു താഴെ. ഇതോടെ കൃഷ്ണന്റെ ഗോകുലവാസം തീർന്നു.

എസ്ബി 10.11

അഞ്ചു വയസ്സാകാത്ത കൃഷ്ണനെയും കൂട്ടി നന്ദഗോപർ യശോദ, രോഹിണി, ബലരാമൻ എന്നിവരും കൂട്ടരും വൃന്ദാവനത്തിലേക്ക് താമസം മാറ്റി. യു.പിയിൽതന്നെയുള്ള ഒരു സ്ഥലമാണ് വൃന്ദാവനം. അവിടെ എത്തിയ കൃഷ്ണൻ ഒരു പശുക്കുട്ടിയെയും ഒരു കൊക്കിനെയും കൊന്നു. അഞ്ചു വയസ്സാകാത്തവരെ കൗമാരപ്രായക്കാർ എന്നും അഞ്ചു കഴിഞ്ഞ് പത്തു വയസ്സു വരെയുള്ളവരെ പൗഗണ്ഡപ്രായക്കാർ എന്നും പറയുന്നു എന്ന് 10.11.59ൽ കാണുന്നു (P. Gopalan Nair 10.12.37). ചുരുക്കത്തിൽ അഞ്ചു വയസ്സു പ്രായമാകാത്തവരെയാണ് കുമാരൻ അല്ലെങ്കിൽ കുമാരി എന്ന് ഭാഗവതത്തിൽ വിളിക്കുന്നത്.

എസ്ബി 10.12

അഞ്ചു വയസ്സാകാത്ത കൃഷ്ണൻ ഒരു പാമ്പിനെ കൊന്നു. അഘാസുരവധം.

എസ്ബി 10.13

കൃഷ്ണനും കൂട്ടർക്കും അഞ്ചു വയസ്സാകുന്നതിനു മുമ്പ് അഘാസുരവധം കഴിഞ്ഞ ദിവസം തന്നെ ബ്രഹ്മാവ് ഗോപന്മാരെയും പശുക്കുട്ടികളെയും മറച്ചുവച്ചു. കൃഷ്ണൻ അവരുടെ സാദൃ

ശ്യങ്ങളെ വീട്ടിൽ എത്തിച്ചു. അങ്ങനെ കൃഷ്ണൻ ബ്രഹ്മനിരോധം നടത്തിയതാണ് 10.13ലെ വിഷയം.

എസ്ബി 10.14

ജാള്യനാക്കപ്പെട്ട ബ്രഹ്മാ ഒരു വർഷം കഴിഞ്ഞ് ഗോപന്മാരെയും പശുക്കുട്ടികളെയും കൃഷ്ണന് തിരിച്ചുനൽകി, കൃഷ്ണനെ സ്തുതിച്ചു. ആറു വയസ്സുള്ള കുട്ടികൾ വീട്ടിൽ ചെന്ന് ഇന്ന് അഘാസുര വധം നടന്നു എന്നു പറഞ്ഞു. കാരണം ബ്രഹ്മാവിന്റെ മറവിലായിരുന്ന ഒരു വർഷം അവർ അറിഞ്ഞില്ല. അതിനാൽ കൗമാരത്തിൽ നടന്ന സംഭവം പൗഗണ്ഡത്തിൽ കുട്ടികൾ വീട്ടിൽ പറഞ്ഞു.

എസ്ബി 10.15

ബലരാമൻ താലവനത്തിലെ കാവൽക്കാരനെ കൊന്ന് ആ തോട്ടത്തിലെ പഴങ്ങൾ തിന്നു. ഇതാണ് 10.15ലെ വിഷയം.

എസ്ബി 10.16

6.6.22ലെ കദ്രു എന്ന സ്ത്രീക്കും താർക്ഷ്യൻ എന്ന പുരുഷനുമായി ജനിച്ച പുത്രന്മാരിൽ ഒരാളായ കാളിയൻ പരിസരമലിനീകരണം നടത്തിയതിനാൽ കൃഷ്ണൻ കാളിയനെ ഓടിച്ചു. കാവ്യാത്മകമായി പറഞ്ഞാൽ ആറു വയസ്സുകാരൻ കൃഷ്ണൻ കാളിയന്റെ പത്തികളെ അടിച്ചമർത്തി. 10.16.31ൽ കാളിയന്റെ ഭാര്യമാർ കരഞ്ഞതായി കാണുന്നു. ഇതാണ് 10.16ലെ വിഷയം. അതായത് കാളിയനിരോധം.

എസ്ബി 10.17

ദക്ഷൻ രണ്ടാമന്റെ രണ്ടു പുത്രിമാരാണ് വിനതയും കദ്രുവും. ഇവരെ 6.6.21ൽ കാണാം. വിനതയുടെ പുത്രന്റെ പേര് ഗരുഡൻ. കദ്രുവിന്റെ പുത്രന്റെ പേര് കാളിയൻ. ഇവരെ 6.6.22ൽ കാണാം. ഇവരെയും സൗഭരി എന്ന വ്യക്തിയെയും ചേർത്ത ഒരു ഉപകഥയാണ് 10.17ലെ വിഷയം. ഇണചേരുന്ന മൽസ്യങ്ങളെ കണ്ട് കാമപീഢിതനായ സൗഭരി മഹർഷിയിൽ നിന്നുമാണ് കഥ

തുടങ്ങുന്നത്.

എസ്ബി 10.18

ബലരാമൻ പ്രലംബൻ എന്ന ഒരു ഗോപനെ കൊന്നു. ഇതാണ് 10.18ലെ വിഷയം. അതാണ് പ്രലംഭനിരോധം.

എസ്ബി 10.19

6 വയസ്സുകാരൻ കൃഷ്ണൻ കാട്ടുതീയിൽനിന്നും പശുക്കളെയും ഗോപന്മാരെയും രക്ഷിച്ചു എന്നതാണ് 10.19ന്റെ വിഷയം.

എസ്ബി 10.20

കൃഷ്ണന്റെ കാലത്ത് വൃന്ദാവനത്തിന്റെ പ്രകൃതി ഭംഗി മഴക്കാലത്ത് എങ്ങനെയായിരുന്നു എന്ന് 10.20.31 വരെയും ബാക്കി ശ്ലോകങ്ങൾ കൊണ്ട് ശരത്ക്കാലത്ത് എങ്ങനെയായിരുന്നു എന്നും വിസ്തരിക്കുന്ന അദ്ധ്യായമാണ് 10ൽ 20.

എസ്ബി 10.21

കൃഷ്ണന്റെ ഓടക്കുഴൽ വായന മനോഹരമാണെന്ന് ഗോപികൾ പറയുന്നതാണ് 10.21ലെ വിഷയം.

എസ്ബി 10.22

കൃഷ്ണന് വയസ്സ് ആറ് (പൗഗണ്ഡം). യു.പിയിലെ പെൺകുട്ടികളെ അഞ്ചു വയസ്സിനു മുമ്പ് വിവാഹം കഴിപ്പിക്കുന്ന പതിവ് കൃഷ്ണന്റെ കാലത്തുമുണ്ടായിരുന്നു. ഒരു മഞ്ഞുകാലത്ത് പുലർച്ചെ കുറെ നാലു വയസ്സുകാരി കുട്ടികൾ (കുമാരി എന്നാൽ അഞ്ചു വയസ്സിനു താഴെയുള്ളവൾ P. Gopalan Nair 10.12.37) പുഴയിൽ കുളിച്ചുകൊണ്ടിരുന്നപ്പോൾ പശുക്കളെ മേയ്ക്കാൻ പോകുന്ന കൃഷ്ണനും കൂട്ടരും അവിടെ എത്തി. പുഴക്കരയിൽ പെൺകുട്ടികളുടെ അടിവസ്ത്രങ്ങൾ കണ്ട കൃഷ്ണനും കൂട്ടരും അവയെ മരക്കൊ

മ്പിൽ കെട്ടിയിട്ടു എന്നത് 10.22.19ൽ കാണുന്നു. അതിനുശേഷം അവിടെ നടന്ന കളിതമാശകളാണ് 10.22ലെ വിഷയം.

എസ്ബി 10.23

ബ്രാഹ്മണർ പൂജ നടത്തിക്കൊണ്ടിരുന്ന സ്ഥലത്ത് പോയി പൂജ തീരുന്നതിനു മുമ്പ് കൃഷ്ണൻ പ്രസാദം ബ്രാഹ്മണ പത്നിമാരിൽ നിന്നും ഭക്ഷിച്ച ബ്രാഹ്മണ നിരോധമാണ് 10.23ലെ വിഷയം.

എസ്ബി 10.24

കൃഷ്ണന് വയസ് ഏഴ്. ആ കാലത്ത് മഴ പെയ്യിക്കൽ ഇന്ദ്രപദവിയുടെ നിയന്ത്രണത്തിലായിരുന്നു. അതിനാൽ വൃന്ദാവനത്തിലെ ജനങ്ങൾ ഇന്ദ്രനെ പൂജിക്കാറുണ്ടായിരുന്നു. കൃഷ്ണൻ, നന്ദഗോപരും കൂട്ടരും നടത്താനിരുന്ന ഇന്ദ്രപൂജ മുടക്കുകയും പകരം ബ്രാഹ്മണർ, പശുക്കൾ, മലകൾ ഇവയെ പൂജിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു എന്നത് 10.24.25ൽ കാണുന്നു. അതായത് ഇന്ദ്രനിരോധമാണ് 10.24ന്റെ വിഷയം.

എസ്ബി 10.25

കൃഷ്ണൻ ഇന്ദ്രപൂജ മുടക്കിയതിന്റെ പ്രതിരോധമായി ഇന്ദ്രൻ വൃന്ദാവനത്തിൽ 7 ദിവസം തീരാത്ത മഴ പെയ്യിച്ചു. അപ്പോൾ 7 വയസ്സുകാരൻ കൃഷ്ണൻ ഗോവർദ്ധന പർവ്വതം പൊക്കി കുടയാക്കി വൃന്ദാവനത്തിലെ ജനങ്ങളെ രക്ഷിച്ചു. കൃഷ്ണനോട് ഇന്ദ്രൻ യുദ്ധം ചെയ്യുന്നത്10.59ൽ വരും. ഇന്ദ്രൻ കൃഷ്ണനെ ദ്വാരകയിൽ നിന്നും സ്ഥാനഭ്രഷ്ടനാക്കുന്നത് 11.6.27 ൽ ഉണ്ട്.

എസ്ബി 10.26

ഒരു ദിവസം ഇടയന്മാർ നന്ദഗോപരോട് ചോദിച്ചു കൃഷ്ണൻ എന്താ ഇങ്ങനെ എന്ന്. കൃഷ്ണൻ ഭഗവാന് തുല്യനാണെന്ന് ഗർഗ്ഗൻ പറഞ്ഞിട്ടുണ്ട് എന്ന് നന്ദൻ മറുപടി നൽകി.

എസ്ബി 10.27

10.25ൽ അപമാനിതനായ ഇന്ദ്രൻ കൃഷ്ണനെ അനുമോദിക്കുന്നതാണ് 10.27ലെ വിഷയം.

എസ്ബി 10.28

ഒരു ദിവസം നന്ദഗോപരെ ഇന്ദ്രന്റെ അനിയൻ വരുണന്റെ ആളുകൾ പിടിച്ചുകൊണ്ടുപോയി. കൃഷ്ണൻ വരുണനെക്കണ്ട് സംസാരിച്ച് നന്ദഗോപരെ തിരിച്ചുകൊണ്ടുവന്നു എന്നതാണ് 10.28ലെ വിഷയം. അതായത് വരുണനിരോധം. 10.28.16ന്റെ അർത്ഥം ''പണ്ടൊരിക്കൽ കൃഷ്ണൻ അക്രൂരന് ബ്രഹ്മലോകം കാട്ടിക്കൊടുത്തു'' എന്നാണ്. നാലുവർഷം കഴിഞ്ഞ് വരാൻ പോകുന്ന ഒരു സംഭവത്തെയാണ് വ്യാസൻ ''പണ്ടൊരിക്കൽ'' എന്നെഴുതിവച്ചിരിക്കുന്നത്. 10.39ൽ ആ സംഭവം വരും. ഭാഗവതം ഇങ്ങനെയൊക്കെയാണ്.

എസ്ബി 10.29

പകൽ സമയം കിട്ടാത്തതിനാൽ കൃഷ്ണൻ ഒരു രാത്രി ഓടക്കുഴൽ വായിച്ചു. അത് ശ്രവിച്ച ഇടയ സ്ത്രീകൾ, തങ്ങൾ ചെയ്തുകൊണ്ടിരുന്ന വൃത്തികൾ ഉപേക്ഷിച്ച്, സ്വന്തം വേഷവിധാനങ്ങളിൽ മാറ്റം വരുത്താതെ വീടിനു പുറത്ത് പോയി. ഏഴു വയസ്സുകാരൻ കൃഷ്ണൻ അവരോട് തിരിച്ചുപോകാൻ പറഞ്ഞിട്ട് ഓടിമറഞ്ഞു. ഇതാണ് 10.29ലെ വിഷയം.

എസ്ബി 10.30

ഇടയ സ്ത്രീകൾ കൃഷ്ണനെ അന്വേഷിക്കുന്നതും അനുകരിക്കുന്നതും മറ്റുമാണ് 10.30ലെ വിഷയം.

എസ്ബി 10.31

എത്ര തിരഞ്ഞിട്ടും ഇടയ സ്ത്രീകൾക്ക് കൃഷ്ണനെ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. അവർ കൃഷ്ണനെ പറ്റി പറയുന്നതാണ്

10.31ലെ വിഷയം.

എസ്ബി 10.32

ഇടയസ്ത്രീകൾ മറഞ്ഞിരുന്ന ഏഴു വയസ്സുകാരൻ കൃഷ്ണനെ കണ്ടുപിടിച്ചു. അവർ ആ കുട്ടിയുമായി സംസാരിച്ചു. ഇതാണ് 10.32ലെ വിഷയം.

എസ്ബി 10.33

(10.29 മുതലുള്ള സംഭവങ്ങൾ നടക്കുന്നത് രാത്രിയിലാണെന്ന് മറക്കരുത്). നേരം പുലരുന്നതിനു മുമ്പ് ഏഴു വയസ്സുകാരൻ കൃഷ്ണനും മുഷിഞ്ഞ വേഷധാരികളായ ഇടയസ്ത്രീകളും ചേർന്ന് നൃത്തം ചെയ്തു. നേരം പുലരാറായപ്പോൾ എല്ലാവരും അവരവരുടെ നിത്യവൃത്തികൾക്കായി പിരിഞ്ഞു. സർവ്വാലങ്കാരഭൂഷിതരായ യുവസുന്ദരിമാരും യുവത്വം തുടിക്കുന്ന കൃഷ്ണനും കൂടി നൃത്തം ചെയ്യുന്നതായി കാണുന്ന ചിത്രങ്ങൾ ചിത്രകാരന്റെ ഭാവന മാത്രമാണ്. ഭാഗവതത്തിൽ അങ്ങനെ ഒരു സംഭവമേയില്ല.

എസ്ബി 10.34

ഒരു ദിവസം ഒരു പെരുമ്പാമ്പ് നന്ദഗോപരെ വിഴുങ്ങി എന്നും കൃഷ്ണൻ തൊട്ടപ്പോൾ സുദർശൻ എന്ന് പണ്ട് പേരുണ്ടായിരുന്ന ആളായി മാറി എന്നതുമാണ് 10.34ലെ ഒരു വിഷയം.

ഇനി രണ്ടാമത്തെ കഥ. മുടിയിൽ രത്നങ്ങൾ ധരിച്ച ശംഖചൂഡൻ കൃഷ്ണന്റെ കൂട്ടുകാരികളെ തട്ടിക്കൊണ്ടുപോയി. കൃഷ്ണൻ ശംഖചൂഡനെ കൊന്ന് രത്നം കൈക്കലാക്കി കൂട്ടുകാരികളെ രക്ഷിച്ചു.

പെരുമ്പാമ്പ് നിരോധം ശംഖചൂഡനിരോധം എന്നീരണ്ടു വിഷയങ്ങളാണ് 10.34ൽ.

എസ്ബി 10.35

ഇടയസ്ത്രീകൾ കൃഷ്ണനെ പറ്റി പാടുന്നതാണ് 10.35ലെ വിഷയം.

എസ്ബി 10.36

8 വയസുകാരൻ കൃഷ്ണൻ ഒരു കാളയെ കൊന്നു. പണ്ട് ആ കാള അരിഷ്ടൻ എന്ന വ്യക്തിയായിരുന്നു എന്നൊരു കഥ. അരിഷ്ടാസുരവധം. അതാണ് 10.36ൽ.

എസ്ബി 10.37

കൃഷ്ണൻ കേശി എന്ന കുതിരയെയും വ്യോമൻ എന്ന ഇടയനെയും കൊന്നു. അതായത് കേശീവധം, വ്യോമവധം ഇവയാണ് 10.37ലെ വിഷയം.

എസ്ബി 10.38

കൃഷ്ണന് പത്തു വയസ്സു കഴിഞ്ഞു. 10.38ൽ അക്രൂരൻ എന്ന വ്യക്തിക്ക് പ്രാധാന്യമുണ്ട്. 9.24.15ൽ അക്രൂരനെ കണ്ടു. അക്രൂരനും യദുവംശജൻ തന്നെ. യദുക്കളുടെ വംശം തുടങ്ങിയത് അദിതിയുടെ പുത്രിയായ സുദ്യുമ്നിയിൽ നിന്നാണ്.

കൃഷ്ണനെ കൊല്ലാനുള്ള ഉദ്ദേശ്യത്തോടെ കൃഷ്ണനെ വൃന്ദാവനത്തിൽ നിന്നും യു.പിയിൽതന്നെയുള്ള മഥുരയിലേക്ക് കൂട്ടിക്കൊണ്ടുവരുവാനായി കംസൻ അയച്ച അക്രൂരൻ വൃന്ദാവനത്തിൽ എത്തുന്നതാണ് 10.38ലെ വിഷയം.

എസ്ബി 10.39

കൃഷ്ണനും ബലരാമനും അക്രൂരനും കൂടി വൃന്ദാവനം വിട്ട് മഥുരയിലേക്ക് യാത്ര ചെയ്യുന്നതാണ് 10.39ലെ വിഷയം. യാത്രയുടെ ഇടയിൽ കൃഷ്ണൻ അക്രൂരന് ബ്രഹ്മലോകം കാട്ടിക്കൊടുത്തു. ഈ സംഭവത്തെയാണ് 10.28.16ൽ അസ്ഥാനത്ത് കാണിച്ചിരിക്കുന്നത്. 10.39 എന്ന അദ്ധ്യായത്തോടെ കൃഷ്ണന്റെ വൃന്ദാവനജീവിതം അവസാനിക്കുന്നു. പിന്നീടൊരിക്കലും കൃഷ്ണൻ വൃന്ദാവനത്തിലേക്ക് പോയില്ല. മഥുരയിൽ കൃഷ്ണൻ ഓടക്കുഴൽ വായിക്കുന്നില്ല. കാലികളെ മേയ്ക്കുന്നില്ല. മോഷണത്തിനു പകരം തട്ടിപ്പറിക്കൽ ചെയ്യുന്നു. ചെറിയ പെൺകുട്ടികളുമായുള്ള

കളിതമാശകൾ നിറുത്തി. വൃന്ദാവനത്തിലെ നിരോധ പ്രവൃത്തികൾ കൃഷ്ണൻ മഥുരയിലും തുടർന്നു. വധങ്ങൾക്കു പുറമെ ധനാർജ്ജവത്തിലും സ്ത്രീസേവയിലും കൃഷ്ണൻ ശ്രദ്ധിച്ചു. കൃഷ്ണനെ നിരോധ ചക്രവർത്തിയായി എന്തിന് കാണിച്ചിരിക്കുന്നു എന്നത് ചിന്തനീയംതന്നെ.

എസ്ബി 10.40

ബ്രഹ്മലോകം കണ്ട അക്രൂരൻ കൃഷ്ണനെ സ്തുതിക്കുന്നതാണ് 10.40ലെ വിഷയം.

എസ്ബി 10.41

കൃഷ്ണനും കൂട്ടരും മഥുരയിൽ എത്തി. കംസന്റെ കൊട്ടാരത്തിലേക്ക് പോകുന്ന വഴിക്ക് ഒരലക്കുകാരനോട് അലക്കിയ വസ്ത്രങ്ങൾ ചോദിച്ചു. വസ്ത്രങ്ങൾ ഉടമകളെ ഏല്പിക്കേണ്ടതിനാൽ അലക്കുകാരൻ വസ്ത്രങ്ങൾ കൃഷ്ണനു കൊടുത്തില്ല. അപ്പോൾ കൃഷ്ണൻ അലക്കുകാരനെ കൊന്നു. അതാണ് രജകനിരോധം. രജകന്റെ കുടുംബം അനാഥമായി. കൃഷ്ണനെ എതിർക്കാൻ ആർക്കും ധൈര്യമില്ലായിരുന്നു. അത്രയ്ക്ക് ഭീകരനായിട്ടാണ് കൃഷ്ണനെ ഭാഗവതത്തിൽ കാണിച്ചിരിക്കുന്നത്.

എസ്ബി 10.42

അലക്കുകാരനെ കൊന്ന ശേഷം കൃഷ്ണൻ കുബ്ജ എന്ന യുവ വേശ്യയുടെ ശരീരത്തിന്റെ കൂന് മാറ്റിക്കൊടുത്തു. 10.42.12ൽ കുബ്ജ വേശ്യയായിരുന്നു എന്നത് കാണുന്നു. കൃഷ്ണൻ കുബ്ജയോട് പറയുന്നു: ''സുന്ദരീ, അവിവാഹിതന്മാരും ഗൃഹം വിട്ട് അന്യത്ര സഞ്ചരിക്കുന്നവരുമായ ഞങ്ങൾക്ക് ഭവതി ആശ്രയമാകുന്നു'' (10.42.12). 12 വയസ്സുകാരൻ കൃഷ്ണൻ ഈ വേശ്യയുമായി ലൈംഗിക വേഴ്ചനടത്തുന്നത് 10.48ൽ വരും.

എസ്ബി 10.43

കംസന്റെ കൊട്ടാരവാതിൽക്കൽ നിന്നിരുന്ന കുവലയാപീഡം

എന്ന ആനയെ കൃഷ്ണൻ കൊന്നു.

എസ്ബി 10.44

കൃഷ്ണൻ കംസനെ കൊന്നു. ജയിലിലായിരുന്ന ദേവകി യെയും വസുദേവനെയും കൃഷ്ണൻ മോചിപ്പിച്ചു. (കൃഷ്ണന്റെ അനുജത്തി സുഭദ്രയെ ദേവകി പ്രസവിച്ചത് ജയിലിലാണോ അതോ പുറത്താണോ എന്ന് ഭാഗവതത്തിൽ കാണുന്നില്ല.)

എസ്ബി 10.45

12 വയസ്സുകാരൻ കൃഷ്ണൻ യു.പിയിൽ നിന്നും മദ്ധ്യപ്രദേ ശിലെ അവന്തി രാജ്യത്തിൽ പോയി സാന്ദീപനിയിൽ നിന്നും 64 വിഷയങ്ങളിൽ നൈപുണ്യം നേടി. ഗുരുവിന്റെ മകനെത്തേടി പോയ കൃഷ്ണൻ വലിയ ഒരു ശംഖ് കൈവശമുണ്ടായിരുന്ന പഞ്ച ജനനെ കൊന്ന് ശംഖ് കൈക്കലാക്കി. പിന്നെ യമന്റെ വീട്ടിൽ നിന്നും കുട്ടിയെ കൊണ്ടുവന്ന് സാന്ദീപനിക്കു കൊടുത്തു. പഞ്ച ജന വധമാണ് 10.45ലെ നിരോധം.

എസ്ബി 10.46

ഉദ്ധവൻ എന്ന ഒരു പ്രധാന വ്യക്തി 10.46ൽ ഉണ്ട്. ഉദ്ധവൻ വസു ദേവന്റെ അനിയൻ ദേവഭാഗനും കംസന്റെ സഹോദരി കംസ യ്ക്കും കൂടി ജനിച്ച മകനാണ് എന്ന പ്രധാന വിഷയം ഭാഗവത ത്തിൽ എഴുതാൻ വ്യാസൻ മറന്നുപോയി. അതായത് കൃഷ്ണന്റെ കസിൻ ആണ് ഉദ്ധവൻ. 9.24.40ലാണ് ഈ പാകപ്പിഴ വന്നത്. കൃഷ് ണന്റെ മരണശേഷം ഉദ്ധവനും വിദുരനുമായി സംസാരിക്കുന്ന തെല്ലാം മൂന്നാം സ്കന്ധത്തിൽതന്നെ കാണുന്നു. അടുക്കും ചിട്ടയു മില്ലാത്ത അവതരണശൈലിയുടെ ഉദാഹരണങ്ങളാണ് മൂന്നാംസ്കന്ധത്തിലെ വിദുര-ഉദ്ധവ സംസാരങ്ങൾ.

12 വയസ്സുകാരൻ കൃഷ്ണൻ ഒരു ദിവസം വൃന്ദാവനത്തിൽ ചെന്ന് വിശേഷങ്ങൾ അറിഞ്ഞുവരാൻ ഉദ്ധവനെ നിയോഗിച്ചു. കൃഷ്ണനോട് ഗോപികൾക്കാണ് ഉദ്ധവനെക്കാൾ കൂടുതൽ

സ്നേഹം എന്ന് കാണിച്ചുകൊടുക്കാനാണ് കൃഷ്ണൻ ഉദ്ധവനെ വൃന്ദാവനത്തിലേക്ക് അയച്ചത്. അതായത് ഉദ്ധവനിരോധമാണ് 10.46ലെ വിഷയം.

എസ്ബി 10.47

ഉദ്ധവൻ വൃന്ദാവനത്തിലെത്തി. നന്ദഗോപർ, യശോദ, ഗോപികൾ ഇവരോടെല്ലാം സംസാരിച്ച് തിരിച്ച് കൃഷ്ണൻ താമസിച്ചിരുന്ന മഥുരയിലെത്തി എന്നതാണ് 10.47ലെ വിഷയം.

എസ്ബി 10.48

10.48ൽ രണ്ട് കഥാതന്തുക്കളുണ്ട്.

1) വേശ്യകൾ തന്നെപ്പോലുള്ള അവിവാഹിതർക്കും ഗൃഹം വിട്ട് സഞ്ചരിക്കുന്നവർക്കും ആശ്രയമാണെന്ന് കൃഷ്ണൻ ഉദ്ഘോഷിച്ചത് 10.42.12ൽ ഉണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കൃഷ്ണൻ ഉദ്ധവനെയും കൂട്ടി കുബ്ജ എന്ന വേശ്യയുമായി ലൈംഗികവേഴ്ച നടത്തിയതാണ് ആദ്യത്തെ വിഷയം.

2) 9.24.15ൽ കണ്ട അക്രൂരന് കൃഷ്ണന്റെ വല്യച്ഛന്റെ സ്ഥാനമാണെന്ന് 10.48.29ൽ കാണുന്നു. പാണ്ഡവർ താമസിച്ചിരുന്നത് യു.പിയിലെ മീററ്റ് ജില്ലയിലെ ഹസ്തിനാപുരത്തിലായിരുന്നു. ഹസ്തിനാപുരത്തിൽ ചെന്ന് പാണ്ഡവരുടെയും മറ്റു പൂരുക്കളുടെയും വിശേഷങ്ങൾ അറിഞ്ഞുവരാൻ കൃഷ്ണൻ അക്രൂരനെ നിയോഗിക്കുന്നതാണ് 10.48ലെ രണ്ടാം വിഷയം.

എസ്ബി 10.49

കൃഷ്ണന്റെ നിർദ്ദേശപ്രകാരം അക്രൂരൻ മീററ്റിലെ ഹസ്തിനാപുരത്തിലെത്തി. അവിടെ പൂരു പ്രധാനികളായ ഭീഷ്മർ, ധൃതരാഷ്ട്രർ, വിദുരൻ, കുന്തി, ബാഹ്ലീകൻ, ദ്രോണൻ, കൃപൻ, കർണ്ണൻ, ദുര്യോധനൻ, അശ്വത്ഥാമാ, പാണ്ഡവർ തുടങ്ങിയവർ താമസിച്ചിരുന്നു എന്നത് 10.49ലെ 1, 2 എന്നീശ്ലോകങ്ങളിലുണ്ട്.

10.49ലെ 18, 19 എന്നീശ്ലോകങ്ങൾ ശ്രദ്ധേയമാണ്. ധൃതരാഷ്ട്രർ സ്വപുത്രന്മാരിലും പാണ്ഡുപുത്രന്മാരിലും സമചിത്തനായി വർത്തിച്ചില്ലെങ്കിൽ അതിന്റെ പ്രത്യാഘാതങ്ങൾ ദു:ഖകരമായിരിക്കും എന്നുള്ള കൃഷ്ണന്റെ സന്ദേശം അക്രൂരൻ ധൃതരാഷ്ട്രരെ അറിയിച്ചു. അതിനു മറുപടിയായി തന്റെ സ്വപുത്ര സ്നേഹാധിക്യം സമചിത്തവൃത്തിക്ക് സമ്മതിക്കുന്നില്ല എന്നു പറഞ്ഞത് 10.49.27ൽ കാണുന്നു. ഹസ്തിനാപുരത്തിൽ നിന്നും തിരിച്ച് മഥുരയിൽ എത്തിയ അക്രൂരൻ കൃഷ്ണനെ വിവരങ്ങൾ അറിയിച്ചു എന്ന് 10.49ലെ 30/31 ശ്ലോകങ്ങളിൽ കാണാം.

എസ്ബി 10.50

9.22.8ലെ ജരാസന്ധന്റെ രണ്ടു പുത്രിമാരായിരുന്നു കംസന്റെ ഭാര്യമാർ. ബിഹാറിലെ മഗധ രാജ്യത്തിന്റെ രാജാവായിരുന്നു ജരാസന്ധൻ. തന്റെ പുത്രിമാരെ വിധവകളാക്കിയ കൃഷ്ണന്റെ മഥുരയെ ജരാസന്ധൻ 17 പ്രാവശ്യം ആക്രമിച്ചു. 17 പ്രാവശ്യവും ജരാസന്ധൻ തോറ്റു പിന്മാറി.

യദുവിനെപ്പോലെതന്നെ യയാതിയുടെ മറ്റൊരു പുത്രനായിരുന്നു തുർവസു (9.18.33). തുർവസുവിന്റെ വംശജനായ യവനനും മഥുര ആക്രമിക്കും എന്നറിഞ്ഞ കൃഷ്ണൻ ഗുജറാത്തിൽ കടലോരത്ത് ദ്വാരക എന്ന പടുകൂറ്റൻ കെട്ടിടമുണ്ടാക്കി താമസം തുടങ്ങി. 15 വയസ്സിനുശേഷം കൃഷ്ണൻ ഗുജറാത്തിലേക്ക് താമസം മാറ്റി. അതിനാലാണ് 10.50 മുതലുള്ള അദ്ധ്യായങ്ങളെ ഉത്തരാർദ്ധം എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്. (Krishna migrated to Gujarat from UP).

എസ്ബി 10.51

യവനൻ മഥുര ആക്രമിച്ചു. കൃഷ്ണൻ ഓടി ഒരു ഗുഹയിൽ കയറി. പിന്നാലെ യവനനും കയറി. ഗുഹയിൽ കിടന്നിരുന്നയാളെ കൃഷ്ണനാണെന്ന് കരുതി യവനൻ ചവിട്ടി. 9.6.38ലെ മുചുകുന്ദനായിരുന്നു ഗുഹയിൽ. മുചുകുന്ദന്റെ ശക്തി മൂലം യവനൻ ഭസ്മമായിപ്പോയി. യവനനിരോധം എന്ന് 10.51നെ വിളിക്കാം.

എസ്ബി 10.52

യവനന്റെ സൈന്യത്തെ നശിപ്പിച്ച് അവരുടെ ധനമെല്ലാം കൃഷ്ണൻ ഗുജറാത്തിലെ ദ്വാരകയ്ക്ക് കൊണ്ടുപോയി (10.52.5).

9.3.36ൽ കണ്ട ബലരാമവിവാഹം 10.52.15ൽ വീണ്ടും പറയുന്നു.

10.52ൽ കാണുന്ന പ്രധാന വ്യക്തികളെ നമുക്ക് ശ്രദ്ധിക്കാം.

1) മഹാരാഷ്ട്രയിലെ വിദർഭ രാജ്യത്തിന്റെ രാജാവായ ഭീഷ്മകൻ 10.52.21

2) ഭീഷ്മകന്റെ മകൻ രുഗ്മി

3) ഭീഷ്മകന്റെ മകൾ രുഗ്മിണി

4) കൃഷ്ണന്റെ അപ്പച്ചി ശ്രുതശ്രവസിന്റെ മകനാണ് ശിശുപാലൻ. അതായത് കൃഷ്ണനും ശിശുപാലനും കസിൻസ് ആണ്. ശിശുപാലൻ ചേദി രാജ്യത്തിന്റെ രാജാവായിരുന്നു. രുഗ്മിണി എന്ന മറാത്തി പെൺകുട്ടിയെ ശിശുപാലനെക്കൊണ്ട് വിവാഹം കഴിപ്പിക്കാൻ രുഗ്മിച്ചേട്ടൻ തീരുമാനിച്ചു. എന്നാൽ രുഗ്മിണിക്ക് ഇഷ്ടം കൃഷ്ണനെ. അതിനാൽ രുഗ്മിണി കൃഷ്ണന് ഒരു സന്ദേശമയച്ചു. ഇത്രയുമാണ് 10.52ലെ വിഷയങ്ങൾ.

എസ്ബി 10.53

രുഗ്മിണിയും ശിശുപാലനുമായുള്ള വിവാഹത്തിൽ പങ്കുചേരാൻ എത്തിയവരെ ശ്രദ്ധിക്കാം.

1) രുഗ്മിചേട്ടൻ. രുഗ്മിയെ ബലരാമൻ കൊല്ലുന്നത് 10.61ൽ കാണുന്നു.

2) ശിശുപാലൻ. ശിശുപാലനെ കൃഷ്ണൻ കൊല്ലുന്നത് 10.74ൽ കാണുന്നു.

3) സാല്വൻ (10.53.17). സാല്വനെ കൃഷ്ണൻ കൊല്ലുന്നത് 10.77ൽ കാണുന്നു.

4) ജരാസന്ധൻ (10.53.17). കംസന്റെ അമ്മായിയച്ഛനായ ജരാസന്ധനെ ചതിയിലൂടെ കൃഷ്ണൻ കൊല്ലിക്കുന്നത് 10.72ൽ കാണുന്നു.

5) ദന്തവക്ത്രൻ (10.53.17) വസുദേവന്റെ സഹോദരിയായ

ശ്രുതദേവയുടെ മകനാണ് ദന്തവക്ത്രൻ. അതായത് കൃഷ്ണന്റെ കസിൻ. ദന്തവക്ത്രനെ കൃഷ്ണൻ കൊല്ലുന്നത് 10.78ൽ കാണുന്നു.

6) പൗണ്ഡ്രകൻ (10.53.17). മദ്ധ്യപ്രദേശിലെ കരൂഷം രാജ്യത്തിലെ രാജാവായിരുന്നു. പൗണ്ഡ്രകനെ കൃഷ്ണൻ കൊല്ലുന്നത് 10.66ൽ കാണുന്നു.

7) വിദൂരഥൻ (10.53.17). വിദൂരഥൻ ദന്തവക്ത്രന്റെ സഹോദരനാണ് എന്നത് 10.78.11ൽ കാണുന്നു. വിദൂരഥനെ കൃഷ്ണൻ കൊല്ലുന്നത് 10.78.12ൽ കാണുന്നു.

അങ്ങനെ രുഗ്മിണിയും ശിശുപാലനുമായുള്ള വിവാഹത്തിൽ പങ്കുചേരാൻ പോയിരുന്ന എല്ലാ പ്രധാനപ്പെട്ട വ്യക്തികളെയും കൊല്ലുന്ന ഒരാളായിട്ടാണ് ഭാഗവതത്തിൽ കൃഷ്ണനെ കാണിച്ചിരിക്കുന്നത്.

രുഗ്മിണിയും ശിശുപാലനും തമ്മിൽ വിവാഹം നടക്കേണ്ടിയിരുന്ന ദിവസം കൃഷ്ണൻ രുഗ്മിണിയെ തട്ടിക്കൊണ്ടുപോയതാണ് 10.53ലെ വിഷയം.

എസ്ബി 10.54

വിദർഭയിൽനിന്നും (മഹാരാഷ്ട്ര) തട്ടിക്കൊണ്ടുപോയ രുഗ്മിണിയെ ഗുജറാത്തിലെ ദ്വാരകയിൽ കൊണ്ടുപോയി കൃഷ്ണൻ വിവാഹം കഴിക്കുന്നതാണ് 10.54ലെ വിഷയം.

എസ്ബി 10.55

കൃഷ്ണനും രുഗ്മിണിക്കുമായി പ്രദ്യുമ്നൻ ജനിച്ചു. ആ പ്രദ്യുമ്നൻ ശംബരനെ കൊന്നു. ഇതാണ് 10.55ലെ വിഷയം.

എസ്ബി 10.56

കൃഷ്ണൻ താമസിച്ചിരുന്ന ഗുജറാത്തിലെ ഒരു രത്നവ്യാപാരി ആയിരുന്നു സത്രാജിത്ത് (9.24.13). കൃഷ്ണനും സത്രാജിത്തും

യാദവർതന്നെ. കൃഷ്ണൻ ഉഗ്രസേനനുവേണ്ടി സത്രാജിത്തിന്റെ കയ്യിലെ സ്യമന്തകം രത്നം ചോദിച്ചു (10.56.12). കൃഷ്ണന്റെ ഈ രത്നപ്രേമം അല്ലെങ്കിൽ ധനാസക്തി സത്രാജിത്തിന്റെ മകൾ സത്യ ഭാമയും ജാംബവാന്റെ മകൾ ജാംബവതിയും കൃഷ്ണന്റെ ഭാര്യമാ രാകുന്നതിൽ എത്തിച്ചേരുന്നു. കൃഷ്ണൻ ജാംബവതിയിൽ പത്ത് പുത്രൻമാരെ ജനിപ്പിച്ചു എന്നത് 10.61.12 ൽ കാണുന്നു. അതിൽ നിന്നും ജാംബവാൻ കുരങ്ങും കരടിയുമൊന്നുമല്ലായിരുന്നു എന്നും വളരെ ശക്തനും അപരിഷ്കൃതനുമായ ഒരു പുരുഷനായിരുന്നു എന്നും മനസ്സിലാകുന്നു.

രത്നം കഴുത്തിലണിഞ്ഞ് കാട്ടിൽ പോയ പ്രസേനനെ (സത്രാജി ത്തിന്റെ അനിയൻ) ഒരു സിംഹം കൊന്നു.

എസ്ബി 10.57

സ്യമന്തകം കഥയിലെ കഥാപാത്രങ്ങളെ ശ്രദ്ധിക്കാം.

1) സത്രാജിത്ത് - രത്നവ്യാപാരി

2) പ്രസേനൻ - സത്രാജിത്തിന്റെ അനിയൻ

3) സത്യഭാമ - സത്രാജിത്തിന്റെ മകൾ

4) ശതധന്വ - സത്യഭാമയെ ശതധന്വാവിന് വിവാഹം കഴിച്ചു കൊടുക്കാമെന്ന് സത്രാജിത്ത് പറഞ്ഞിരുന്നു.

5) അക്രൂരൻ (9.24.15) - കൃഷ്ണന്റെ വല്യച്ഛൻ

6) കൃതവർമ്മ (9.24.27) - കൃഷ്ണന്റെ ബന്ധു

7) ജാംബവാൻ (10.56.21) - അതിബലവാനായ ഒരു ഗുജറാത്തി

8) ജാംബവതി - ജാംബവാന്റെ മകൾ

സത്രാജിത്തിന്റെ രത്നം അനിയൻ പ്രസേനൻ എടുത്തു. പ്രസേ നനെക്കൊന്ന് സിംഹം രത്നമെടുത്തു. സിംഹത്തെ കൊന്ന് ജാംബ വാൻ രത്നമെടുത്തു. ജാംബവാനോട് കൃഷ്ണൻ മല്ലയുദ്ധം ചെയ്തു. ജാംബവാൻ മകൾ ജാംബവതിയെയും രത്നത്തെയും കൃഷ്ണനു കൊടുത്തു. കൃഷ്ണൻ രത്നം സത്രാജിത്തിനെ ഏല്പി ച്ചു. സത്രാജിത്ത് മകൾ സത്യഭാമയെ കൃഷ്ണനു കൊടുത്തു.

അക്രൂരന്റെയും കൃതവർമ്മയുടെയും പ്രേരണമൂലം സത്യഭാമ

യുടെ കാമുകൻ ശതധന്വ സത്രാജിത്തിനെ കൊന്ന് രത്നമെടുത്തു. തന്റെ അമ്മായിയച്ഛനെ കൊന്ന ശതധന്വാവിനെ കൃഷ്ണൻ കൊന്നു. ശതധന്വാവിനെ കൊന്നത് വെറുതെയായി. രത്നം കിട്ടിയില്ല എന്ന് കൃഷ്ണൻ ദു:ഖിക്കുന്നത് 10.57.22ൽ കാണുന്നു.

കൃഷ്ണൻ നുണ പറഞ്ഞു എന്ന് ധരിച്ച ബലരാമൻ ബീഹാറിലെ മിഥിലയിലേക്ക് പോയി. അവിടെ മിഥില രാജാവിന്റെ കൂടെ താമസിച്ചു. ആ കാലഘട്ടത്തിലാണ് ദുര്യോധനൻ ബലരാമനിൽ നിന്നും ഗദാഭ്യാസം പഠിച്ചത്.

രത്നം വല്യച്ഛൻ അക്രൂരന്റെ കയ്യിൽ ശതധന്വ ഏല്പിച്ചിരിക്കും എന്ന് കൃഷ്ണൻ ഊഹിച്ചു. അക്രൂരനോട് ചോദിച്ചപ്പോൾ അക്രൂരൻ രത്നം കൃഷ്ണന് കൊടുത്തു. കൃഷ്ണൻ അത് അക്രൂരനു തന്നെ കൊടുത്തു.

ഈ അദ്ധ്യായത്തോടെ കൃഷ്ണന് ഭാര്യമാർ മൂന്ന്.

എസ്ബി 10.58

അഞ്ചുപേരെക്കൂടി കൃഷ്ണൻ ഭാര്യമാരാക്കുന്നത് ഈ അദ്ധ്യായത്തിലാണ്.

അദിതിയുടെ വംശമാണ് ആദിത്യകുടുംബം. അതിലെ ഒരു സ്ത്രീയാണ് കാളിന്ദി. ഇവരാണ് കൃഷ്ണന്റെ നാലാമത്തെ ഭാര്യ. 10.58.20ൽ കാളിന്ദിയുടെ പേര് കാണുന്നു.

അഞ്ചാമത്തെ ഭാര്യ 10.58.31ൽ കാണുന്ന മിത്രവിന്ദ. കൃഷ്ണന്റെ അപ്പച്ചിയായ രാജാധിദേവിയെ 9.24.31ൽ കണ്ടല്ലോ. അവളുടെ മകളായ മിത്രവിന്ദയാണ് കൃഷ്ണന്റെ അഞ്ചാമത്തെ ഭാര്യ.

അടുത്തത് 10.59.56ൽ കാണുന്ന ഭദ്ര. കൃഷ്ണന്റെ അപ്പച്ചിയായ ശ്രുതകീർത്തിയെ 9.24.30ൽ കണ്ടല്ലോ. അവരുടെ മകളായ ഭദ്രയാണ് കൃഷ്ണന്റെ ആറാമത്തെ ഭാര്യ.

സത്യ അഥവാ നഗ്നജിതി എന്ന രാജകുമാരിയാണ് കൃഷ്ണന്റെ ഏഴാമത്തെ ഭാര്യ (10.58.32). യു.പിയിലെ ഫൈസാബാദ് ജില്ലയി

ലെ കോസല രാജ്യത്തിന്റെ (തലസ്ഥാനം അയോദ്ധ്യ) രാജാവായിരുന്നു നഗ്നജിത്. അദ്ദേഹം കൃഷ്ണന് പതിനായിരം പശുക്കൾ, സർവ്വാലങ്കാരഭൂഷിതകളായ മൂവായിരം ദാസികൾ, ഒമ്പതിനായിരം ആനകൾ, ഒമ്പതു ലക്ഷം തേരുകൾ, ഒമ്പതു കോടി കുതിരകൾ, തൊള്ളായിരം കോടി പുരുഷന്മാർ ഇത്രയും സ്ത്രീധനമായി കൊടുത്തു എന്നത് 10.58ലെ 50, 51 എന്നീശ്ലോകങ്ങളിൽ കാണുന്നു.

മാദ്രി അല്ലെങ്കിൽ ലക്ഷ്മണ എന്നുപേരുള്ള രാജകുമാരിയാണ് കൃഷ്ണന്റെ എട്ടാമത്തെ ഭാര്യ.

പഞ്ചാബിലെ മദ്ര രാജ്യത്തിലെ രാജകുമാരിയായിരുന്നു മാദ്രി (10.58.57).

കൃഷ്ണന്റെ എട്ട് ഭാര്യമാർ എവിടത്തുകാരായിരുന്നു എന്ന് ശ്രദ്ധിക്കാം.

1) രുഗ്മിണി - വിദർഭ, മഹാരാഷ്ട്ര (മറാത്തി)

2) ജാംബവതി - ഗുജറാത്തി

3) സത്യവതി - ഗുജറാത്തി

4) കാളിന്ദി - ഇന്ദ്രന്മാർ താമസിച്ചിരുന്ന ദൽഹിയിൽ നിന്ന്

5) മിത്രവിന്ദ - ഇന്ന് പാകിസ്ഥാനിലായിപ്പോയ കേകയ രാജ്യത്തിൽ നിന്ന്

6) ഭദ്ര - ഇന്നത്തെ പാകിസ്ഥാനിലെ കേകയ രാജ്യത്തിൽ നിന്ന്

7) സത്യ - യു.പിയിലെ കോസല രാജ്യത്തിൽ നിന്ന്

8) മാദ്രി - പഞ്ചാബിൽ നിന്ന്

ഈ എട്ട് ഭാര്യമാരിലും കൃഷ്ണൻ പത്തു പുത്രന്മാർ വീതം ഉല്പാദിപ്പിച്ചതും അവരുടെ പേരുകളും 10.61ൽ കാണാം.

കൃഷ്ണൻ കുന്തി എന്ന അപ്പച്ചിയുടെ മകൻ അർജ്ജുനന് തന്റെ അനുജത്തി സുഭദ്രയെ വിവാഹം കഴിച്ചുകൊടുത്തു. രണ്ട് അപ്പച്ചിമാരുടെ പുത്രിമാരെ സ്വയം വിവാഹം കഴിച്ചു. വേറെ രണ്ട് അപ്പച്ചിമാരുടെ പുത്രന്മാരായ ശിശുപാലനെയും ദന്തവക്ത്രനെയും കൊന്നു.

എസ്ബി 10.59

അദിതിയുടെ വീട്ടിൽ ഒരു കുടയും കമ്മലുമുണ്ടായിരുന്നു. അദിതിയുടെ മകളാണ് ഭൂമി. ഭൂമിയുടെ മകൻ നരകൻ ഒരു ദിവസം അദിതിയുടെ കുടയും കമ്മലുമെടുത്തു. ഇതറിഞ്ഞ അമ്മാവൻ ഇന്ദ്രൻ നരകനെ കൊല്ലാൻ കൃഷ്ണനെ ഏർപ്പാടാക്കി എന്നത് 10.59.2ൽ കാണുന്നു. ആസ്സാമിലെ പ്രാഗ്ജ്യോതിഷപുരത്തിലായിരുന്നു നരകൻ. എട്ട് വിവാഹം കഴിച്ച് കൃഷ്ണൻ മധുവിധു ആഘോഷിക്കുന്ന കാലത്താണ് ഈ സംഭവം നടക്കുന്നത്. രത്നവ്യാപാരിയുടെ മകളായ സത്യഭാമയെയും കൂട്ടി കൃഷ്ണൻ നരകവധത്തിനു പോയി (ഭൂമിയുടെ പുത്രനായതിനാൽ നരകനെ ഭൗമൻ എന്നും വിളിക്കുന്നു). ഭൗമനെ കൊന്ന് കൃഷ്ണൻ കുടയും കമ്മലും എടുത്തു. എന്നിട്ട് അവിടെക്കണ്ട 16100 യുവതികളെയും 64 വെള്ളാനകളെയും ഭണ്ഡാരം, തേർ, കുതിര തുടങ്ങിയ സർവ്വതും കൃഷ്ണൻ ദ്വാരകയിലേക്ക് അയച്ചു. 10.59ൽ 33-37 എന്നീശ്ലോകങ്ങളിൽ ഇതു കാണാം. എന്നിട്ട് സത്യഭാമയോടു കൂടി തേരിൽ കയറി ഇന്ദ്രന്റെ വീട്ടിൽ എത്തി, കുടയും കമ്മലും ഇന്ദ്രനെ ഏല്പിച്ചു. ഇന്ദ്രൻ കൃഷ്ണന് നന്ദി പറഞ്ഞു. അപ്പോൾ സത്യഭാമ ഇന്ദ്രന്റെ പൂന്തോട്ടത്തിൽ കണ്ട ഒരു പാരിജാതത്തിന്റെ കൊമ്പ് വേണമെന്നു പറഞ്ഞു. കൃഷ്ണൻ ഒരു കൊമ്പൊടിച്ച് രഥത്തിലിട്ടു (10.59.39). കൃഷ്ണൻ ദ്വാരക നിർമ്മിച്ചപ്പോൾ ഇന്ദ്രൻ പാരിജാതച്ചെടി സമ്മാനിച്ചിട്ടുണ്ടായിരുന്നു (10.50.55). ഇന്ദ്രന്റെ അനുവാദം ചോദിക്കാതെ കൊമ്പ് ഒടിച്ചത് ഇന്ദ്രന് ഇഷ്ടപ്പെട്ടില്ല. ഇന്ദ്രനും കൂട്ടരും കൃഷ്ണനോട് യുദ്ധം ചെയ്തു. (10.59.41) കൃഷ്ണൻ തിരിച്ചും യുദ്ധം ചെയ്തു. അവസാനം കൃഷ്ണൻ തേരിൽ കയറി രക്ഷപ്പെട്ടു.

ഇന്ദ്രനു വേണ്ടി നരകനെ കൊന്ന്, ആസ്സാമിലെ പ്രാഗ്ജ്യോതിഷപുരം കൊള്ളയടിച്ച്, അവിടത്തെ 16100 സ്ത്രീകളെ ദ്വാരകയിലെത്തിച്ച്, ഇന്ദ്രനഗരിയിലെ ചെടിക്കൊമ്പ് ഒടിച്ചതിന് ഇന്ദ്രന്റെ തല്ലു കൊണ്ട് ദ്വാരകയിലേക്ക് പോയ കൃഷ്ണനെയാണ് 10.59ൽ കാണുന്നത്. പ്രിയപത്നിക്കുവേണ്ടി ഇന്ദ്രലോകത്ത് പോയി ഇന്ദ്രനുമായി യുദ്ധം ചെയ്ത് അവിടെനിന്നും പാരിജാതം കൊണ്ടുവന്ന സ്നേഹസ്വരൂപനാണ് കൃഷ്ണൻ എന്നതിന്റെ കഥയാണ് നാം ശ്രദ്ധിച്ചത്.

എസ്ബി 10.60

രുഗ്മിണീനിരോധമാണ് 10.60ലെ വിഷയം. ഒരു ദിവസം കൃഷ്ണൻ രുഗ്മിണിയോട് ചോദിച്ചു, അവൾക്ക് ശിശുപാലനെപ്പോലുള്ള പ്രഗത്ഭ രാജാക്കന്മാരെ ആരെയെങ്കിലും വിവാഹം കഴിക്കാമായിരുന്നില്ലേ എന്ന്. കൃഷ്ണന്റെ ഈ വിനോദം കേട്ട് രുഗ്മിണി തളർന്നുപോയി. ബോധം വന്ന രുഗ്മിണിയോട് 'ഞാൻ തമാശ പറഞ്ഞതല്ലേടീ' എന്നൊക്കെ കൃഷ്ണൻ പറഞ്ഞു. ഇതാണ് 10.60ലെ വിഷയം.

എസ്ബി 10.61

കൃഷ്ണൻ എട്ട് ഭാര്യമാരിലും പത്ത് പുത്രന്മാർ വീതം ജനിപ്പിച്ചു. രുഗ്മിണി ഒരു പുത്രിയെയും പ്രസവിച്ചു. ഇവരുടെ എല്ലാം പേരുകൾ 10.61ലെ 8 മുതൽ 17 വരെയുള്ള ശ്ലോകങ്ങളിൽ കാണുന്നു. ബാക്കി 16100 ഭാര്യമാരുടെ സന്താനങ്ങളെയും കണക്കിലെടുക്കുമ്പോൾ കൃഷ്ണന് പുത്രപൗത്രാദികളായി കോടിക്കണക്കിന് പിൻഗാമികൾ ഉണ്ടായി എന്ന് 10.61.19ൽ കാണുന്നു. ഭൂമിക്ക് താങ്ങാനാവാത്ത ഭാരം ഉണ്ടായി.

രുഗ്മിണിയുടെ മകളാണ് ചാരുമതി. ചാരുമതിയെ വിവാഹം കഴിച്ചത് കൃതവർമ്മാവിന്റെ പുത്രനായ ബലിയാണ്. അങ്ങനെ കൃഷ്ണന്റെ ബന്ധുവാണ് കൃതവർമ്മ. ഈ കൃതവർമ്മതന്നെയാണ് 10.57ലെ സ്യമന്തകം കഥയിലെ കൃതവർമ്മാവും.

കൃഷ്ണൻ, കൃഷ്ണന്റെ മകൻ പ്രദ്യുമ്നൻ, പ്രദ്യുമ്നന്റെ മകൻ അനിരുദ്ധൻ ഇവർ മൂന്നുപേരും വിവാഹം കഴിച്ചത് വിദർഭയിലെ രുഗ്മിയുടെ കുടുംബത്തിൽ നിന്നാണ്. അനിരുദ്ധന്റെ വിവാഹദിവസം ബലരാമൻ രുഗ്മിയെ കൊന്നു എന്നത് 10.61.36ൽ കാണുന്നു.

എസ്ബി 10.62

കൃഷ്ണന്റെ കൊച്ചുമോൻ അനിരുദ്ധൻ മഹാബലിയുടെ മകനായ ബാണന്റെ മകളായ ഉഷയെ വിവാഹത്തിനു മുമ്പ് ഗർഭിണി

യാക്കിയതും ബാണന്റെ ആൾക്കാർ അനിരുദ്ധനെ കെട്ടിയിട്ടതുമാണ് 10.62ന്റെ വിഷയം.

എസ്ബി 10.63

കൃഷ്ണനും കൂട്ടരും പോയി അനിരുദ്ധനെയും ഉഷയെയും ദ്വാരകയിലേക്ക് കൊണ്ടുവന്നു. ഇതാണ് 10.63ലെ വിഷയം. വാമനാവതാരം ഓടിച്ച മഹാബലി ശ്രീകൃഷ്ണാവതാരത്തിന്റെ ബന്ധുവാണെന്ന് കാണുന്നു !!!

എസ്ബി 10.64

ഒരു ദിവസം കൃഷ്ണൻ കിണറ്റിൽ കിടന്ന ഒരു ഓന്തിനെ പുറത്തെടുത്തു. അപ്പോൾ ഓന്ത് മനുഷ്യനായി എന്നും, കഥ പറഞ്ഞു എന്നുമാണ് 10.64ലെ വിഷയം. ഓന്തിന്റെ സ്വഭാവമുണ്ടായിരുന്ന ഒരു മനുഷ്യന് നല്ല സ്വഭാവമുണ്ടായി എന്ന് താൽപര്യം.

എസ്ബി 10.65

ഒരു ദിവസം ബലരാമൻ ഗുജറാത്തിലെ ദ്വാരകയിൽനിന്നും യു.പിയിലെ വൃന്ദാവനത്തിലെത്തി. എന്നിട്ട് മദ്യം കഴിച്ച് തലയ്ക്ക് വെളിവില്ലാതെ ഒരു കാതിൽ മാത്രം കമ്മലുമിട്ട് കുറെ സ്ത്രീകളെയും കൂട്ടി വൃന്ദാവനത്തിലെ യമുനാതീരത്തിലെത്തി. തലയ്ക്ക് വെളിവില്ലാതിരുന്ന ബലരാമൻ യമുനാനദിയെ തന്റെ അടുക്കലേക്ക് വിളിച്ചു. പിന്നെ യമുനാതീരത്ത് കുത്തുകയും കുഴിക്കുകയും ചെയ്തു. പിന്നെ തുണിയില്ലാതെ സ്ത്രീകളോടൊപ്പം നദിയിൽ ഇറങ്ങി വിഹരിച്ചു. ലക്ഷ്മീദേവി (ധനികയായ ഒരു സ്ത്രീ) ബലരാമന് ഉടുക്കാൻ വസ്ത്രങ്ങൾ കൊടുത്തു. മദ്യപാനിയും സ്ത്രീലമ്പടനുമായിട്ടാണ് ബലരാമനെ 10.65ൽ കാണിച്ചിരിക്കുന്നത്.

എസ്ബി 10.66

പൗണ്ഡ്രകൻ 9.24.37ലെ ദന്തവക്ത്രന്റെ ജ്യേഷ്ഠനായി വരും. രുഗ്മിണി-ശിശുപാല വിവാഹം നടത്താൻ ആഗ്രഹിച്ചിരുന്ന ഒരു

വ്യക്തിയാണ് പൗണ്ഡ്രകൻ (10.53.17). കൃഷ്ണൻ കാശിയിൽ പോയി പൗണ്ഡ്രകനെയും പൗണ്ഡ്രകന്റെ കൂട്ടുകാരൻ കാശിരാജാവിനെയും കൊന്നു.

എസ്ബി 10.67

10.67.2ൽ നരകൻ, ദ്വിവിദൻ, സുഗ്രീവൻ, മൈന്ദൻ എന്നീപേരുകൾ കാണാം. നരകൻ സീതയുടെ സഹോദരൻ, ശ്രീരാമന്റെ അളിയൻ. സുഗ്രീവൻ രാമഭക്തൻ. ദ്വിവിദൻ സുഗ്രീവന്റെ മന്ത്രിയും, നരകന്റെ സുഹൃത്തും, മൈന്ദന്റെ സഹോദരനുമാണ് (10.67.2). ഇവരെല്ലാവരും ശ്രീരാമഭക്തന്മാരാണ്. ദ്വിവിദന്റെയും മൈന്ദന്റെയും പേരുകൾ അദ്ധ്യാത്മരാമായണത്തിൽ കിഷ്കിന്ധാകാണ്ഡത്തിൽ 1388-ാം വരിയിലും മറ്റുമുണ്ട്.

ഇന്ദ്രനു വേണ്ടി നരകനെ കൃഷ്ണൻ കൊന്നത് 10.59ൽ കണ്ടു (ശ്രീരാമന്റെ അളിയനായ നരകനെ കൊന്നത് കൃഷ്ണനാണ് എന്ന് താൽപര്യം). നരകന്റെ മരണത്തിൽ ദു:ഖിച്ച ദ്വിവിദൻ കൃഷ്ണനഗരി ആക്രമിച്ചപ്പോൾ മദ്യം കഴിച്ച് കണ്ണുകൾ ഇളകുന്നവനും, സ്ത്രീകളാൽ ചുറ്റപ്പെട്ടവനും മദ്യത്തിന്റെ ലഹരിയിൽ പാട്ടു പാടുന്നവനുമായി 10.67ലെ 9, 10 എന്നീശ്ലോകങ്ങളിൽ കാണിച്ചിരിക്കുന്ന ബലരാമൻ ദ്വിവിദനെ കൊന്നു. ശ്രീരാമഭക്തനായ ദ്വിവിദനെ മദ്യപാനിയായ ബലരാമൻ കൊന്നു. ഇതാണ് 10.67ലെ വിഷയം.

എസ്ബി 10.68

വ്യാസന്റെ കൊച്ചുമോനാണ് ദുര്യോധനൻ. ദുര്യോധനത്തിന്റെ മകൾ ലക്ഷ്മണയെ കൃഷ്ണന്റെ മകൻ സാംബൻ വിവാഹം കഴിക്കുന്നതാണ് 10.68ലെ വിഷയം. അതായത് കൃഷ്ണനും ദുര്യോധനനും ബന്ധുക്കളാണ്. ദുര്യോധനനെ ഭീമനെക്കൊണ്ട് കൊല്ലിക്കുന്നത് കൃഷ്ണനാണ് എന്നത് മഹാഭാരതത്തിലുണ്ട്.

എസ്ബി 10.69

കണക്കില്ലാത്ത ധനം ചെലവു ചെയ്ത് കൃഷ്ണൻ നിർമിച്ച ദ്വാര

കയുടെ ഭംഗിയും 16108 ഭാര്യമാർക്കായി 16108 വീടുകൾ പണിയിച്ച് അവരുമായി കൃഷ്ണൻ രമിക്കുന്നതും മറ്റുമാണ് 10.69ലെ വിഷയം. കൊലപാതകം, ധനശേഖരണം, സ്ത്രീസേവ എന്നീ പ്രവൃത്തിക ളിൽ പ്രഗത്ഭനായ ഒരു കൃഷ്ണനെയാണ് ഭാഗവതത്തിൽ വീണ്ടും വീണ്ടും വ്യാസൻ കാണിക്കുന്നത്. (Dowries from 16108 wives and collections from different kingdoms are the source capital for Krishna to build and maintain the massive dwaraka.)

എസ്ബി 10.70

ഒരിക്കൽ കൃഷ്ണന് രണ്ട് ക്ഷണങ്ങൾ ഒരുമിച്ച് കിട്ടി. 1) മഗധ യിൽ പോയി ജരാസന്ധനെ കൊല്ലാനുള്ള ക്ഷണം 2) ഹസ്തിനാ പുരത്തിൽ യുധിഷ്ഠിരൻ നടത്തുന്ന രാജസൂയത്തിൽ പങ്കെടുക്കാ നുള്ള ക്ഷണം.

എസ്ബി 10.71

തന്റെ സഹോദരി സുഭദ്രയെ അർജ്ജുനനെക്കൊണ്ട് കൃഷ്ണൻ വിവാഹം കഴിപ്പിച്ചത് ഭീമനെക്കൊണ്ട് ജരാസന്ധനെ കൊല്ലിക്ക ണമെന്ന ഉദ്ദേശത്തോടെയാണ്. അതിനാൽ ആദ്യം ഹസ്തിനാപുര ത്തിലേക്ക് പോകാൻ കൃഷ്ണൻ തീരുമാനിച്ചു. കൃഷ്ണൻ ഹസ്തി നാപുരത്തിലേക്ക് പോയപ്പോൾ ഭാര്യമാരെയും അനേകം വേശ്യക ളെയും കൂട്ടിക്കൊണ്ടാണ് പോയത് എന്ന് 10.71.16ൽ കാണുന്നു.

എസ്ബി 10.72

രാജസൂയം നടത്തുന്നയാൾ എല്ലാ രാജാക്കന്മാരുടെയും രാജാ വായിത്തീരുന്നു. എതിർക്കുന്ന രാജാവിനെ തോല്പിക്കേണ്ടത് രാജ സൂയം നടത്തുന്ന രാജാവിന്റെ കടമയാണ്. യുധിഷ്ഠിരൻ രാജ സൂയം നടത്തുന്ന കാര്യം ജരാസന്ധനെ അറിയിക്കാൻ കൃഷ്ണനും അർജ്ജുനനും ഭീമനും ബ്രാഹ്മണവേഷത്തിൽ ചെന്ന് തങ്ങളിൽ ഒരാളോട് മല്ലയുദ്ധം ചെയ്ത് ജയിക്കണമെന്ന് പറഞ്ഞു. ജരാസ ന്ധനും ഭീമനും മല്ലയുദ്ധം ചെയ്തു. ഈ മല്ലയുദ്ധം 27 ദിവസം നീണ്ടു നിന്നു. പകൽ മുഴുവനും മല്ലയുദ്ധം. രാത്രിയിൽ ഒന്നിച്ച് ആഹാരം കഴിച്ച് വിശ്രമിക്കും എന്ന് 10.72.40ൽ കാണുന്നു. അവസാനം, ജരാ

സന്ധന്റെ ജനനവിശേഷം അറിയാമായിരുന്ന കൃഷ്ണൻ ഭീമനോട് ജരാസന്ധനെ രണ്ടായി പിളർക്കാൻ പറഞ്ഞു. അങ്ങനെ ചെയ്തപ്പോൾ ജരാസന്ധൻ മരിച്ചു. അങ്ങനെ ഭീമനെക്കൊണ്ട് ജരാസന്ധനെ കൃഷ്ണൻ കൊല്ലിച്ചതാണ് 10.72ലെ വിഷയം.

എസ്ബി 10.73

ജരാസന്ധനെ കൊന്ന ശേഷം കൃഷ്ണൻ, അർജ്ജുനൻ, ഭീമൻ എന്നിവർ തിരിച്ച് ഹസ്തിനാപുരത്തിലെത്തി. ഇതാണ് 10.73ലെ വിഷയം.

എസ്ബി 10.74

രുഗ്മിണിയും ശിശുപാലനുമായുള്ള വിവാഹം ആഗ്രഹിച്ചവരിൽ രുഗ്മി, പൗണ്ഡ്രകൻ, ജരാസന്ധൻ ഇവരുടെ വധങ്ങൾ കഴിഞ്ഞു. യുധിഷ്ഠിരന്റെ രാജസൂയ യജ്ഞം നടക്കുമ്പോൾ കൃഷ്ണൻ ശിശുപാലനെ കൊല്ലുന്നതാണ് 10.74ലെ വിഷയം.

എസ്ബി 10.75

രാജസൂയം നടത്തി ചക്രവർത്തിയായ യുധിഷ്ഠിരനെ കാണാൻ ഒരു ദിവസം ദുര്യോധനൻ ചെന്നു. തറയിൽ വെള്ളമുണ്ടെന്ന് തോന്നിയ ദുര്യോധനൻ മുണ്ട് അല്പം പൊക്കിപ്പിടിച്ചു. ഇതാണ് 10.75ലെ വിഷയം.

എസ്ബി 10.76, 10.77

10.53.17ൽ ശിശുപാലനും രുഗ്മിണിയുമായുള്ള വിവാഹം ആഗ്രഹിച്ചവരുടെ പേരുകൾ ഉണ്ട്. അതിൽ സാല്വനെ കൃഷ്ണൻ കൊല്ലുന്നതാണ് മേൽ രണ്ട് അദ്ധ്യായങ്ങളുടെയും കഥാതന്തു.

എസ്ബി 10.78

10.53.17ൽ രുഗ്മിണിയുടെ വിവാഹത്തിൽ പങ്കുചേരാൻ പോയ

വരിൽ രണ്ടുപേരാണ് ദന്തവക്ത്രനും വിദൂരഥനും. ഇവർ സഹോദരന്മാരായിരുന്നു എന്ന് 10.78.11ൽ നിന്നും മനസ്സിലാകുന്നു. ഇവർ കൃഷ്ണന്റെ അപ്പച്ചിയായ ശ്രുതദേവയുടെ പുത്രന്മാരാണ്. അതായത് കൃഷ്ണന്റെ കസിൻസ് ആണ്. ഇവരെ കൃഷ്ണൻ കൊല്ലുന്നതാണ് 10.78ലെ ഒരു വിഷയം.

ഒരു ദിവസം രോമഹർഷണൻ കഥ പറഞ്ഞുകൊണ്ടിരുന്നപ്പോൾ അവിടെ ബലരാമൻ ചെന്നു. ബലരാമനെ കണ്ടിട്ടും എഴുന്നേറ്റ് നിന്നില്ല എന്ന കാരണത്താൽ സദാ മദ്യത്തിന്റെ ലഹരിയാൽ തലയ്ക്കു വെളിവില്ലാതെ നടക്കുന്ന ബലരാമൻ രോമഹർഷണനെ കൊന്നു. അങ്ങനെ ചേട്ടനും അനിയനും കൂടി മൂന്നുപേരെ കൊന്നതാണ് 10.78ലെ വിഷയം.

എസ്ബി 10.79

ബില്വലൻ എന്ന ഒരു ബ്രാഹ്മണദ്രോഹി ഉണ്ടായിരുന്നു. അവനെ കൊന്നാൽ രോമഹർഷണനെ കൊന്ന പാപം തീരുമെന്ന് ബ്രാഹ്മണർ ബലരാമനോട് പറഞ്ഞു. ഉടനെ ബലരാമൻ ബില്വലനെ കൊന്നു. എന്നിട്ട് ഭാരതത്തിൽ തീർത്ഥാടനം നടത്തി. ബില്വലനെ പോലെയുള്ള ബ്രാഹ്മണദ്രോഹികളെ കൊന്നതിനാലായിരിക്കും ബ്രാഹ്മണർ ബലരാമനെ ഭഗവാന്റെ അവതാരമാക്കി കണക്കാക്കിയത്. 10.79 എന്ന അദ്ധ്യായത്തോടെ വധങ്ങൾ സമാപ്തം.

എസ്ബി 10.80 മുതൽ 10.81 വരെ

മത്സ്യമുഖൻ വേദപ്രചാരം പുനരാരംഭിച്ചു. (മത്സ്യാവതാരം)

കൂർമ്മമുഖൻ അമൃത് എടുക്കാൻ ബ്രാഹ്മണരെ സഹായിച്ചു. (കൂർമ്മാവതാരം)

പന്നിമുഖൻ വേദപ്രാധാന്യം നിറുത്തലാക്കിയ ഹിരണ്യാക്ഷനെ കൊന്നു. (വരാഹാവതാരം)

ഹൃഷികേശത്തിൽ നിന്നു വന്ന ഹൃഷികേശൻ ബ്രാഹ്മണരെ ബഹുമാനിക്കാത്ത ഹിരണ്യകശിപുവിനെ കൊന്നു. (നരസിംഹാവതാരം)

വാമനൻ ബ്രാഹ്മണർക്ക് അധികാരം കിട്ടാനായി ബലിയെ സ്ഥാനഭ്രഷ്ടനാക്കി. (വാമനാവതാരം)

പരശുരാമൻ ബ്രാഹ്മണരെ ഉപദ്രവിച്ച മദ്ധ്യപ്രദേശിലെ ഹേഹയ രാജാക്കന്മാരെ കൊന്നൊടുക്കി. ഭാരതത്തിൽ അനേകം അമ്പലങ്ങൾ പണിയിച്ചു (പരശുരാമാവതാരം)

ശ്രീരാമൻ ബ്രാഹ്മണർ നടത്തിയിരുന്ന ഹോമങ്ങൾ മുടക്കിയ മാരീചൻ, സുബാഹു തുടങ്ങിയവരെ നിഗ്രഹിച്ചു. (ശ്രീരാമാവതാരം)

ബലരാമൻ ബ്രാഹ്മണരുടെ യാഗം മുടക്കിയ ബില്വലനെ പോലുള്ളവരെ നിഗ്രഹിച്ചു. (ബലരാമാവതാരം)

കൃഷ്ണൻ ബ്രാഹ്മണർക്ക് അകമഴിഞ്ഞ് ധനസഹായം ചെയ്യു മായിരുന്നു എന്നതിന്റെ ഉദാഹരണമായ കുചേലവൃത്തമാണ് 10.80ലെയും 10.81ലെയും വിഷയം. (ശ്രീകൃഷ്ണാവതാരം)

എസ്ബി 10.82

ഒരു ദിവസം കുറെ പേർ പുഴയിൽ പോയി കുളിച്ചു. ഇതാണ് 10.82ലെ വിഷയം.

എസ്ബി 10.83

ഒരു ദിവസം അഞ്ച് ഭർത്താക്കന്മാരുള്ള പാഞ്ചാലിയും കൃഷ്ണന്റെ അനേകം ഭാര്യമാരുമായി സംസാരിച്ചതിന്റെ സാരാംശമാണ് 10.83ൽ.

എസ്ബി 10.84

ഒരു ദിവസം യു.പിയിൽ താമസിച്ചിരുന്ന വസുദേവൻ ഹരിയാനയിലെ കുരുക്ഷേത്രത്തിൽ ഒരു പൂജ നടത്തി. അവിടെ അനേകം ഋഷിമാർ എത്തി. വസുദേവന്റെ 18 ഭാര്യമാരുമുണ്ടായിരുന്നു. 9.24ൽ 13 ഭാര്യമാരുടെ പേരുകൾ കാണുന്നു. പേരെഴുതാത്ത അഞ്ചുപേരും ചേർന്ന് മൊത്തം 18. പൂജയിൽ പങ്കുചേരാൻ പോയ

വർ അന്യോന്യം സംസാരിക്കുന്നതാണ് 10.84ലെ വിഷയം.

എസ്ബി 10.85

8.21.32ൽ മഹാബലിക്ക് വാമനൻ നരകം വിധിച്ചു. 8.22.32ൽ അതിനെ സുതലമാക്കി തിരുത്തി. അങ്ങനെ മഹാബലി സുതലത്തിൽ താമസം തുടങ്ങി. കൃഷ്ണൻ കംസനാൽ കൊല്ലപ്പെട്ട ആറ് ജ്യേഷ്ഠന്മാരെ സുതലത്തിൽ നിന്നും (10.85.34) കൊണ്ടുവന്ന് ദേവകിയെ കാണിച്ചു എന്നാണ് 10.85.52ൽ കാണുന്നത്.

എസ്ബി 10.86

കൃഷ്ണൻ സത്യഭാമയെ വിവാഹം കഴിച്ച സമയത്ത് നടന്ന അർജ്ജുന-സുഭദ്രാവിവാഹമാണ് 10.86ൽ. ഇവരുടെ കൊച്ചുമോൻ പരീക്ഷിത്തിനെപ്പറ്റി ഒന്നാം സ്കന്ധത്തിൽ തന്നെ പറയുന്നുമുണ്ട്. ഭാഗവതം ഇങ്ങനെയൊക്കെയാണ്.

എസ്ബി 10.87

10.87.14 മുതൽ 10.87.41 വരെയുള്ള ശ്ലോകങ്ങൾ ഉപനിഷദ് ചിന്തകളാണ്.

എസ്ബി 10.88

ശകുനിയുടെ പുത്രനായ വൃകന് ശിവനിൽ നിന്ന് വരം ലഭിച്ചു. ആ വരത്തിന്റെ ശക്തിയാൽ വൃകൻ ശിവനെതന്നെ കൊല്ലാൻ പോയപ്പോൾ വൃന്ദാവനത്തിലെ വൈകുണ്ഠത്തിൽ നിന്ന് മഹാവിഷ്ണു ബ്രാഹ്മണവേഷത്തിൽ പോയി വൃകനെ കൊന്ന് ശിവനെ രക്ഷിച്ചതാണ് 10.88ലെ വിഷയം.

എസ്ബി 10.89

ഭാഗവത പുരാണത്തിന്റെ ആദ്യത്തെ ശ്ലോകമാകാനുള്ള യോഗ്യത ഈ അദ്ധ്യായത്തിനുണ്ട്. ഒരു ഭാഗത്ത് കണക്കില്ലാത്ത

ധനവും മറ്റേ ഭാഗത്ത് ബ്രാഹ്മണരുടെ അനുഗ്രഹവും കിട്ടിയവരാണ് ഭാഗവതത്തിലെ ഭഗവാന്മാർ. (ഭഗവാന്റെ ഇടത്തേ നെഞ്ചിൽ ലക്ഷ്മിയും വലത്തേ നെഞ്ചിൽ ശ്രീവത്സം എന്ന മറുകും)

എസ്ബി 10.90

കൃഷ്ണൻ ഗുജറാത്തിൽ നിർമ്മിച്ച ദ്വാരകയുടെ മാഹാത്മ്യം, അവിടത്തെ നീന്തൽക്കുളങ്ങളിൽ കൃഷ്ണൻ ഭാര്യമാരോട് ചേർന്ന് ജലക്രീഡ നടത്തിയത്, അതിന്റെ പരിണാമമായി നടന്ന ബീജസങ്കലനം മൂലം കൃഷ്ണൻ തന്റെ 16108 ഭാര്യമാരിൽ ഓരോരുത്തരിലും 10 സന്താനങ്ങൾ വീതം ഉല്പാദിപ്പിച്ചത് തുടങ്ങിയവയാണ് 10.90ലെ വിഷയം. ഈ അദ്ധ്യായത്തോടെ പത്താം സ്കന്ധം അവസാനിച്ചു.

എസ്ബി 11.1

ഗുജറാത്തിലെ ദ്വാരകയിൽനിന്നും ഇരുപത് മൈൽ ദൂരത്തുള്ള പിണ്ഡാരകത്തിലാണ് കൃഷ്ണന്റെ പുത്രപൗത്രാദികളായ കോടിക്കണക്കിന് ജനങ്ങൾ താമസിച്ചിരുന്നത്. മദ്യപാനത്തിലും സ്ത്രീസേവയിലും മുഴുകിയായിരുന്നു അവർ ജീവിച്ചിരുന്നത്.

ഒരു ദിവസം കൃഷ്ണന്റെ പുത്രനായ സാംബൻ ഗർഭിണിയുടെ വേഷം കെട്ടി കുറെ ഋഷിമാരെ പരിഹസിക്കാനായി എന്ത് കുട്ടിയായിരിക്കും ജനിക്കുക എന്ന് ചോദിച്ചു. ഗർഭിണി വേഷം അഴിക്കുമ്പോൾ ഒരു ഇരുമ്പുലക്ക കാണുമെന്നും അതുമൂലം കോടിക്കണക്കിലുള്ള യാദവന്മാർ നശിക്കുമെന്നും ബ്രാഹ്മണർ പറഞ്ഞു. യാദവന്മാർ ഉലക്ക പൊടിച്ച് സമുദ്രത്തിൽ ഒഴുക്കി. അവസാനത്തെ കഷണവും ജലത്തിലൊഴുക്കി. ഇരുമ്പുപൊടി ഏരകപ്പുല്ലുകളായി കരയിൽ വളർന്നു. ഒരു മുക്കുവന് മത്സ്യത്തിന്റെ വയറ്റിൽനിന്നും ഇരുമ്പിന്റെ കഷണം കിട്ടി. അയാൾ അത് അമ്പിന്റെ അറ്റത്ത് പിടിപ്പിച്ചു. ഈ കഥയുടെ ബാക്കി ഭാഗം 11.30ൽ ആണ്.

എസ്ബി 11.2

9.6.4ൽ ഇക്ഷ്വാകുവിന്റെ മകനായ നിമിയെ കണ്ടല്ലോ. ഇദ്ദേഹം തന്നെയാണ് വിദേഹൻ.

5.4.11ൽ നവയോഗികളുടെ പേര് കണ്ടു.

(1) കവി (2) ഹരി (3) അന്തരിക്ഷൻ (4) പ്രബുദ്ധൻ (5) പിപ്പലായനൻ (6) ആവിർഹോത്രൻ (7) ദ്രുമിളൻ (8) ചമസൻ (9) കരഭാജൻ. ഇവരാണ് നവയോഗികൾ. ഇവരിൽ കവിയും ഹരിയും നിമിക്ക് ഉപദേശം നൽകുന്നതാണ് 11.2ന്റെ വിഷയം.

എസ്ബി 11.3

അന്തരിക്ഷൻ, പ്രബുദ്ധൻ, പിപ്പലായനൻ, ആവിർഹോത്രൻ എന്നീനാലു പേർ നിമിക്ക് ഉപദേശം നൽകുന്നതാണ് 11.3ലെ വിഷയം.

എസ്ബി 11.4

ദ്രുമിളൻ നിമിക്ക് ഉപദേശം നൽകുന്നതാണ് 11.4ലെ വിഷയം.

എസ്ബി 11.5

ചമസൻ, കരഭാജൻ എന്നിവർ നിമിക്ക് ഉപദേശം നൽകുന്നതാണ് 11.5ലെ വിഷയം.

എസ്ബി 11.6

കൃഷ്ണന് 125 വയസ്സായി. ഒരു ദിവസം ബ്രഹ്മാവ് ബ്രാഹ്മണാധിപനായ ഇന്ദ്രനെയും സൈന്യസമേതം ശിവനെയും കൂട്ടി ദ്വാരകയിൽ ചെന്ന് കൃഷ്ണനെ കണ്ടു. കൂടെ മറ്റനേകം പ്രഗത്ഭന്മാരുമുണ്ടായിരുന്നു. 11.6ലെ 1 മുതൽ 4 വരെയുള്ള ശ്ലോകങ്ങളിൽ ഈ വിഷയം കാണുന്നു. 11.6.25 മുതൽ 11.6.27 വരെ ബ്രഹ്മാവ് കൃഷ്ണനോട് ഗുജറാത്തിലെ ദ്വാരകയിൽ നിന്ന് പോകണമെന്നും യു.പിയിലെ വൃന്ദാവനത്തിലെ വൈകുണ്ഠം എന്ന വീട്ടിൽ

പോയി താമസിച്ചുകൊള്ളണമെന്നും മേലിൽ തരികിട പണിക ളൊന്നും ചെയ്യരുതെന്നും പറയുന്നു. ഈ ബഹിഷ്കാര കല്പ നയ്ക്ക് സാക്ഷ്യം വഹിക്കാനാണ് ഇന്ദ്രൻ തുടങ്ങിയ പ്രഗത്ഭന്മാർ ചെന്നത്. കൃഷ്ണൻ പ്രതികരിച്ചാൽ തടയാനാണ് സൈന്യസ മേതം ശിവനും ചെന്നത്. കല്പന സ്വീകരിക്കുക എന്നതല്ലാതെ മറ്റൊരു മാർഗ്ഗവും കൃഷ്ണനില്ലായിരുന്നു (8.5.5ൽ വൈകുണ്ഠം പണിതത് കാണുന്നു).

യദുകുലത്തിന് പൊതുവായി ബ്രഹ്മജ്ഞരുടെ ശാപവും കൃഷ് ണന് പ്രത്യേകിച്ച് ബ്രഹ്മാവിന്റെ കല്പനയും ഉണ്ടായപ്പോൾ കൃഷ് ണനും ബാക്കി ദ്വാരകാവാസികളും ഗുജറാത്തിൽതന്നെയുള്ള പ്രഭാസം എന്ന കടലോരപ്രദേശത്തേക്ക് പോയി. കൂടെ ഉദ്ധവനും പോയി. ഇത്രയുമാണ് 11.6ലെ വിഷയങ്ങൾ. ഗുജറാത്തിൽ വേരാ വൽ റെയിൽവെസ്റ്റേഷന്റെ അടുത്താണ് പ്രഭാസം.

എസ്ബി 11.7

കൃഷ്ണന്റെ പൂർവികനാണ് യദു. യദുവും ഒരു തെണ്ടി ബ്രാഹ്മ ണനുമായി നടന്ന സംഭാഷണത്തെ കൃഷ്ണൻ കേട്ടിട്ടുണ്ട്. ആ അവദൂതൻ തന്റെ ചുറ്റും കണ്ട 8 വസ്തുക്കളിൽനിന്നും എന്തു പഠിച്ചു എന്നത് കൃഷ്ണൻ ഉദ്ധവനോട് പറയുന്നതാണ് 11.7ലെ വിഷയം.

എസ്ബി 11.8

തെണ്ടി എന്ന് കൃഷ്ണൻ വിശേഷിപ്പിച്ച ബ്രാഹ്മണൻ വേറെ 9 വസ്തുക്കളിൽനിന്നും എന്തു പഠിച്ചു എന്നത് കൃഷ്ണൻ ഉദ്ധവ നോട് പറയുന്നതാണ് 11.8ലെ വിഷയം.

എസ്ബി 11.9

അടുത്ത 8 പേരിൽ നിന്നും തെണ്ടി ബ്രാഹ്മണൻ പഠിച്ച വിഷയ ങ്ങളാണ് 11.9ലെ വിഷയം. ആകെക്കൂടി തെണ്ടി ബ്രാഹ്മണൻ ശ്രദ്ധിച്ചത് 25 വസ്തുക്കളെയാണ്. 25-ാമത്തേത് 11.9.24ൽ കാണുന്ന മനുഷ്യശരീരമാണ്. ഇതാണ് 25 ഗുരുക്കന്മാർ എന്നറിയപ്പെടുന്ന

ഭാഗവതഭാഗം. 24 അല്ല 25 ആണ് ഗുരുക്കന്മാർ.

എസ്ബി 11.10

സ്ത്രീസമ്പർക്കം കൊണ്ട് ആനന്ദം അനുഭവിച്ച് ജീവിക്കുന്ന കൃഷ്ണനെ പോലുള്ളവർക്ക് എല്ലാം നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ട് എന്ന തത്വമാണ് 11.10ൽ.

എസ്ബി 11.11 മുതൽ 11.12 വരെ

ദ്വാരകയിൽ നിന്ന് പുറത്താക്കപ്പെട്ട കൃഷ്ണൻ ഉദ്ധവന് തത്ത്വങ്ങൾ ഉപദേശിക്കുന്നു.

എസ്ബി 11.13

സനകാദികളും ഒരു ഹംസമുഖനും തമ്മിൽ നടന്ന സംഭാഷണം കൃഷ്ണൻ ഉദ്ധവനോട് പറയുന്നതാണ് 11.13ലെ വിഷയം.

എസ്ബി 11.14

11.14.29 മുതൽ 11.14.46 ഉൾപ്പെടുന്ന ശ്ലോകങ്ങൾ ധ്യാനത്തെ സഹായിക്കുന്നു. ധ്യാനം ചെയ്യുമ്പോൾ കൃഷ്ണനെതന്നെ ചിന്തിക്കണം എന്ന് കൃഷ്ണൻ ഉദ്ധവനോട് പറയുന്നു.

എസ്ബി 11.15

കൃഷ്ണൻ ഉദ്ധവനോട് സിദ്ധികളെപ്പറ്റി പറയുന്നതാണ് 11.15ന്റെ വിഷയം.

എസ്ബി 11.16

പണവും പദവിയും നഷ്ടപ്പെട്ട 125 വയസ്സുകാരൻ കൃഷ്ണൻ ആത്മപ്രശംസ നടത്തുന്നതാണ് 11.16ലെ വിഷയം.

എസ്ബി 11.17

ബ്രാഹ്മണരാൽ ദ്വാരകയിൽനിന്നും ബഹിഷ്കൃതനായ കൃഷ്ണൻ ബ്രാഹ്മണരുടെ ധർമ്മം പല്ലുതേക്കാതെ, തുണിയലക്കാതെ,

മുടിവെട്ടാതെ തെണ്ടിത്തിരിഞ്ഞ് കിട്ടുന്നതും തിന്ന് നടക്കേണ്ട താണ് എന്നൊക്കെ പറയുന്നു. (കൃഷ്ണന്റെ നിരാശ അറിയാ വുന്ന ബ്രാഹ്മണർ അതൊന്നും കാര്യമാക്കിയില്ല). 12-ാം വയസ്സിൽ കുബ്ജ എന്ന വേശ്യയുമായി ലൈംഗികചേഷ്ടകൾ നടത്തിയ കൃഷ്ണനാണ് വിവാഹത്തിനു മുമ്പ് സ്ത്രീകളെ കാണരുത്, തൊട രുത്, രേതസ് സ്ഖലിക്കരുത് എന്നെല്ലാം 11.17ൽ പറയുന്നത്.

എസ്ബി 11.18

വാനപ്രസ്ഥനോ സന്യാസിയോ ആകാൻ ആഗ്രഹിക്കുന്നവർ എന്തൊക്കെയാണ് ചെയ്യേണ്ടതെന്ന് കൃഷ്ണൻ ഉദ്ധവനോട് പറ യുന്നതാണ് 11.18ലെ വിഷയം.

എസ്ബി 11.19

മോഷണം, സ്ത്രീലമ്പടത്വം, ധനത്തിൽ അത്യാസക്തി ഇവയിൽ മുഴുകി ജീവിച്ച കൃഷ്ണൻ മോഷ്ടിക്കരുത്, സ്ത്രീലമ്പടനാകരുത്, ധനത്തിൽ അത്യാസക്തി ഉണ്ടാവരുത് എന്നെല്ലാം ഉദ്ധവനോട് പറയുന്നതാണ് 11.19ലെ വിഷയം.

എസ്ബി 11.20

ജ്ഞാനശക്തിയും കർമ്മശേഷിയും ആർജ്ജിക്കാത്ത ഉദാസീ നന്മാർ ഭക്തി പ്രദർശനം ചെയ്യണം എന്ന് കൃഷ്ണൻ ഉദ്ധവനോട് പറയുന്നതാണ് 11.20ലെ വിഷയം.

എസ്ബി 11.21, 11.22

125കാരൻ കൃഷ്ണൻ ശിഥിലങ്ങളായ പലതും പറയുന്നതാണ് 11.21, 11.22 എന്നീഅദ്ധ്യായങ്ങൾ.

എസ്ബി 11.23

പണവും പദവിയും ദ്വാരകയും നഷ്ടപ്പെട്ട സ്വന്തം അനുഭവം ഒരു

ബ്രാഹ്മണന്റെ കഥയാക്കി കൃഷ്ണൻ ഉദ്ധവനെ പറഞ്ഞു കേൾപ്പിക്കുന്നതാണ് 11.23ലെ വിഷയം.

എസ്ബി 11.24

പ്രപഞ്ചം എങ്ങനെ ഉണ്ടായി എന്നത് കൃഷ്ണൻ ഉദ്ധവനോട് പറയുന്നു. ഭാഗവതത്തിൽ ഇതിനു മുമ്പും പ്രപഞ്ചസൃഷ്ടി പലരും വിസ്തരിച്ചിട്ടുണ്ട്. 11.24ൽ താനാണ് പ്രപഞ്ചം സൃഷ്ടിച്ചത് എന്നൊക്കെ കൃഷ്ണൻ ഉദ്ധവനോട് പറയുന്നു. (ഈശ്വരചൈതന്യമാണ് ജീവൻ. അപ്പോൾ ജീവനുള്ള ആർക്കും പറയാം ഞാനാണ് പ്രപഞ്ചം സൃഷ്ടിച്ചത് എന്ന്).

എസ്ബി 11.25

സത്വഗുണം, രജോഗുണം, തമോഗുണം എന്നീമൂന്ന് ഗുണങ്ങളെപ്പറ്റി കൃഷ്ണൻ ഉദ്ധവനോട് പറയുന്നതാണ് 11.25ലെ വിഷയം.

എസ്ബി 11.26

കൃഷ്ണന്റെ പൂർവികനാണ് പുരൂരവസ്. 9.14ൽ കണ്ട പുരൂരവസും ഉർവശിയുമായി നടന്ന പ്രണയലീലകൾ കൃഷ്ണൻ ഉദ്ധവനോട് ആവർത്തിക്കുന്നതാണ് 11.26ലെ വിഷയം.

എസ്ബി 11.27

ബ്രാഹ്മണരല്ലാത്ത സ്ത്രീപുരുഷന്മാർ കൃഷ്ണനെ പൂജിക്കണമെന്നും അതിന്റെ വിധികൾ എന്തെല്ലാമാണെന്നും കൃഷ്ണൻ ഉദ്ധവനോട് പറയുന്നു.

എസ്ബി 11.28

സമ്പത്തിൽനിന്ന് ലഭിച്ച പ്രൗഢിയും പദവിയും നഷ്ടപ്പെട്ട 125കാരൻ കൃഷ്ണൻ ഓരോരുത്തരിലും തിളങ്ങുന്ന ആത്മാവിനെപ്പറ്റി ഉദ്ധവനോട് പറയുന്നതാണ് 11.28ലെ വിഷയം.

എസ്ബി 11.29

കൃഷ്ണൻ പ്രസംഗിച്ചതെല്ലാം കേട്ടുകൊണ്ടിരുന്ന ഉദ്ധവൻ കൃഷ്ണൻ ഇത്രയും നേരം പറഞ്ഞതിലൊന്നും തനിക്ക് താൽപര്യമില്ല എന്ന് കൃഷ്ണനെ അറിയിച്ചു. അപ്പോൾ കൃഷ്ണൻ ഉദ്ധവനോട് അളകനന്ദാ നദീതീരത്തുള്ള ബദര്യാശ്രമം സന്ദർശിക്കാൻ പറയുന്നു.

ബദര്യാശ്രമം എവിടെയാണെന്ന് നോക്കാം. ഇന്നത്തെ ഉത്തരാഖണ്ഡത്തിൽ ഹിമാലയത്തിൽനിന്നും ഒഴുകിത്തുടങ്ങുന്ന അളകനന്ദ എന്ന നദിയും അതിനടുത്തുള്ള ബദര്യാശ്രമവും ഇന്നും അവിടെത്തന്നെയുണ്ട്. ഹിമാലത്തിൽനിന്നും ഒഴുകിത്തുടങ്ങുന്ന അഞ്ച് നദികളാണ് അളകനന്ദ, ഭാഗീരഥി, മന്ദാകിനി, ദൗളിഗംഗ, പിണ്ഡാർ. ഈ അഞ്ചു നദികളും ചേരുന്ന മഹാനദിയാണ് ഗംഗ. ഇവയെല്ലാം കൃഷ്ണന്റെ കാലത്തും അവിടെയുണ്ടായിരുന്നു. അതിനുമുമ്പും ഉണ്ടായിരുന്നു.

എസ്ബി 11.30

11.1ൽ ഇരുമ്പലക്ക പൊടിച്ച് കടലിൽ ഇട്ടതും മറ്റും കണ്ടു. അതിന്റെ ബാക്കിയാണ് 11.30ൽ. കൃഷ്ണന്റെ കോടിക്കണക്കിലുള്ള പുത്രപൗത്രാദികൾ മദ്യം കഴിച്ച് തമ്മിൽ തല്ലി മരിച്ചു. ബലരാമനും മരിച്ചു എന്നത് 11.30.26ൽ കാണുന്നു. കൃഷ്ണന്റെ കാലിൽ മുക്കുവവേടൻ അമ്പ് എയ്തു. ഇതെല്ലാമാണ് 11.30ലെ വിഷയങ്ങൾ.

എസ്ബി 11.31

കൃഷ്ണൻ, കൃഷ്ണന്റെ 16108 ഭാര്യമാർ, വസുദേവൻ, വസുദേവന്റെ ഭാര്യമാർ തുടങ്ങിയവർ മരണപ്പെട്ടത് 11.31ൽ കാണുന്നു. ഗുജറാത്തിലെ ദ്വാരക സുനാമി മൂലം കടലിൽ മുങ്ങിപ്പോയി. കൃഷ്ണന്റെ കൊച്ചുമോനായ അനിരുദ്ധന്റെ പുത്രനായ വജ്രനെ 10.90.37ൽ കണ്ടു. ഈ വജ്രൻ മാത്രം യദുവംശത്തിൽ അവശേഷിച്ചു.

കുരുക്ഷേത്രയുദ്ധത്തിനുശേഷം അർജ്ജുനൻ വജ്രനെ ഇന്ദ്രപ്രസ്ഥത്തിൽ രാജാവാക്കി. ഇതെല്ലാമാണ് 11.31ൽ. കൃഷ്ണന്റെ മരണാനന്തര വൃത്താന്തങ്ങൾ പലതും സ്കന്ധം ഒന്നിൽ ആണ് എഴുതിയിരിക്കുന്നത്. ഭാഗവതം ഇങ്ങനെയൊക്കെയാണ്. 11.31 ഓടെ സ്കന്ധം 11 തീർന്നു.

എസ്ബി 12.1

9.22.49ൽ ജരാസന്ധന്റെ വംശവിസ്താരം പുരഞ്ജയൻ വരെ എത്തി. ആ വംശവിസ്താരം തുടരുന്നതാണ് 12.1ലെ വിഷയം.

എസ്ബി 12.2

കൽക്കി ജനിക്കും എന്നും മറ്റുമാണ് 12.2ലെ വിഷയം.

എസ്ബി 12.3

കാലം മാറുന്നതോടെ മനുഷ്യരുടെ സ്വഭാവവും മാറുന്നു എന്നു പറയുന്നതാണ് 12.3ന്റെ വിഷയം.

എസ്ബി 12.4

കൽപം, പ്രളയം തുടങ്ങിയവയെപ്പറ്റി പറയുന്നതാണ് 12.4ൽ.

എസ്ബി 12.5

ബ്രാഹ്മണശാപം മൂലം മരിക്കാനുള്ള സമയമടുത്ത പരീക്ഷിത്തിനോട് ആത്മാവ് നശിക്കുന്നില്ല എന്നും മറ്റും ശ്രീശുകൻ പറയുന്നതാണ് 12.5ലെ വിഷയം. ബ്രാഹ്മണശാപം കിട്ടിയാൽ കൃഷ്ണനായാലും പരീക്ഷിത്തായാലും മരണത്തിൽനിന്നും രക്ഷപ്പെടാൻ സാദ്ധ്യമല്ല എന്നതാണ് ഭാഗവത സന്ദേശം.

എസ്ബി 12.6

ബ്രാഹ്മണനെ അപമാനിച്ച പരീക്ഷിത്തിനെ തക്ഷകൻ ഭസ്മമാക്കി. പരീക്ഷിത്ത് മരിച്ചു. ഏഴു ദിവസം പരീക്ഷിത്ത്

ശ്രവിച്ച ഭാഗവതപുരാണത്തിനും പരീക്ഷിത്തിനെ മരണത്തിൽ നിന്നും രക്ഷിക്കാൻ കഴിഞ്ഞില്ല. ഇതാണ് 12.6ന്റെ ഒരു വിഷയം. ബ്രഹ്മാവിൽ നിന്നും നാദം ഉത്ഭവിച്ചു. നാദത്തിൽ നിന്നും ഓങ്കാരം ഉണ്ടായി. ഓങ്കാരത്തിൽ അകാരം, ഉകാരം, മകാരം എന്നീവർണ്ണങ്ങൾ അടങ്ങിയിരിക്കുന്നു. ആ വർണ്ണങ്ങളിൽ നിന്ന് യ ര ല വ എന്ന അന്തസ്ഥങ്ങളും ശ ഷ സ ഹ എന്ന ഊഷ്മാക്കളും അകാരാദി സ്വരങ്ങളും കകാരം മുതൽ മകാരം വരെയുള്ള സ്പർശങ്ങളും ഹ്രസ്വ ദീർഘങ്ങളെല്ലാമടങ്ങുന്ന അക്ഷര സമൂഹവും ബ്രഹ്മാവിനാൽ സൃഷ്ടിക്കപ്പെട്ടു. ബ്രഹ്മാവ് ആ അക്ഷരസമൂഹം കൊണ്ട് നാലു വേദങ്ങളെ സൃഷ്ടിച്ചു. വ്യാസൻ ആ നാലു വേദങ്ങളെതന്നെ മറ്റൊരുതരത്തിൽ വേർതിരിച്ച് ഋഗ്വേദം, യജുർവ്വേദം, സാമവേദം, അഥർവ്വവേദം എന്ന് നാലു തരത്തിലാക്കി. ഈ വേദങ്ങളെ വ്യാസൻ തന്റെ നാലു ശിഷ്യന്മാർക്ക് പഠിപ്പിച്ചു എന്നതും അവർ ആരെയൊക്കെ പഠിപ്പിച്ചു എന്നതുമാണ് 12.6ന്റെ രണ്ടാംഭാഗം.

എസ്ബി 12.7

വേദങ്ങൾ പഠിച്ചവരുടെ പട്ടിക തുടരുകയാണ് 12.7ന്റെ ഒരു വിഷയം. 2.10.1ൽ പറഞ്ഞ പുരാണലക്ഷണങ്ങളെ 12.7.8ൽ ആവർത്തിക്കുന്നു. അതാണ് രണ്ടാമത്തെ വിഷയം.

12.7ലെ 23, 24 എന്നീശ്ലോകങ്ങളിൽ 18 പുരാണങ്ങളുടെ പേരുകൾ പറയുന്നു. ഇതാണ് മൂന്നാമത്തെ വിഷയം.

എസ്ബി 12.8 മുതൽ 12.10 വരെ

ഭൃഗുവിന്റെ പിൻഗാമിയായ മാർക്കണ്ഡേയനെ 4.1.45ൽ കണ്ടു. മരണത്തെ ജയിച്ച ഈ ബ്രാഹ്മണന്റെ കഥയാണ് 12.8 മുതൽ 12.10 വരെ. ബ്രാഹ്മണരെ അപമാനിച്ച പരീക്ഷിത്തിന് മരണം, കൃഷ്ണനും വംശത്തിനും സർവ്വനാശം, അധർമ്മിയായ അജാമിളൻ എന്ന ബ്രാഹ്മണൻ മരണത്തിൽനിന്ന് രക്ഷപ്പെട്ടു, അവസാനമായി മരണത്തെ ജയിച്ച മാർക്കണ്ഡേയൻ. ഭാഗവതത്തിന്റെ നാലു കാലുകളാണ് മേൽ നാലു സംഭവങ്ങൾ.

എസ്ബി 12.11

ഈ അദ്ധ്യായത്തിൽ രണ്ട് വിഷയങ്ങൾ കാണുന്നു. നാം കാണുന്ന പ്രപഞ്ചത്തെ വിരാട് പുരുഷൻ എന്ന് വിസ്തരിച്ചത് 3.6ൽ കണ്ടു. അത് ആവർത്തിക്കുന്നതാണ് 12.11ലെ ഒരു വിഷയം.

12 മാസങ്ങളിൽ ഓരോ മാസവും സൂര്യന്റെ കൂടെയുള്ള ഗണങ്ങൾ ഏതൊക്കെയാണ് എന്ന് വിസ്തരിക്കുന്നതാണ് 12.11ലെ മറ്റൊരു വിഷയം.

എസ്ബി 12.12

ഭാഗവതപുരാണം ചുരുക്കിപ്പറഞ്ഞിരിക്കുന്നതാണ് 12.12ലെ വിഷയം. ഭാഗവത പുരാണത്തിലെ കൃഷ്ണനെ നമുക്ക് ശ്രദ്ധിക്കാം.

എസ്എംഎസ്സിന്റെ മകൻ ഉത്താനപാദൻ 3.12.55

ഉത്താനപാദന്റെ വംശത്തിൽ ദക്ഷൻ രണ്ടാമൻ 6.4.17

ദക്ഷൻ രണ്ടാമന്റെ മകൾ അദിതി 6.6.38

അദിതിയുടെ കൊച്ചുമോൻ ശ്രാദ്ധദേവൻ 6.6.40

ശ്രാദ്ധദേവന്റെ മകൾ സുദ്യുമ്നി 9.1.22

സുദ്യുമ്നിയുടെ മകൻ പുരൂരവസ് 9.4.15

പുരൂരവസ്സിന്റെ കൊച്ചുമോൻ നഹുഷൻ 9.17.1

നഹുഷന്റെ മകൻ യയാതി 9.18.1

യയാതിയുടെ മകൻ യദു 9.18.37

യദുവിന്റെ വംശത്തിലാണ് കൃഷ്ണൻ ജനിച്ചത്. അതിനാലാണ് കൃഷ്ണനെ യാദവൻ എന്ന് വിളിക്കുന്നത്. കൃഷ്ണൻ അഞ്ചു വയസ്സു വരെ യു.പിയിലെ ഗോകുലത്തിലും അഞ്ചു കഴിഞ്ഞ് പത്തു വരെ യു.പിയിലെ വൃന്ദാവനത്തിലും 10 കഴിഞ്ഞ് 15 വരെ യു.പിയിലെ മഥുരയിലും 15 കഴിഞ്ഞ് ഗുജറാത്തിലെ ദ്വാരകയിലുമായിരുന്നു താമസിച്ചിരുന്നത്. എല്ലാ സ്ഥലങ്ങളിലും അനേകം പേരെ കൃഷ്ണൻ വധിച്ചതായി കാണുന്നു.

പന്ത്രണ്ടാം വയസ്സിൽ കുബ്ജ എന്ന വേശ്യയുമായി ലൈംഗിക

വേഴ്ചനടത്തി. മദ്ധ്യപ്രദേശിലെ അവന്തി രാജ്യത്ത് പോയി വിദ്യാഭ്യാസം നേടി. തിരിച്ചുപോകുന്നതിനു മുമ്പ് പഞ്ചജന്യം എന്ന ശംഖ് കിട്ടാനായി പഞ്ചജന്യനെ കൊന്നു.

16108 സ്ത്രീകളെ വിവാഹം കഴിച്ച് ദ്വാരകയിൽ താമസിച്ചു. ഓരോ ഭാര്യയിലും 10 പുത്രന്മാർ വീതം ജനിപ്പിച്ചു. സഹോദരി സുഭദ്രയെ അർജ്ജുനന് വിവാഹം കഴിച്ചുകൊടുത്ത്, അർജ്ജുനന്റെ സഹോദരനായ ഭീമനെക്കൊണ്ട് ജരാസന്ധനെ കൊല്ലിച്ചു. മഹാഭാരതയുദ്ധം എന്ന ഭീകരയുദ്ധത്തിന് അർജ്ജുനന്റെ തേരാളിയായി.

125-ാം വയസ്സിൽ ബ്രഹ്മാവ് കൃഷ്ണനെ ദ്വാരകയിൽനിന്നും പുറത്താക്കി. കൃഷ്ണന്റെ കോടിക്കണക്കിനുള്ള പുത്രപൗത്രാദികൾ മദ്യം കഴിച്ച് തലയ്ക്കു വെളിവില്ലാതെ തമ്മിൽ തല്ലി മരിച്ചു. കൃഷ്ണൻ ഒരമ്പുകൊണ്ട് മരിച്ചു. ഇതാണ് ഭാഗവതത്തിലെ ശ്രീകൃഷ്ണ ഭഗവാന്റെ കഥ.

എസ്ബി 12.13

ഈ അദ്ധ്യായത്തിൽ 18 പുരാണങ്ങളിൽ ഓരോന്നിലും എത്ര ശ്ലോകങ്ങൾ വീതമുണ്ട് എന്ന് വെളിപ്പെടുത്തുന്നു. ഇതോടെ പന്ത്രണ്ടാം സ്കന്ധവും ഭാഗവതപുരാണവും സമാപ്തം.

ഉപസംഹാരം

കേളിന്ദ്രവജ്രയ്ക്കു തതംജഗംഗം എന്ന ലക്ഷണമനുസരിച്ച് ഇന്ദ്രവജ്ര എന്ന വൃത്തത്തിൽ രചിക്കപ്പെട്ട ഒരു ശ്ലോകത്തോടെ ഈ ലേഖനം ഉപസംഹരിക്കുന്നു.

സ്വസ്തി പ്രജാഭ്യ: പരിപാലയന്താം
ന്യായേണ മാർഗ്ഗേണ മഹീം മഹീശ:
ഗോബ്രാഹ്മണേഭ്യ: ശുഭമസ്തു നിത്യം
ലോകാസ്സമസ്താ: സുഖിനോ ഭവന്തു

★★★